KOTTAYAM PUBLIC LIBRARY

Call No 297 Acc. No 75908

Author മുഹമ്മദ് മദനി

Title നബ്യുൽ കരീം (സ)

932

# റസൂൽ കരീം (സ)

KOTTAYAM PUBLIC LIBRARY
75908
KOTTAYAM.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

പ്രസാധകർ:
ഗ്രീൻ ഹൌസ്
കോഴിക്കോട്.

വില : 1–ക.

# RASOOL KAREEM

M 297 Muh-R

By

**K. K. MUHAMMED MADANI**

*(All Rights Reserved to Publishers)*

First Published
1963 JANUARY

Printed at
MASCOT PRESS, CALICUT

PUBLISHERS:
**GREEN HOUSE**
HALVA BAZAAR
CALICUT.

**Re. 1/-**

# ഞങ്ങൾ പറയട്ടെ!

ഞങ്ങളുടെ "പ്രവാചകന്മാർ" ഒന്നും രണ്ടും ഭാഗങ്ങൾ നിങ്ങൾ കണ്ടിരിക്കും. അതിൽനിന്നു് അന്ത്യപ്രവാചകനായ മുഹമ്മദ്മുസ്തഫാ(സ)യുടെ ചരിത്രം മദ്രസ്സാ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും പഠനാർഹമാക്കിത്തീർക്കാൻ പ്രത്യേകം വേർപ്പെടുത്തി പ്രസിദ്ധീകരിച്ചതാണ് "റസൂൽകരീം (സ)"

ഈ പുസ്തകം മലയാളവായനക്കാരായ മുസ്ലിംകൾക്ക്—മദ്രസ്സാ വിദ്യാർത്ഥികൾക്കും, യുവതലമുറക്കും സ്ത്രീജനങ്ങൾക്കും വിശേഷിച്ചും—വളരെ പ്രയോജനമുള്ളതാണെന്നു ഞങ്ങൾ കരുതുന്നു. ഈ ഗ്രന്ഥം എല്ലാ മുസ്ലിം വായനശാലകളിലും മദ്രസകളിലും സ്ഥലം പിടിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷയും പ്രത്യാശയും. ഈ പ്രതീക്ഷയും പ്രത്യാശയും സഫലീകരിപ്പിക്കുവാൻ അല്ലാഹുവിനോടു പ്രാർത്ഥിച്ചുകൊണ്ടു ഈ പുസ്തകം പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

നിങ്ങളുടെ

ഗ്രീൻ ഹൌസ്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

| അദ്ധ്യായങ്ങൾ | | പേജ് |
|---|---|---|
| 1. | നബിയുടെ സ്വദേശം | 5 |
| 2. | നബിയുടെ കുടുംബം | 8 |
| 3. | നബിയുടെ ജനനം | 10 |
| 4. | മാതാവും മരിച്ചു | 15 |
| 5. | സിരിയയിലേക്ക് | 17 |
| 6. | നബിയുടെ വിവാഹം | 22 |
| 7. | നൈരാശ്യം | 29 |
| 8. | എങ്ങും ശത്രുക്കൾ | 34 |
| 9. | ഖുർആനിന്റെ അമാനുഷികത്വം | 38 |
| 8. | മർദ്ദനങ്ങൾ | 41 |
| 9. | മോഹന വാഗ്ദാനങ്ങൾ | 45 |
| 10. | ദുഃഖവത്സരം | 54 |
| 11. | നിശാപ്രയാണവും ആകാശയാത്രയും | 57 |
| 12. | ഇസ്ലാം മദീനയിൽ | 58 |
| 13. | അവിടെയും ശത്രുക്കൾ | 66 |
| 14. | ഇസ്ലാമും വ്യക്തിസ്വാതന്ത്ര്യവും | 69 |
| 15. | ബദർ യുദ്ധം | 72 |
| 16. | ഉഹ്ദ് യുദ്ധം | 74 |
| 17. | ഖന്തഖ് യുദ്ധം | 76 |
| 18. | ഹുദൈബിയാ ഉടമ്പടി | 78 |
| 19. | ഖൈബർ യുദ്ധം | 84 |
| 20. | മക്കാവിജയം | 85 |
| 21. | ഹുനൈൻ യുദ്ധം | 88 |
| 22. | തബൂക്ക് യുദ്ധം | 89 |
| 23. | ഒടുവിലത്തെ ഹജ്ജ് | 98 |
| 24. | നബിയുടെ നിര്യാണം | 101 |
| 25. | പത്നിമാരും സന്തതികളും | 105 |
| 26. | സത്യസന്ധത | 107 |
| 27. | വിനയം | 109 |
| 28. | ഔദാര്യമനസ്ഥിതി | 111 |
| 29. | സഹവാസം | 112 |
| 30. | ഭരണനയം | 114 |
| 31. | ധീരത | 117 |
| 32. | ക്ഷമയും ആദർശസ്ഥിരതയും | 118 |
| 33. | ജീവകാരുണ്യം | 119 |
| 34. | ശത്രുക്കളോടുള്ള പെരുമാറ്റം | 119 |

# റസൂൽ കരിം

"ലോകത്തിന്ന് അനുഗ്രഹമായിട്ടാണ് താങ്കളെ നാം അയച്ചത്" (ഖു21:107)

ക്രിസ്ത്വബ്ദം ആറാം നൂററാണ്ടിൽ മാനവസമുദായം അജ്ഞാനാന്ധകാരത്തിൽകിടന്ന് തപ്പിത്തടയുകയായിരുന്നു. ദൈവബോധം ജനഹൃദയങ്ങളിൽനിന്ന് ഓടിയൊളിച്ചു. ധാർമ്മിക സദാചാരമൂല്യങ്ങൾ മൺമറഞ്ഞു. മനുഷ്യത്വം അസ്തമിച്ചു. കാട്ടാളത്തവും മൃഗീയതയും ലോകത്ത് തളംകെട്ടി. ഇത്തരത്തിലുള്ള ഒരധഃപ്പതനം മനുഷ്യവർഗ്ഗത്തിൻെറ ചരിത്രത്തിലുണ്ടായിട്ടില്ലെന്നുവേണം പറയാൻ. ലോകത്തിൻെറ മററുഭാഗങ്ങളെ അപേക്ഷിച്ച് അറേബ്യൻ ഉപഭൂഖണ്ഡമാണ് ഇക്കാര്യത്തിൽ മുൻപന്തിയിൽ നിന്നിരുന്നത്. അവിടെ നടക്കാത്ത ദുഷ്കൃത്യങ്ങളുണ്ടായിരുന്നില്ല. വിഗ്രഹാരാധന, കള്ളക്കടി, പിടിച്ചുപറി, പരസ്ത്രീഭോഗം, ചൂതാട്ടം തുടങ്ങിയ മനുഷ്യത്വഹീനമായ ചെയ്തികൾ അറബികളുടെ നിത്യതൊഴിലുകളിൽ പെട്ടതായിരുന്നു. ഇതിനെല്ലാംപുറമെ അടിമക്കച്ചവടവും ശിശുഹത്യയും വിപുലമായ തോതിൽ അവിടെ നടന്നുവന്നു. സൈ്വരജീവിതം നയിക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ഗോത്രപ്പോരും വൈരാഗ്യമനസ്ഥിതിയും വെച്ചുപുലത്തുന്നവർക്ക് അതെങ്ങിനെ സാദ്ധ്യ

മാവും? പിതാവും പുത്രനും സ്വസഹോദരന്മാരും തമ്മിൽ കീരിയും പാമ്പുംപോലെയാണ് വർത്തിച്ചിരുന്നത്.

പരിതാപകരമായ ഈ ചുറ്റുപാടിൽ ഒരു സന്മാർഗ്ഗോപദേശകനെ അയച്ച് ലോകത്തെ പൊതുവിലും അറേബ്യയെ പ്രത്യേകിച്ചും ദൈവം രക്ഷിച്ചു. മനുഷ്യവർഗ്ഗത്തിന്ന് അവൻ ചെയ്ത അതിമഹത്തായ ഒരനുഗ്രഹമാണിത്. അന്ന് അവനത് ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ലോകം ആപൽഗർത്തത്തിൽ അകപ്പെട്ടേനേ. ദൈവം കരുണാവാരിധിയാണ്. തന്റെ ദാസന്മാർ ആപത്തിലകപ്പെടുന്നത് അവന്നിഷ്ടമല്ല. അതുകൊണ്ട് രക്ഷാമാർഗ്ഗം ചൂണ്ടിക്കാണിച്ചുകൊടുക്കാൻ അവൻ ഒരു ദൂതനെ നിയോഗിച്ചു. എന്നിട്ടും കണ്ണിറുക്കിച്ചിമ്മി ആപത്തിലേക്കു കുതിക്കുകയാണെങ്കിൽ അത്തരം ഹതഭാഗ്യരുടെ കാര്യത്തിൽ പരിതപിക്കുകയേ നിവൃത്തിയുള്ളൂ.

ലോകത്തിന്ന് അനുഗ്രഹമായി നിയോഗിച്ച ആ ദൂതൻ മുഹമ്മദ്നബി (സ. അ.)യല്ലാതെ മററാരുമല്ല. പ്രവാചകശൃംഖലയിലെ അവസാനത്തെ കണ്ണിയാണദ്ദേഹം. അദ്ദേഹത്തെ അയച്ചതോടുകൂടി ദൈവദൂതന്മാരുടെ പരമ്പര അവസാനിച്ചു. ഇനി ലോകാവസാനംവരെ പ്രവാചകന്മാരുണ്ടാവില്ല; അതിന്നാവശ്യവുമില്ല. കാലദേശവ്യത്യാസമന്യെ എല്ലാവക്കും സ്വീകരിക്കാൻ പററിയ പരിപാടിയാണ് മുഹമ്മദ്നബി (സ. അ.) ലോകത്തോട് പ്രബോധനം ചെയ്തത്. ആ പരിപാടിയത്രെ പരിപൂർണ്ണ ഇസ്ലാം. ഈ മതം പ്രബോധനം ചെയ്യുംനാണ് സമസ്തപ്രവാചകന്മാരും നിയോഗിക്കപ്പെട്ടത്. പക്ഷെ മുഹമ്മദ്നബിയോടുകൂടിയാണ് അതു പൂർണ്ണരൂപം പ്രാപിച്ചതെന്നുമാത്രം. അതിന്നുമുമ്പ് അത് പരിപൂർണ്ണമോ എല്ലാ കാലത്തിന്നും പ്രായോഗികമോ ആയിരുന്നില്ല. ഓരോ ഘട്ടത്തിലും ജനങ്ങളുടെ ബുദ്ധിവികാസത്തിന്നനുസരിച്ച് പല ഭേദഗതി

കളും അതിൽ വരുത്തിയിട്ടുണ്ട്. ഒടുവിൽ അത് പരിപൂർണ്ണമാക്കപ്പെട്ടു. മനുഷ്യരാശിയുടെ വിജയപരാജയങ്ങൾക്ക് നിദാനമായ ആ ദൈവികമതത്തിന്റെ അന്ത്യപ്രബോധകൻ മുഹമ്മദ് നബി(സ. അ )യാണ്.

ഇസ്ലാംമതതത്വങ്ങളുടെ സമാഹാരമാണ് ഖുർആൻ. അതിന് പ്രവാചകൻ നല്കിയ വിശദീകരണത്തിന്ന് ഹദീസ് (നബിചര്യ) എന്നു പറയുന്നു. ഖുർആൻ ലോകാവസാനംവരെ നശിക്കുകയില്ല. അത് മാററാനോ മറിക്കാനോ ആർക്കും സാദ്ധ്യവുമല്ല. വള്ളിക്കും പുള്ളിക്കും വ്യത്യാസം സംഭവിക്കാതെ ആ വിശിഷ്ടഗ്രന്ഥം അവശേഷിക്കും. ഖുർആൻ ലഭിച്ചിട്ട് ഇപ്പോൾ 13നൂറാണ്ടുകൾ പിന്നിട്ടു. ഇതേവരെ തെല്ലും മാററം അതിന്നുണ്ടായിട്ടില്ല. ഏത് രാജ്യത്തുള്ള ഖുർആൻ പരിശോധിച്ചാലും അതെല്ലാം ഒരേരീതിയിലുള്ളതായിരിക്കും. "നാമാണ് ഖുർആൻ അവതരിപ്പിച്ചത്. അതിനെ നാംതന്നെ കാത്തുസൂക്ഷിക്കു"മെന്ന് അല്ലാഹു പ്രവചിച്ചിട്ടുള്ളതിന്റെ പുലർച്ചയാണിത്. ഖുർആൻ നശിക്കാതെ അവശേഷിക്കുന്ന കാലത്തോളം ഒരു പ്രവാചകന്റെ ആവശ്യമില്ല. അത് പഠിച്ചറിയുകയേ വേണ്ടൂ. ഇസ്ലാംമതനിയമങ്ങൾ വ്യക്തമായ ഭാഷയിലാണ് അതിൽ വിവരിച്ചിട്ടുള്ളത്. പോരാത്തതിന്നു ഹദീസുമുണ്ട്. അതു രണ്ടും മനസ്സിലാക്കി ജീവിക്കുന്നവർ ഒരുകാലത്തും പിഴച്ചുപോവില്ല. ഈ സൌകര്യം ഏർപ്പെടുത്തിക്കൊണ്ടാണ് പ്രവാചക പരമ്പരക്ക് അല്ലാഹു പൂർണ്ണവിരാമമിട്ടത്.

തന്റെ മുൻഗാമികൾക്കില്ലാത്ത പല പ്രത്യേകതകളും കഥാപുരുഷനുണ്ട്. മിക്ക പ്രവാചകന്മാരും അദ്ദേഹത്തിന്റെ ആഗമന വിവരം തന്താങ്ങളുടെ അനുയായികൾക്ക് നല്കിയിരുന്നുവെന്നതുതന്നെ ഇതിന്നൊരു തെളിവാണ്. മുഹമ്മദ്നബിയുടെ ഏററവും അടുത്ത മുൻഗാമികളാണ് മൂസാനബിയും

ഈസാനബിയും. അവരും ഈ വിവരം ജനങ്ങളെ അറിയിക്കാതിരുന്നിട്ടില്ല. മൂസാനബിക്ക് അവതീർണ്ണമായ വേദഗ്രന്ഥമാണല്ലോ തൗറാത്ത്. അതിൽ ഒരിടത്ത് അദ്ദേഹത്തോടായി അല്ലാഹു പറയുന്നതിപ്രകാരമാണ്. "നിന്നെപ്പോലെയുള്ള ഒരു പ്രവാചകനെ ഞാൻ അവരിൽനിന്നുതന്നെ എഴുന്നേല്പിക്കും. എൻെറ വചനങ്ങൾ അദ്ദേഹത്തിൻെറ വായിലൂടെ പുറത്തുവരും. എൻെറ ആജ്ഞകളെക്കുറിച്ച് അദ്ദേഹം അനുയായികളോടു് സംസാരിക്കും. എൻെറ പേരിലുള്ള അദ്ദേഹത്തിൻെറ പ്രസ്താവനകളെ പിൻപററാത്തവരെ ഞാൻ ശിക്ഷിക്കുന്നതാണ്. സ്വയം അഹങ്കരിച്ച് എൻെറ പേർ പറയാൻ മടിക്കുകയും ഞാൻ കല്പിച്ചിട്ടില്ലാത്ത കാര്യങ്ങൾ സ്വന്തമായി ഉപദേശിക്കുകയും അല്ലെങ്കിൽ പരദേവതകളുടെ പേരിൽ സംസാരിക്കുകയും ചെയ്യുന്നവർ നാശമടയാതിരിക്കില്ല. സത്യദൂതനേയും അസത്യദൂതനെയും വേർതിരിച്ചറിയണമെങ്കിൽ നീ ഉപ്പറഞ്ഞ ലക്ഷണം നോക്കിയാൽമതി."

മുഹമ്മദ്നബി (സ. അ.) യുടെ ആഗമനത്തെക്കുറിച്ച് ദൈവം മൂസാനബിക്ക് മുൻകൂട്ടി വിവരം നല്കിയിരുന്നുവെന്ന് മേൽപ്രസ്താവനയിൽനിന്നു് ഗ്രാഹ്യമാണല്ലോ. അത് ആ പ്രവാചകൻ തൻെറ അനുയായികളെ അറിയിക്കുകയും ചെയ്തിരുന്നു. ഈസാനബിയും ഈ പ്രവചനം നടത്തിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ ചരിത്രത്തിൽ അത് സൂചിപ്പിച്ചിട്ടുള്ളത് ഓർക്കുമല്ലോ. ''എനിക്കുശേഷം അഹ്മദ് എന്നു പേരുള്ള ഒരു പ്രവാചകൻ വരുമെന്നു് സന്തോഷവാർത്തയറിയിക്കുന്നവനാണ് ഞാൻ" എന്നു് ഈസാനബി പ്രസ്താവിക്കുകയുണ്ടായി. ആ പ്രവാചകൻെറ ഏതാനും അടയാളങ്ങളും അദ്ദേഹം അനുയായികാക്ക് പറഞ്ഞുകൊടുത്തു. ''ലോകത്തെ അദ്ദേഹം പാപങ്ങളിൽനിന്നു് മുക്തമാക്കും. ജനങ്ങാക്ക് അദ്ദേഹം അഖിലസ

ത്യങ്ങളും പഠിപ്പിക്കും. സ്വാഭിപ്രായമനുസരിച്ചല്ല അദ്ദേഹം സംസാരിക്കുക. ദൈവത്തിന്റെ ഭാഗത്ത് നിന്ന് കേൾക്കുന്നത് മാത്രമേ ആ പ്രവാചകൻ പറയുകയുള്ളൂ."

മുഹമ്മദ് നബി (സ. അ.) യൊഴിച്ചുള്ള പ്രവാചകന്മാരുടെയെല്ലാം പ്രബോധനപരിധി വളരെ പരിമിതമായിരുന്നു. ഏതെങ്കിലും ഒരു പ്രദേശത്തുള്ളവരെമാത്രം ഉപദേശിക്കുകയായിരുന്നു ഓരോരുത്തരുടെയും ബാദ്ധ്യത. മററിടങ്ങളിലുള്ളവരെ ഗുണദോഷിക്കേണ്ട ആവശ്യം അവർക്കുണ്ടാവില്ല. ഉദാഹരണമായി ഫലസ്തീനിൽ ഒരു ദൂതൻ നിയമിക്കപ്പെട്ടുവെന്നിരിക്കട്ടെ, അദ്ദേഹം അവിടെമാത്രം പ്രവർത്തിച്ചാൽമതി. അയൽനാട്ടുകളിലുള്ളവരെ ഉപദേശിക്കേണ്ടതില്ല. അവർക്ക് അദ്ദേഹത്തിന്റെ പ്രബോധനം സ്വീകരിച്ചുകൊള്ളണമെന്നുമില്ല. ഇതായിരുന്നു എല്ലാ പ്രവാചകന്മാരുടെയും സ്ഥിതി. മുഹമ്മദുനബിമാത്രം ഇക്കാര്യത്തിൽ വ്യത്യസ്തനാണ്. ഏതെങ്കിലും ഒരു വിഭാഗത്തെയോ പ്രദേശത്തുകാരെയോ ഉപദേശിക്കാനല്ല അദ്ദേഹത്തെ അയച്ചത്. അഖിലലോക പ്രവാചകനാണദ്ദേഹം. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രബോധനം എല്ലാവർക്കും ബാധകമാണ്. കാലത്തിന്റെ പരിധിയും അദ്ദേഹത്തിന്റെ കാര്യത്തിലില്ല. എല്ലാ കാലക്കാർക്കും സ്വീകാര്യനാണദ്ദേഹം. ഇങ്ങിനെ കാലദേശ പരിമിതയില്ലാത്ത പ്രവാചകൻ അദ്ദേഹം മാത്രമേയുള്ളൂ. മുഹമ്മദ് നബിയുടെ സവിശേഷതകളിലൊന്നാണിത്.

## നബിയുടെ സ്വദേശം

അന്ത്യപ്രവാചകൻ ജനിച്ചത് മക്കയിലാണ്. അറേബ്യൻ ഉപഭൂഖണ്ഡത്തിൽപെട്ട ഹിജാസ് സംസ്ഥാനത്തിലാണു ഈ പട്ടണം സ്ഥിതിചെയ്യുന്നതു്. മക്ക പണ്ടുപണ്ടേ ചരിത്ര

പ്രധാനമാണ്. അവിടെയാണല്ലോ ദൈവഗേഹമായ കഅബ. ലോകത്തിന്റെ വിവിധകോണുകളിൽനിന്നു തീർത്ഥാടനത്തിനായി ജനങ്ങൾ മക്കയിൽ വരിക പതിവായിരുന്നു. നൂററാണ്ടുകൾക്കുമുമ്പ് ഇസ്മാഈൽനബിയും മാതാവുമാണ് ആ വിജനപ്രദേശത്തെ നിവാസയോഗ്യമാക്കിയതും ജനങ്ങളെ അങ്ങോട്ട് ആകർഷിച്ചതും. കാലക്രമത്തിൽ ഇസ്മാഈൽനബിയുടെ സന്തതികൾ മക്കയിലും അയൽനാട്ടുകളിലും വർദ്ധിച്ചുവന്നു. അവിടത്തെ നിവാസികളിലധികവും അദ്ദേഹത്തിന്റെ കുടുംബപരമ്പരയിൽ പെട്ടവരാണ്. അതായത് ഇബ്രാഹീംനബി (അ)യുടെ സന്താനപരമ്പരയിൽ ജനിച്ചവർ.

അറേബ്യയിൽ ഗണ്യമായ ഒരു വിഭാഗം ജൂതന്മാരും ക്രിസ്ത്യാനികളുമായിരുന്നു. മററുള്ളവരെല്ലാം, തങ്ങൾ ഇബ്രാഹീം നബിയുടെ മതക്കാരാണെന്നാണ് അവകാശപ്പെട്ടിരുന്നത്. ഇത് അർത്ഥശൂന്യമായ ഒരവകാശവാദമായിരുന്നുവെന്നതിന്ന് അവരുടെ പ്രവർത്തനം തെളിവാണ്. അറബികൾ ബിംബാരാധകന്മാരായിരുന്നു. ബിംബങ്ങളോട് സങ്കടമുണർത്തുന്നതിലും അവയ്ക്ക് നേർച്ച വഴിപാടുകൾ നടത്തുന്നതിലുമാണ് അവർ മോക്ഷം കണ്ടെത്തിയിരുന്നത്. എന്നിരിക്കെ ഇബ്രാഹീം നബിയുടെ മതവുമായി അവർക്കെങ്ങിനെ ബന്ധമുണ്ടാവാനാണ്? വിഗ്രഹങ്ങളെ തല്ലിയുടക്കുകയും വിഗ്രഹാരാധനയെ ശക്തിയുക്തം എതിർക്കുകയുമാണ് ആ മഹാൻ ചെയ്തത്.

അറേബ്യയിൽ മോഷണവും കവർച്ചയും സർവ്വസാധാരണമായിരുന്നുവെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ഭൂമിശാസ്ത്രപരമായ കാരണമാണ് അതിന്റെ പിന്നിലുണ്ടായിരുന്നത്. അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ സിംഹഭാഗവും മരുഭൂമിപ്രദേശങ്ങളാണ്. മഴയുടെ ദൌർല്ലഭ്യവും ഉഷ്ണത്തിന്റെ ആധിക്യവും മൂലം പറയത്തക്ക കാർഷികോല്പന്നങ്ങളൊന്നും അവിടെയുണ്ടാ

യിരുന്നില്ല. ഈത്തപ്പനയും മുന്തിരിവള്ളിയും മാത്രമാണ് സമൃദ്ധമായി വളൎന്നിരുന്നത്. ധാന്യങ്ങളും ഫലങ്ങളും വിരളമായതുകൊണ്ട് ക്ഷാമം ആ പ്രദേശത്തുകാരെ വിട്ടുപിരിഞ്ഞില്ല. ചിലരെല്ലാം കച്ചവടംചെയ്തും ആടുമാടുകളെ വളൎത്തിയും ഉപജീവനം കഴിച്ചിരുന്നുവെങ്കിലും ഭൂരിഭാഗവും ജീവിതായോധനത്തിന്ന് മാൎഗ്ഗമില്ലാതെ കഷ്ടപ്പെടുന്നവരായിരുന്നു. മോഷണത്തിനും കവൎച്ചക്കും അറബികളെ പ്രേരിപ്പിച്ചത് ഈ പരിതസ്ഥിതിയാണ്.

ഇന്നത്തെപ്പോലെ വ്യവസ്ഥാപിതമായ ഭരണകൂടങ്ങൾ അക്കാലത്ത് അറേബ്യയിലുണ്ടായിരുന്നില്ല. നാട്ടുമൂപ്പന്മാരും പൌരപ്രധാനികളും തോന്നിയപ്രകാരം ഭരണം നടത്തുന്ന കാലമായിരുന്നു അത്. ബഹുജനങ്ങളുടെ താല്പൎയ്യങ്ങളെക്കാളുപരി സ്വന്തം താല്പൎയ്യങ്ങൾക്കാണ് അവർ പ്രാധാന്യം കല്പിച്ചിരുന്നത്. തദ്വാരാ അനീതിയും അക്രമവും രാഷ്ട്രീയരംഗത്ത് കൊടുമ്പിരിക്കൊണ്ടു.

സാമൂഹ്യവും ധാൎമ്മികവും ഭരണപരവുമായ തുറകളിൽ അങ്ങേഅറ്റം അധഃപ്പതിച്ചവരാണെങ്കിലും ചില സൽഗുണങ്ങളും അറബികൾക്കുണ്ടായിരുന്നു. വാഗ്ദത്തപാലനത്തിലും അതിഥിസ്വീകരണത്തിലും അവർ അമാന്തം കാണിച്ചിരുന്നില്ല. ജീവൻ ബലികഴിച്ച് വാക്ക് പാലിക്കാനും കയ്യിലുള്ളതെല്ലാം ചിലവഴിച്ച് അതിഥികളെ സല്ക്കരിക്കാനും അവർ സന്നദ്ധരായിരുന്നു. ഇതിന്നും പുറമെ ധീരത, ഭാഷാശുദ്ധി, ബുദ്ധികൂൎമ്മത മുതലായ കാര്യങ്ങളിലും അവർ മുന്നണിയിൽ തന്നെയാണുണ്ടായിരുന്നത്.

ചില നല്ല വശങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. അറബികളിൽ ഇഴുകിച്ചേൎന്ന ദുൎഗ്ഗുണങ്ങളെ അപേക്ഷിച്ച് ഇത് വെറും നിസ്സാരമാണെന്നു പറയേണ്ടതില്ലല്ലോ.

ബഹുമുഖങ്ങളായ ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും അവിടെ നിർബ്ബാധം നടന്നുവന്നു. അതുകൊണ്ട് ഇസ്ലാമിന്റെ പുനരാഗമനത്തിന്നുമുമ്പുള്ള അറബികളെപ്പററി ജാഹിലിയ്യ കാലക്കാർ എന്നാണ് പറയുക.

നബി ശൈശവംമുതൽ അമ്പത്തിമൂന്നുവയസ്സാവുന്നതുവരെ മക്കയിൽതന്നെയാണ് ജീവിച്ചത്. പിന്നീട് അദ്ദേഹം മദീനയിലേക്കുപോയി. പത്തുകൊല്ലക്കാലം അവിടെയും ജീവിച്ചു. മദീനയിൽവെച്ചാണ് കഥാപുരുഷൻ ഇഹലോകവാസം വെടിഞ്ഞതു്. മക്കയെപ്പോലെ മദീനയും ഹിജാസ് സംസ്ഥാനത്തിൽപെട്ട ഒരു പട്ടണമാണ്.

## നബിയുടെ കുടുംബം

നാം ഏതെങ്കിലും പറമ്പിന്റെയോ വീട്ടിന്റെയോ പേരിനെ അടിസ്ഥാനമാക്കിയാണ് കുടുംബപ്പേർ പറഞ്ഞുവരാർ. ഈ സമ്പ്രദായം അറേബ്യയിലില്ല. തങ്ങളുടെ പിതാമഹന്മാരുടെ പേരാണ് അതിന്നവർ ഉപയോഗപ്പെടുത്തുന്നത്. അതുകൊണ്ട് മുൻകഴിഞ്ഞ പല തലമുറകളേയും ഓർക്കുവാൻ അവക്ക് കഴിയുന്നു. സ്വന്തം പിതാമഹന്മാരുടെ പേർപോലും അറിയാത്തവരാണ് നമ്മിൽ പലരും. എന്നാൽ അറബികൾ ക്കാവട്ടെ പത്തും ഇരുപതും പിതാമഹന്മാരെ വഴിക്കുവഴി പറയാൻ കഴിയുന്നു. തങ്ങളുടെ കുടുംബപ്പേര് അവരുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്നതാണ് അതിന്നു കാരണം.

അറബികളിൽ പല ഗോത്രങ്ങളുമുണ്ട്. ഓരോ ഗോത്രത്തിന്നും ശാഖകളും ഉപശാഖകളും വേറെയുമുണ്ട്. ഒരേ ഗോത്രക്കാരാണെങ്കിലും ഓരോ പിതാവിന്റെ സന്തതികൾ അയാളുടെ പേരിൽ അറിയപ്പെടുന്ന ഒരു പ്രത്യേകശാഖയായി തിരിയുന്നു. അറേബ്യയിൽ സ്വാധീനവും കീർത്തിയുമുണ്ടായിരുന്നത്

ഖുറൈശി ഗോത്രത്തിന്നാണ്. നബിയുടെ പത്താമത്തെ പിതാമഹനാണ് ഫിഹ്ർ. അദ്ദേഹത്തിന് ഖുറൈശ് എന്ന സ്ഥാനപ്പേരുണ്ടായിരുന്നു. അതിൽനിന്നാണ് ഖുറൈശി എന്ന പദത്തിന്റെ ഉത്ഭവം. അതായത്, ഫിഹ്റിന്റെ സന്താനപരമ്പരയിൽ പിറന്നവർക്ക് ഖുറൈശി ഗോത്രക്കാർ എന്നു പറയുന്നു. അറേബ്യയിൽ ഇതിനോളം വലുപ്പവും പ്രതാപവുമുള്ള ഗോത്രങ്ങളുണ്ടായിരുന്നില്ല. മക്കയിലും പരിസരനാട്ടുകളിലും ഖുറൈശികൾതന്നെയായിരുന്നു അധികവും. അയൽരാജ്യങ്ങളിൽ നല്ല സ്വാധീനശക്തിയും കീർത്തിയുമാണ് അവർക്കുണ്ടായിരുന്നത്. മിക്ക അറബികളും ഇബ്രാഹിംനബിയുടെ സന്താനപരമ്പരയിൽപ്പെട്ടവരാണെന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്. മുകളിൽ വിവരിച്ച ഫിഹ്റും അതിലുൾപ്പെടുന്നു. കഅ്ബയുടെ മേൽനോട്ടം ഖുറൈശികളുടെ കയ്യിലാണുണ്ടായിരുന്നത്. അവരുടെ സ്വാധീനത്തിന്നും പ്രാപ്തിക്കും ഇതു വലിയൊരു തെളിവാണ്. ചുരുക്കിപ്പറഞ്ഞാൽ ഖുറൈശികളുടെ സമീപത്തു നില്ക്കാൻ യോഗ്യതയുള്ളവർ അറേബ്യയിലെവിടെയും ഉണ്ടായിരുന്നില്ല.

പ്രസിദ്ധമായ ഈ ഗോത്രത്തിലാണ് മുഹമ്മദ്നബി (സ. അ) ജനിച്ചത്. ബനൂഹാശിം, ബനൂമുത്തലിബ്, ബനൂ ഉമയ്യ എന്നിങ്ങിനെ പല ശാഖകളും ഖുറൈശിവംശത്തിലുണ്ട്. നബി ഹാശിംശാഖയിലുൾപ്പെടുന്നു. പിതാവ് വഴിക്കുള്ള രണ്ടാമത്തെ പിതാമഹനാണ് ഹാശിം. അദ്ദേഹത്തിന്റെ മക്കൾക്കും മക്കളുടെ മക്കൾക്കും ബനൂഹാശിം (ഹാശിംസന്തതികൾ) എന്നു പറയുന്നു.

അബ്ദുല്ലയുടേയും ആമിനയുടെയും പുത്രനാണ് കഥാപുരുഷൻ. ഇവർ രണ്ടുപേരും ഖുറൈശിവംശജരത്രെ. അബ്ദുല്ലയുടെ നാലാമത്തെ പിതാമഹനാണ് ഹക്കീം. ഇദ്ദേഹം ആമി

നായുടെ മൂന്നാമത്തെ പിതാമഹനുംകൂടിയാണ്. ഹക്കീമിന്നു ഖുസയ്യ് എന്നും സുഹ്റ എന്നും പേരായ രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവരുടെ സന്തതികൾ രണ്ടു ശാഖയായി പിരിഞ്ഞു. അബ്ദുല്ല ഖുസയ്യിൻെറ സന്താനപരമ്പരയിലും ആമിന സുഹ്റയുടെ സന്താനപരമ്പരയിലും ജനിച്ചു.

നബിയുടെ പിതാവ് വഴിക്കുള്ള പിതാമഹന്മാർ താഴെ പറയുന്നവരാണ്. അബ്ദുല്ല. അബ്ദുൽമുത്തലിബ് (ശൈബത്തുൽഹംദ്), ഹാശിം, അബ്ദുമനാഫ്, ഖുസയ്യ്, ഹക്കീം, മുർറത്ത്, കഅബ്, ലുഅയ്, ഗാലിബ്, ഫിഹ്ർ, മാലിക്, നസ്ർ, കിനാനത്ത്, ഖുസൈമത്ത്, മുദ്രിക്കത്ത്, ഇൽയാസ്, മുസർ, നിസാർ, മുഅദ്ദ്, അദ്നാൻ. ഈ കുടുംബപരമ്പര ചെന്നവസാനിക്കുന്നത് ഇബ്രാഹീംനബിയുടെ പുത്രൻ ഇസ്മാഈൽനബിയിലാണ്. അതുകൊണ്ടു് മുഹമ്മദ് നബി (സ. അ.) ഇബ്രാഹീം (അ)ൻെറ കുടുംബമാണെന്നു് പറയേണ്ടതില്ലല്ലോ. മാതാവ് വഴിക്കുള്ള അദ്ദേഹത്തിൻെറ പിതാമഹന്മാർ ഇവരാണ്. ആമിന, വഹബ്, അബ്ദ്മനാഫ്, സുഹ്റത്ത്, ഹക്കീം. അവിടുന്നങ്ങോട്ടു് രണ്ടു കുടുംബവും ഒന്നുതന്നെയാണ്.

## നബിയുടെ ജനനം

റബീഉൽ അവ്വൽ 12-ാംനു- തിങ്കളാഴ്ച പ്രഭാതത്തിന്ന് അല്പംമുമ്പായി നബിതിരുമേനി ഭൂജാതനായി. അന്ന് ക്രിസ്താബ്ദം 571 ഏപ്രിൽ 21നു-യായിരുന്നു. റബീഉൽഅവ്വൽ 9നാണെന്നും ഒരുപക്ഷമുണ്ടു്. ആനക്കലഹവത്സരമാണ് അന്ന് അറേബ്യയിൽ പ്രചാരത്തിലുണ്ടായിരുന്നത്. അബിസീനിയൻ സൈന്യത്തലവനായ അബ്റഹത്ത് കഅബ പൊളിക്കാൻ സൈന്യസമേതം മക്കയിലേക്ക് മാർച്ച്ചെയ്തു. പക്ഷെ

തന്റെ പരിപാടി നടപ്പിലാക്കാൻ അയാൾക്ക് കഴിഞ്ഞില്ല ദൈവത്തിന്റെ ഭാഗത്തുനിന്നുണ്ടായ ശിക്ഷ അബ്റഹത്തി നേയും പട്ടാളത്തേയും നിശ്ശേഷം നശിപ്പിച്ചു. ഈ സംഭവത്തെ ആസ്പദമാക്കിയാണ് ആനക്കലഹവത്സരം എണ്ണിവരുന്നത്. നബി ജനിക്കുമ്പോൾ അതു സംഭവിച്ചിട്ട് അമ്പതു ദിവസമേ ആയിരുന്നുള്ളു.

മാതാവിന്റെ ഉദരത്തിൽനിന്നു പ്രസവിച്ചു വീഴുമ്പോൾ നബിയുടെ ദേഹത്തിൽ തീരെ മാലിന്യമുണ്ടായിരുന്നില്ല. തേജസ്സുററതായിരുന്നു ആ ശിശുവിന്റെ ശരീരം. കൈ നിലത്തു വെച്ച്, ശിരസ്സുയർത്തി, ആകാശത്തിലേക്ക് ദൃഷ്ടിതിരിച്ചാണ് അദ്ദേഹം ഈ ലോകത്ത് വന്നത്. ഇതു അദ്ദേഹത്തിന്റെ അഭ്യുന്നതിയേയും പ്രസിദ്ധിയേയും കുറിക്കുന്നു.

ലോകാനുഗ്രഹിയായ ആ പ്രവാചകന്റെ ജനനദിവസം വിസ്മയാവഹങ്ങളായ പല സംഭവങ്ങൾക്കും സാക്ഷിനിന്നു. ദുർമ്മാർഗ്ഗിയും സ്വേച്ഛാധിപതിയുമായിരുന്ന കിസ്റാ ചക്രവർത്തിയുടെ കോട്ട കൊത്തളങ്ങൾ പെട്ടെന്നു തകർന്നു. ഭദ്രവും സുശക്തവുമായ അതിന്റെ മതിൽക്കെട്ടുകൾ പൊട്ടിപ്പിളരാൻ പറയത്തക്ക കാരണങ്ങളൊന്നുമുണ്ടായിരുന്നില്ല. അഹങ്കാരത്തിന്റെയും സ്വേച്ഛാപ്രമത്തതയുടെയും കനത്ത കരിങ്കൽ ഭിത്തികൾ തട്ടിത്തകർക്കുന്ന ഒരു ലോകപരിഷ്കർത്താവ് ഭൂജാതനായിട്ടുണ്ടെന്നുള്ള സൂചന മാത്രമാണ് അതിൽ അടങ്ങിയിരുന്നതു്.

പേർഷ്യക്കാർ അഗ്നിആരാധകന്മാരായിരുന്നു. തങ്ങൾക്കു ആരാധിക്കാനായി അവർ ഒരു അഗ്നികുണ്ഡമുണ്ടാക്കി. അതു നിരന്തരമായി കത്തിക്കൊണ്ടിരുന്നു. ഒരിക്കലും അതു അണഞ്ഞിരുന്നില്ല. ആയിരം കൊല്ലത്തോളമായി തുടർച്ചയായി കത്തിവരികയായിരുന്നു ആ അഗ്നികുണ്ഡം. പെട്ടെന്നൊരു പ്രഭാതത്തിൽ അതു പൊലിഞ്ഞു. പേർഷ്യക്കാർക്ക് ഒരസാധാരണസംഭവമാ

യിരുന്നു അത്. എന്താണതിന്നു കാരണമെന്നു അവർ വേവലാതിയോടെ അന്വേഷിച്ചു. അപ്പോഴാണ് നബിയുടെ ജനനവാർത്ത അവരറിഞ്ഞത്. പേഷ്യയിൽ മറെറാരത്ഭുതസംഭവം കൂടി വെളിപ്പെട്ടു. നബിയുടെ ജനനദിവസം അവിടത്തെ നദികളും ഉറവിടങ്ങളും വററിപ്പോയി. ലോകത്തു ഒരു മഹാസംഭവം നടന്നിട്ടുണ്ടെന്നും അടുത്തകാലത്തായി വലിയ മാററങ്ങളുണ്ടാവുമെന്നും വിളിച്ചോതുന്ന കാര്യങ്ങളായിരുന്നു ഇതെല്ലാം.

അബൂതാലിബിൻെറ വസതിയിലാണ് നബി ജനിച്ചത്. അദ്ദേഹത്തിൻെറ പിതൃവ്യനാണ് അബൂതാലിബ്. പ്രസവിച്ച ഉടനെ പിതാമഹനായ അബ്ദുൽമുത്തലിബിനെ വിവരമറിയിച്ചു. ആ കാരണവർക്ക് വളരെ സന്തോഷമായി. അദ്ദേഹം വേഗത്തിൽ വീട്ടിലെത്തി. അബ്ദുൽമുത്തലിബാണ് ശിശുവിന്നു് മുഹമ്മദ് എന്നു നാമകരണം ചെയ്തതു്. പ്രശംസിക്കപ്പെടുന്നവൻ എന്ന അത്ഥത്തിലുള്ള ഈ പേർ അറബികളിൽ നടപ്പുണ്ടായിരുന്നില്ല. മുഹമ്മദ് എന്നു പേരിടാൻ അബ്ദുൽമുത്തലിബിന്നു് തോന്നിപ്പിച്ചത് ദൈവമാണ്.

പിതാവിൻെറ ലാളനയേൽക്കാൻ നബിക്ക് ഭാഗ്യമുണ്ടായില്ല. അദ്ദേഹം ജനിക്കുന്നതിന്നു് രണ്ടുമാസം മുമ്പ് അബ്ദുല്ല മരിച്ചു. വ്യാപാരാത്ഥം സിരിയയിൽ പോയതായിരുന്നു അദ്ദേഹം. തിരിച്ചുവരുമ്പോൾ രോഗം പിടിപെട്ടു. ഒരു വിധത്തിൽ അദ്ദേഹം മദീനയിലെത്തി. അബ്ദുൽമുത്തലിബിൻെറ അമ്മാമന്മാരായ ബനുന്നജ്ജാർഗോത്രം അവിടെയാണ് താമസിച്ചിരുന്നത്. അബ്ദുൽമുത്തലിബ് അബ്ദുല്ലയുടെ പിതാവാണല്ലോ. പിതാവിൻെറയും പിതാമഹൻെറയും അമ്മാമന്മാരെ അറബികൾ "ഖാൻ" (അമ്മാമൻ) എന്നുതന്നെയാണ് വിളിക്കുക. കുടുംബക്കാരുടെ അടുക്കലെത്തി അധിക നാളുകൾ കഴിയുന്നതിന്നുമുമ്പ് അബ്ദുല്ല ഈ ലോകത്തോട് എന്നെന്നേക്ക

മായിയാത്രപറഞ്ഞു. അന്നു അദ്ദേഹത്തിന്നു് പതിനെട്ടുവയസ്സേ ആയിരുന്നുള്ളു.

ഒരനാഥയായിട്ടാണു് നബി ജനിച്ചതും വളൎന്നതും. പറയത്തക്ക സ്വത്തുമുണ്ടായിരുന്നില്ല. പിതൃസ്വത്തായി അദ്ദേഹത്തിന്നു് വളരെ തുച്ഛമായ ചില സാധനങ്ങളാണു് കിട്ടിയതു്. അഞ്ചു് ഒട്ടകം, കുറച്ചാടുകൾ, ഉമ്മുഐമൻ എന്നു പേരായ ഒരടിമസ്ത്രീ ഇത്രയുമായാൽ ആ പട്ടിക പൂൎത്തിയായി. ഇതുകൊണ്ടു് ഒരാൾക്കു് എന്തിനെ ജീവിക്കാൻ കഴിയും?

പ്രസവിച്ച ഉടനെ മൂന്നു ദിവസത്തോളം നബിക്കു് മുലകൊടുത്തതു് മാതാവു് തന്നെയാണു്. പിന്നീടു് ഏതാനും ദിവസങ്ങൾ സുവൈബ എന്ന സ്ത്രീയും മുലകൊടുത്തു. നബിയുടെ ജനനവൃത്താന്തമറിഞ്ഞു് സന്തോഷഭരിതനായ അബൂലഹബ് മോചിപ്പിച്ചതാണു് ഈ അടിമസ്ത്രീയെ. കഥാപുരുഷന്റെ പിതൃവ്യനായിരുന്നു അബൂലഹബ്.

സാമാന്യം ഭേദപ്പെട്ടവരെല്ലാം തങ്ങളുടെ സന്താനങ്ങളെ മുലകൊടുത്തു വളൎത്താൻ ഗ്രാമീണസ്ത്രീകളെ ഏല്പിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു അറേബ്യയിൽ. ഉന്നത ഗോത്രത്തിൽപെട്ട സ്ത്രീകൾ പ്രസവിച്ചാൽ വളൎത്തമ്മമാർ കൂട്ടംകൂട്ടമായി അവിടെയെത്തും. അതിൽനിന്നു ലഭിക്കുന്ന വരുമാനംകൊണ്ടാണു് പലരും ജീവിച്ചിരുന്നതു്. പക്ഷെ നബിയെ സ്വീകരിക്കാൻ വളൎത്തമ്മമാരാരും മുമ്പോട്ടു വന്നില്ല. അദ്ദേഹം ഒരനാഥയാണെന്നതായിരുന്നു അതിന്നു് കാരണം. പിതാവുണ്ടെങ്കിലേ വളൎത്തമ്മമാൎക്കു് കാൎയ്യമായി എന്തെങ്കിലും ലഭിക്കു. കഥാപുരുഷന്റെ പിതാവു് മറെറാരു ലോകത്താണല്ലോ. അദ്ദേഹത്തെ ഏറെറടുക്കുന്നതു് ലാഭമുള്ള ഏൎപ്പാടായി സ്ത്രീകളാരും ഗണിച്ചില്ല. ഒടുവിൽ സഅദ് ഗോത്രക്കാരിയായ ഹലീമ അബൂതാലിബിന്റെ വീട്ടിൽ എത്തി. അവർ പരമദരിദ്രയായിരുന്നു

അക്കാരണത്താൽ തങ്ങളുടെ ശിശുക്കളെ അവരുടെ കയ്യിലേല്പി ക്കാൻ പലരും മടിക്കാറായിരുന്നു പതിവ്. വേണ്ടത്ര ആഹാരം കൊടുക്കാൻ ഹലീമക്കു കഴിയില്ല. പോഷണപദാർത്ഥങ്ങൾ ലഭിക്കായ്കയാൽ വേണ്ടത്ര പാലുമുണ്ടാവില്ല അതുകൊണ്ടു് പല വീടുകളിൽനിന്നും നിരാശയോടെ മടങ്ങേണ്ടിവന്നിട്ടുണ്ട് അവൾക്കു. മററാരേയും കിട്ടാഞ്ഞതിനാൽ അബ്ദുൽ മുത്തലിബ് പൌത്രനെ ഹലീമയുടെ പക്കലേല്പിച്ചു. അവർ അദ്ദേഹത്തെ വസതിയിലേക്കു കൊണ്ടുപോയി. പെട്ടെന്നു ഹലീമ യുടെ സ്ഥിതിക്കു മാററമുണ്ടായി. മുലപ്പാൽ കുറവായിരുന്നു അവൾക്ക്. പക്ഷെ നബിയെ ഏറെറടുത്തതോടെ അതു ജാസ്തി യായി. മെലിഞ്ഞൊട്ടിയ അവരുടെ ആടുകൾ തടിച്ചുകൊഴുത്തു. അസൂയാർഹമായ സമൃദ്ധിയാണ് ആ കുടുംബത്തിന്നുണ്ടായത്.

ഹലീമക്ക് മക്കളും ഭർത്താവുമുണ്ട്. അബൂകബ്ശ എന്നാണ് ഭർത്താവിൻെറ പേർ. നബി മതപ്രബോധനമാരം ഭിച്ചപ്പോൾ ശത്രുക്കളായ ഖുറൈശികൾ ആ പേരിലാണ് അദ്ദേ ഹത്തെ പരിഹസിച്ചിരുന്നതു്. അബൂകബ്ശയുടെ മകൻ എന്നു പറഞ്ഞു അവരദ്ദേഹത്തെ പുച്ഛിച്ചുതള്ളുക പതിവായിരുന്നു.

നബിതിരുമേനി ഹലീമായുടെ വീട്ടിൽ ജീവിച്ചുതുടങ്ങി. സ്വന്തം മക്കളെപ്പോലെ ഓമനിച്ചും ലാളിച്ചുമാണ് അവർ ആ കുട്ടിയെ വളർത്തിയത്. പോററമ്മയുടെ പുത്രന്മാരോടൊത്തു കഥാപുരുഷൻ വീട്ടിന്നുവെളിയിൽപോയി കളിച്ചുകൊണ്ടി രിക്കും. പക്ഷെ സാധാരണ കുട്ടികളെപ്പോലെ അദ്ദേഹം വികൃതിയിലോ അനാശാസ്യമായ വിനോദങ്ങളിലോ ഏപ്പെട്ടി രുന്നില്ല.

ഇങ്ങിനെ കളിച്ചുകൊണ്ടിരിക്കെ ഒരുനാൾ ശുഭ്രവസ്ത്രധാ രികളായ രണ്ടാളുകൾ നബിയെ പിടിച്ചു മലർത്തിക്കിടത്തി, വയറുകീറി. ഹൃദയത്തിൽനിന്നു് മാലിന്യത്തെ നീക്കംചെയ്തു.

ഇത് മററു കുട്ടികളെ ഭയചകിതരാക്കി. അവർ വീട്ടിൽ ഓടി യെത്തി മാതാപിതാക്കാരാക്ക് വിവരം നല്കി. ഹലീമയും ഭത്താവും വേവലാതിയോടെ സംഭവസ്ഥലത്തേക്ക് പാഞ്ഞു. പക്ഷെ നബി മാത്രമേ അപ്പോരം അവിടെയുണ്ടായിരുന്നുള്ളു. അദ്ദേഹത്തിൻെറ മുഖത്ത് ദൃശ്യമായ ഭാവഭേദം കണ്ടപ്പോരം എന്തോ സംഭവിച്ചിട്ടുണ്ടെന്ന് അവക്ക് ബോദ്ധ്യമായി. അവർ സംഗതിയന്വേഷിച്ചു. ആ ബാലൻ എല്ലാം വിവരിച്ചു കൊടുത്തു. അത് കേട്ടപ്പോരം ഹലീമക്ക് ഉരംക്കിടിലമുണ്ടായി. വല്ല ആപത്തും സംഭവിച്ചാൽ അവരായിരിക്കുമല്ലോ ഉത്തര വാദി.

നബിയുടെ ഹൃദയത്തിൽനിന്ന് മാലിന്യത്തെ അകററാൻ ദൈവം അയച്ച മലക്കുകളായിരുന്നു ആ ശുഭ്രവസ്ത്രധാരികരം. അദ്ദേഹത്തെ ദ്രോഹിക്കുകയായിരുന്നില്ല അവരുടെ ലക്ഷ്യം. എന്നിരുന്നാലും ഹലീമക്കു് മനസ്സമാധാനമുണ്ടായില്ല. ഇനിയും അധികകാലം ഇവിടെത്തന്നെ നിർത്തുന്നത് നന്നല്ലെന്നു കരുതി അവർ വളർത്തുമകനേയുമായി ആമിനയുടെ അടുത്തേക്കുപോയി. തൻെറ സമ്പൽസമൃദ്ധിക്ക് ഹേതുഭൂതനായ ആ ബാലനെ തിരി ച്ചേൽപിക്കുന്നതിൽ ഹലീമക്ക് തീരെ സന്തോഷമുണ്ടായിരു ന്നില്ല. പക്ഷെ, അന്യകുട്ടികളെ എന്നെന്നും നിത്താൻ കഴി യുമോ? അവർ മനസ്സില്ലാ മനസ്സോടെ അദ്ദേഹത്തെ സ്വമാതാ വിൻെറ കയ്യിൽ തിരിച്ചേൽപിച്ചു. അപ്പോരം അദ്ദേഹത്തിന് നാലു വയസ്സ് പ്രായമായിരുന്നു.

## മാതാവും മരിച്ചു

പിന്നീട് ആമിനയാണ് മകനെ ഓമനിച്ചു വളർത്തി യത്. നബിക്ക് ആറു വയസ്സായപ്പോരം അവർ മദീനായി ലേക്ക് പോയി, ഭർത്താവിൻെറ അമ്മാമന്മാരായ ബനുന്നജ്ജാർ

ഗോത്രക്കാരെ സന്ദർശിക്കാൻ. മകനുമുണ്ടായിരുന്നു കൂടെ. കുറച്ചു ദിവസം മദീനയിൽ താമസിച്ചശേഷം അവർ സ്വദേശത്തേക്ക് തിരിക്കയായിരുന്നു. വഴിക്കുവെച്ച് ആമിന രോഗബാധിതയായി. മദീനയുടെ സമീപത്തുള്ള അബവാഅ് എന്ന പ്രദേശത്തുവെച്ചു അവർ അന്ത്യശ്വാസം വലിച്ചു. മരിക്കുമ്പോൾ ആമിനക്ക് 20 വയസ്സേ ആയിരുന്നുള്ളു.

ഇതോടെ കഥാപുരുഷൻ പരിപൂർണ്ണ അനാഥനായിത്തീർന്നു. പിന്നീട് അദ്ദേഹത്തിൻെറ സംരക്ഷണഭാരം ഏറെറടുത്തത് പിതാമഹൻ അബ്ദുൽമുത്തലിബാണ്. പിതാവിൽനിന്നു അനന്തരമായി ലഭിച്ച ഉമ്മുഐമൻ എന്ന അടിമസ്ത്രീ ആ ആറുവയസ്സുകാരനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. അബ്ദുൽമുത്തലിബ് സ്വന്തം മക്കളെക്കാൾ സ്നേഹിച്ചിരുന്നു അദ്ദേഹത്തെ. അസാധാരണമായ ബുദ്ധിസാമത്ഥ്യവും തൻേറടവും കണ്ട് തലനരച്ച ആ കാരണവർ തൻെറ പൌത്രന്ന് ശോഭനമായ ഒരു ഭാവിയുണ്ടെന്നു് മനസ്സിലാക്കിയിരുന്നു. അതിനാൽ അദ്ദേഹം നബിയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. പക്ഷെ അതും അധികാലം നീണ്ടുനിന്നില്ല. രണ്ടു കൊല്ലമായപ്പോഴേക്കും അബ്ദുൽമുത്തലിബും മരണപ്പെട്ടു. പൌത്രനെ അല്ലലറിയാതെ വളർത്തണമെന്നു് സ്വപുത്രൻ അബൂതാലിബിനോട് ഉപദേശിച്ചുകൊണ്ടാണ് അദ്ദേഹം കണ്ണടച്ചത്. അതനുസരിച്ച് പിതൃവ്യൻ നബിയെ വളർത്തിവന്നു. അബൂതാലിബിന്നു് സ്വത്തൊന്നുമുണ്ടായിരുന്നില്ല. അതോടൊപ്പം കുടുംബഭാരമുള്ള ആളുമായിരുന്നു. എന്നിരുന്നാലും സഹോദരപുത്രൻെറ സുഖജീവിതത്തിൽ അദ്ദേഹം ശ്രദ്ധിച്ചു. പിതൃവ്യൻെറ വിഷമാവസ്ഥ നബി തികച്ചും മനസ്സിലാക്കി. അദ്ദേഹം അയാളെ ബുദ്ധിമുട്ടിച്ചിരുന്നില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന പ്രകൃതക്കാരനായിരുന്നു കഥാപുരുഷൻ.

ചെറുപ്പന്നേ അദ്ധ്വാനശീലനായിട്ടാണ് നബി വളന്നത്. ആട്ടുകളെ മേക്കലായിരുന്നു അക്കാലത്ത് കുട്ടികളുടെ പ്രധാന ജോലി. അതിൻെറ ബാലപാഠങ്ങൾ അദ്ദേഹം വളത്തമ്മയുടെകൂടെയായിരുന്നപ്പോൾ മനസ്സിലാക്കിയിരുന്നു. നബി ആ ജോലിയിൽ ഏപ്പെട്ടു. അതിൽനിന്നു കിട്ടുന്ന വരുമാനം മുഴുവൻ അദ്ദേഹം രക്ഷിതാവിൻെറ പക്കലാണ് ഏൽപിച്ചിരുന്നത്. തന്മൂലം അബൂതാലിബിന്നു കുറച്ചൊക്കെ ആശ്വാസം കൈവന്നു. യുവത്വത്തിലേക്ക് കാലെടുത്തുവെച്ചതോടെ ആട്ടുകളെ മേക്കുന്നജോലി നബി ഉപേക്ഷിച്ചു. പക്ഷെ, കയ്യുംകെട്ടിയിരിക്കുകയല്ല ചെയ്തത്. അദ്ധ്വാനിച്ച് ജീവിക്കുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ തത്വം. അതിനാൽ ചെറുകിടകച്ചവടങ്ങളിൽ അദ്ദേഹം ഏൎപ്പെട്ടു. സാഇബ് എന്നു പേരായ ഒരു കൂട്ടുകാരനെയും കിട്ടി അദ്ദേഹത്തിന്നു. ക്രയകച്ചവടത്തിൽ നബിയുടെ സത്യസന്ധതയും വിശ്വസ്തതയും ആത്മാത്ഥതയും പ്രശംസനീയമായിരുന്നു.

മുഹമ്മദ്നബി എഴുത്തും വായനയും പഠിച്ചിട്ടില്ല. നിരക്ഷരജ്ഞനായിട്ടാണ് അദ്ദേഹം വളൎന്നുവന്നത്. അക്കാലത്ത് അറേബ്യയിൽ പരിഷ്കൃതരീതിയിലുള്ള പള്ളിക്കൂടങ്ങളില്ലായിരുന്നു. എന്നിരുന്നാലും കഴിവുള്ളവരെല്ലാം തങ്ങളുടെ സന്താനങ്ങളെ പഠിപ്പിക്കാൻ പ്രത്യേകം ആളുകളെ നിയമിക്കുക പതിവാണ്. കഥാപുരുഷൻെറ അനാഥാവസ്ഥയും ദാരിദ്ര്യവും ഇതിന്നു സഹായകമായിരുന്നില്ല. ദൈവീകമായ ഒരുദ്ദേശവും അതിൻെറ പിന്നിലുണ്ടായിരുന്നുവെന്നു കരുതണം.

## സിറിയയിലേക്ക്

പതിമൂന്നാം വയസ്സിൽ നബി അബൂതാലിബിൻെറ കൂടെ സിറിയയിലേക്കുപോയി. കച്ചവടാർത്ഥമായിരുന്നു അവരുടെ യാത്രാ

ദ്ദേശ്യം. സഹോദരപുത്രന്നു അതിൻെറ വഴികൾ പരിചയപ്പെടുത്തിക്കൊടുക്കാനാണ് അബൂത്വാലിബ് കൂടെ അദ്ദേഹത്തെയും കൊണ്ടുപോയത്. ഈ യാത്ര വളരെ ഉപകാരപ്പെട്ടു. നബിക്ക് സിറിയയിലേക്കുള്ള വഴി മനസ്സിലാക്കാനും കച്ചവടരീതി ഗ്രഹിക്കാനും സാധിച്ചു.

വഴിമദ്ധ്യേ അവർ ബസ്വറയിലെത്തി. സിറിയയുടെയും അറേബ്യയുടെയും അതിർത്തിയിലാണ് ഈ പ്രദേശം. അവിടെവെച്ചു ബഹീറാ എന്നു പേരായ ഒരു ജൂത പുരോഹിതൻ അവരെ കണ്ടു സ്വല്പം റൊട്ടിയും ഒലിവെണ്ണയും നല്കിയ ശേഷം അയാൾ പാന്ഥരോടു തിരക്കി. "ഒരന്ത്യപ്രവാചകൻെറ ആഗമനത്തെക്കുറിച്ചു ഞങ്ങളുടെ വേദഗ്രന്ഥത്തിൽ പരാമർശിക്കുന്നുണ്ട്. അറബികളിൽപെട്ട ഒരാളായിരിക്കും അദ്ദേഹം. ആ പ്രവാചകൻ വന്നിട്ടുള്ളതായി നിങ്ങൾക്കു വല്ല വിവരവുമുണ്ടോ?"

"ഇല്ല. ഞങ്ങളുടെ നാട്ടുകളിൽ അങ്ങിനെ ഒരു പ്രവാചകൻ വന്നിട്ടില്ല." അബൂത്വാലിബ് മറുപടി നല്കി.

കഥാപുരുഷൻെറ ചില ലക്ഷണങ്ങൾ കണ്ടപ്പോൾ വേദഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള പ്രവാചകൻ ഇതുതന്നെയായിരിക്കുമെന്നു ബഹീറാ അനുമാനിച്ചു. ഏകദൈവത്തെ മാത്രം ധ്യാനിച്ചു കഴിയുന്ന ആ ജൂതപണ്ഡിതൻ അബൂത്വാലിബിനോടു പറഞ്ഞു. "ഈ കുട്ടിക്ക് ശോഭനമായ ഒരു ഭാവിയുണ്ട്. തൌറാത്തിലും ഇഞ്ചീലിലും പ്രവചിച്ചിട്ടുള്ള ദൈവദൂതൻ ഇദ്ദേഹം തന്നെയാവാനാണ് സാദ്ധ്യത. അതുകൊണ്ട് നിങ്ങൾ സഹോദരപുത്രനെ നല്ലവണ്ണം സൂക്ഷിക്കണം. ദൈവദൂതന്മാരോടുള്ള ജൂതന്മാരുടെ ക്രൂരമായ പെരുമാററം പ്രസിദ്ധമാണല്ലോ. പല പ്രവാചകന്മാരെയും അവർ നിർദ്ദയം കൊന്നിട്ടുണ്ട്. ഇദ്ദേഹത്തെയും അവർ വെറുതെ വിട്ടെന്നു വരില്ല. അത് പ്രത്യേകം ശ്രദ്ധിക്കണം. എന്തെങ്കിലും ആപത്ത് പിണഞ്ഞതിനുശേഷം ഖേദിച്ചിട്ട് ഫലമുണ്ടാവില്ല."

സഹോദരപുത്രന്റെ അസാധാരണമായ പെരുമാററവും സ്വഭാവരീതിയും അത്യുന്നതമായ ഒരു പദവിയിലേക്കുള്ള ചൂണ്ടു പലകയാണെന്ന് അബൂതാലിബ് നേരത്തെത്തന്നെ മനസ്സിലാക്കിയിരുന്നു. ബഹീറായുടെ ദീർഘദർശനം അദ്ദേഹത്തിന്റെ നിഗമനത്തിന്നു് പ്രാബല്യം നല്കി. വല്ല ആപത്തും പിണഞ്ഞേക്കിലോ എന്ന് ഭയന്ന് അദ്ദേഹം ബദ്ധപ്പെട്ട് മക്കയിലേക്കു യാത്രതിരിച്ചു.

മക്ക ദുഷ്പ്രവൃത്തികളുടെയും ദുസ്സ്വഭാവങ്ങളുടെയും കേളീരംഗമായിരുന്നു. എവിടെ തിരിഞ്ഞുനോക്കിയാലും മനുഷ്യത്വഹീനമായ ചെയ്തികളും മൃഗീയമായ പെരുമാററങ്ങളും മാത്രമെ കാണൂ. ഇക്കാര്യത്തിൽ എല്ലാവരും സമന്മാരാണ്. കുട്ടികളും യുവാക്കളും വൃദ്ധന്മാരും തുല്യപങ്കാളികൾ. വിരലിലെണ്ണാവുന്ന ചിലർമാത്രം ഇതിൽനിന്നു് ഒഴിവായിരുന്നുവെന്നു് പറയാം.

സമകാലീനന്മാർ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ദുഷ്കർമ്മങ്ങളിലും ദുരാചാരങ്ങളിലും നബി തീരെ പങ്കെടുത്തിരുന്നില്ല. മാന്യമായ പ്രവൃത്തികളും വാക്കുകളും മാത്രമേ അദ്ദേഹത്തിൽനിന്നു് ആർക്കും അനുഭവപ്പെട്ടിരുന്നുള്ളു. അസാധാരണമായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവവും പെരുമാററരീതിയും. തന്മൂലം ആ ചെറുപ്പക്കാരനെ എല്ലാവരും നന്നെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ഓരോ ചലനത്തെയും കൗതുകത്തോടുകൂടിയാണ് മക്കാനിവാസികൾ വീക്ഷിച്ചത്. ചെറുപ്രായക്കാരനാണെങ്കിലും സുസമ്മതനും സർവ്വാദരണീയനുമായിരുന്നു അദ്ദേഹം. തമാശയായിട്ടും കളവുപറഞ്ഞിരുന്നില്ല. എപ്പോഴും സത്യമേ പറയൂ. അതുകൊണ്ടു് അദ്ദേഹം പറയുന്നതെന്തും വിശ്വസിക്കാൻ അവർക്ക് മടിയുണ്ടായിരുന്നില്ല. എന്തിനേറെ, വിശ്വസ്ഥൻ എന്ന അർത്ഥത്തിലുള്ള അൽഅമീൻ എന്ന കീർത്തി

നാമത്തിലാണ് അദ്ദേഹം മക്കയിലും അയൽപ്രദേശങ്ങളിലും അറിയപ്പെട്ടിരുന്നത്. ഇതിൽനിന്നു് അദ്ദേഹത്തിന്റെ വിശ്വസ്തതയുടെ സാമാന്യരൂപം ഗ്രഹിക്കാമല്ലോ.

മക്കയിലെ ഒരു ധനാഢ്യയും കുലീനയുമായിരുന്നു ഖദീജ. ബനൂഅസദ് ഗോത്രക്കാരിയായ അവർ ഖുവൈലിദിന്റെ മകളാണ്. ധനത്തിലെന്നപോലെ ബുദ്ധിശക്തിയിലും സൽസ്വഭാവത്തിലും അവർ മററു സ്ത്രീകളുടെയെല്ലാം മുൻപന്തിയിലായിരുന്നു. നബിയുടെ സ്വഭാവഗുണങ്ങൾ ഖദീജയും അറിയാതിരുന്നില്ല. തന്റെ കച്ചവടച്ചരക്കുകൾ ദൂരദിക്കുകളിൽ കൊണ്ടുപോയി വില്പനനടത്താൻ വിശ്വസ്തരായ വ്യക്തികളെ ഏല്പിക്കുകയായിരുന്നു അവരുടെ പതിവ്. ഇപ്രാവശ്യം സിറിയയിലേക്കുള്ള ഒരു കച്ചവടസംഘത്തെ നയിക്കാൻ അവർ നബിയെ ക്ഷണിച്ചു. കുടുംബജീവിതം നയിക്കാറായ സ്ഥിതിക്ക് സ്വന്തമായി എന്തെങ്കിലും വരുമാനമുണ്ടായാൽ തരക്കേടില്ലെന്നു് കഥാപുരുഷനും പിതൃവ്യനും ആഗ്രഹമുണ്ടായിരുന്നു. അതനുസരിച്ച് ഖദീജയുടെ ക്ഷണം നബി സ്വീകരിച്ചു. വമ്പിച്ച ഒരു കച്ചവടസംഘത്തിന്റെ നേതൃത്വം വഹിച്ചുകൊണ്ടു് അദ്ദേഹം സിറിയയിലേക്ക് യാത്രയായി. ലാഭത്തിന്റെ ഒരു നിശ്ചിതവിഹിതം നല്കാമെന്നായിരുന്നു നിശ്ചയം. യാത്രാവേളയിൽ നബിക്ക് വേണ്ട ശുശ്രൂഷചെയ്യാൻ മൈസറ എന്നു പേരായ ഒരു പരിചാരകനെയും ഖദീജ കൂടെഅയച്ചുകൊടുത്തു. അന്നു ഇരുപത്തഞ്ച് വയസ്സായിരുന്നു നബിക്ക്.

ഈ യാത്രക്കിടയിൽ പല അത്ഭുതസംഭവങ്ങളുമുണ്ടായി. അത്യുഷ്ണത്തിന്റെ കാഠിന്യത്തിൽനിന്നു് ഒരു കാർമേഘം നബിയെ രക്ഷപ്പെടുത്തി, അതിന്റെ തണൽ ലഭിച്ചുകൊണ്ടിരുന്നതിനാൽ അദ്ദേഹത്തിന്നു ഉഷ്ണം സഹിക്കേണ്ടിവന്നില്ല. നബിക്ക് മാത്രമേ ഈ സൌകര്യം ലഭിച്ചിരുന്നുള്ളു. മററുള്ള

വരെല്ലാം സാധാരണത്തെപ്പോലെ വെയിലത്തുതന്നെ യാത്ര ചെയ്തു. നബിയും സഹയാത്രികരും ഒരു ദിവസം നസ്തൂറാ എന്നു പേരായ ഒരു ക്രിസ്തീയ പാതിരിയുടെ മഠത്തിന്നടുത്തുള്ള വൃക്ഷച്ചുവട്ടിൽ വിശ്രമിക്കയായിരുന്നു. അയാൾ കഥാപുരുഷനെ കാണ്മാനിടയായി. ബഹീറായുടെ വീക്ഷണമായിരുന്നു നസ്തൂറായുടേതും. വേദഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള പ്രവാചകൻ ഇതുതന്നെയായിരിക്കുമെന്ന് അയാൾക്ക് ലക്ഷണങ്ങൾ കണ്ടപ്പോൾ മനസ്സിലായി. നബിയെ കെട്ടിപ്പുണർന്നുകൊണ്ട് ആ പുരോഹിതൻ പറഞ്ഞു. "ഇദ്ദേഹംതന്നെയാണ് അന്ത്യപ്രവാചകൻ. ഇദ്ദേഹം പ്രവാചകനായി രംഗപ്രവേശം ചെയ്യുമ്പോൾ ഞാൻ ജീവിച്ചിരിപ്പുണ്ടാവേണമേ എന്നാണ് എന്റെ അഭിലാഷം."

ചരക്കുകൾ വിററ് നബിയും കൂട്ടുകാരും മക്കയിലേക്കു തിരിച്ചു. മുമ്പൊരിക്കലും ലഭിച്ചിട്ടില്ലാത്തവിധം അമിതലാഭമാണ് ഈ കച്ചവടത്തിൽ കിട്ടിയത്. ഖദീജയെ ഇത് സന്തുഷ്ടയാക്കിയെന്നു പറയേണ്ടതില്ലല്ലോ. ഇതിനും പുറമെ മൈസറത്തു നല്കിയ വിവരണം അവരെ പുളകമണിയിച്ചു. യാത്രാവേളയിൽ നബിയിൽ ദൃശ്യമായ അത്ഭുതസംഭവങ്ങളും നസ്തൂറായുടെ പ്രസ്താവനയും അവൻ യജമാനിനിക്കു വിശദീകരിച്ചുകൊടുത്തു. ഇതെല്ലാംകേട്ട് ഖദീജക്ക് നബിയോടുള്ള മതിപ്പും ആദരവും വർദ്ധിച്ചു. വേദഗ്രന്ഥങ്ങളിൽ പ്രവചിച്ചിട്ടുള്ള ദൈവദൂതൻ കഥാപുരുഷനാണെന്ന് ആദ്യമേ മക്കയിലും അയൽനാടുകളിലുമുള്ള ക്രിസ്ത്യാനികൾക്കും ജൂതന്മാർക്കും അഭിപ്രായമുണ്ടായിരുന്നു. അവർ മുഖേന ഈ വിവരം മററ അറബികൾക്കും കിട്ടി. ഖദീജയും അതറിഞ്ഞിരുന്നു. മൈസറയുടെ വിശദീകരണം ആ അറിവിനെ സ്ഥിരീകരിക്കാൻ ഉപകരിച്ചു.

# നബിയുടെ വിവാഹം

നാല്പതുകാരിയായ ഖദീജ പതിവ്രതയും വിധവയുമായിരുന്നു. ഇതിനുമുമ്പ് രണ്ടുപേർ അവരെ വിവാഹം ചെയ്തിട്ടുണ്ട്. രണ്ടുപേരും മരിച്ചുപോയി. ആദ്യം അതീഖുബിൻ അബീദാണ് വിവാഹം ചെയ്തത്. അദ്ദേഹത്തിൻെറ മരണാനന്തരം അബൂഹാല എന്ന ഒരാളും ഖദീജയെ വേളികഴിച്ചു. ആ ബന്ധവും നിലനിന്നില്ല. അബൂഹാല അതീഖിനെ പിന്തുടന്നു. രണ്ടാമത്തെ വിവാഹത്തിൽ ഹിന്ദ് എന്നു പേരായ ഒരു പുത്രനെ ഖദീജ പ്രസവിച്ചു. ഈ കുട്ടി ഇസ്ലാമിക പ്രബോധനത്തിൻെറ പ്രാരംഭഘട്ടത്തിൽ നബിയിൽ വിശ്വസിച്ചിട്ടുണ്ട്. നബി അവിവാഹിതനാണ്. ഇരുപത്തഞ്ചുവയസ്സേ ആയിട്ടുള്ളു. കഥാപുരുഷൻെറ ഉൽകൃഷ്ടസ്വഭാവം വിധവയായ ഖദീജയെ ആകൎഷിച്ചു. ആസന്നഭാവിയിൽ വെളിപ്പെടാനിരിക്കുന്ന ആ ദൈവദൂതനെ ഭൎത്താവായി കിട്ടിയാൽ തൻെറ ഐഹികപാരത്രികജീവിതങ്ങൾ വിജയപ്രദമായിത്തീരുമെന്നു അവർ മനസ്സിലാക്കി. അതനുസരിച്ചു കച്ചവടയാത്ര കഴിഞ്ഞ് തിരിച്ചെത്തി രണ്ടുമാസമായപ്പോഴേക്കും അവർ തൻെറ അഭിലാഷം അറിയിച്ചു. എല്ലാവൎക്കും അതിഷ്ടമായിരുന്നു. പിന്നെ വിവാഹകൎമ്മം നടക്കാൻ അധികം താമസമുണ്ടായില്ല. ഇതോടെ നബി ഒരു പുതിയ ജീവിതത്തിലേക്കു കാലെടുത്തുവെച്ചു. ഈ വിവാഹം ഖദീജക്കെന്നപോലെ കഥാപുരുഷനും വമ്പിച്ചനേട്ടങ്ങളുണ്ടാക്കിക്കൊടുത്തു. ദരിദ്രനായിരുന്നുവല്ലോ അദ്ദേഹം. ഖദീജയാണെങ്കിൽ ധനാഢ്യയും. അവർ ഭൎത്താവിന്നു ലോഭംകൂടാതെ സമ്പത്തികസഹായം നല്കിക്കൊണ്ടിരുന്നു. നബിക്കുവേണ്ടി അവർചെയ്ത സഹായങ്ങൾ കുറച്ചൊന്നുമല്ല. പ്രവാചകനായി രംഗപ്രവേശം ചെയ്ത ഘട്ടത്തിൽ നാനാഭാഗത്തുനിന്നും അദ്ദേഹത്തിന്നു് എതിർപ്പുകൾ നേരിടേണ്ടിവന്നു. അപ്പോഴെല്ലാം

അദ്ദേഹത്തെ സാന്ത്വനപ്പെടുത്തുകയും വിപൽസന്ധികളിൽ രക്ഷപ്പെടുത്തുകയും ചെയ്ത ഒരേ ഒരു വ്യക്തി ഖദീജയാണ്. നബിക്ക് അവരോട് അപാരമായ സ്നേഹമുണ്ടാവാൻ കാരണം ഇതല്ലാതെ മറെറാന്നുമല്ല. അവർ മരിക്കുന്നതുവരെ അദ്ദേഹം വേറെ വിവാഹം ചെയ്തിട്ടില്ല. ഭാര്യമാരുടെ കൂട്ടത്തിൽ ഖദീജയിൽ മാത്രമാണ് നബിക്ക് സന്താനങ്ങളുണ്ടായത്.

ഒരു വെള്ളപ്പൊക്കംമൂലം മക്കയിലെ അതിപുരാതനമായ കഅബാ ദേവാലയത്തിൻെറ ചുമരുകഠക്ക് കേടുപാററി. നബിയുടെ മുപ്പത്തഞ്ചാം വയസ്സിലായിരുന്നു ഈ സംഭവം. ഉടനെ ഖുറൈശികഠ പണപ്പിരിവുനടത്തി അതു നന്നാക്കാൻ തുടങ്ങി. തന്നാലാവുന്ന സഹായസഹകരണങ്ങഠ നബിയും ചെയ്തുകൊടുത്തു. കഅബയുടെ ചുമരിൽ ഹജറൽ അസ്‌വദ് എന്നുപേരായ ഒരു കൃഷ്ണശിലയുണ്ട്. ആ ദേവാലയത്തിൻെറ പ്രാചീനതയെ പ്രഖ്യാപനം ചെയ്തുകൊണ്ട് പ്രസ്തുതകല്ല് ഇപ്പോഴും അതിന്മേൽ സ്ഥിതിചെയ്യുന്നു. പല കാലഘട്ടങ്ങളിലായി കഅബക്ക് കേടുപാടുകഠ സംഭവിക്കുകയും പൊളിഞ്ഞുവീഴുകയും ചെയ്തിട്ടുണ്ട്. അപ്പോഴെല്ലാം അതു പുതുക്കിപ്പണിയുമ്പോഠ കൃഷ്ണശില യഥാസ്ഥാനത്തുതന്നെ വെച്ചിരുന്നു.

ഇത്തവണ വലിയ തർക്കമുണ്ടായി. ഹജറൽ അസ്‌വദ് സ്ഥാപിക്കാറായിട്ടുണ്ട്. ആരായിരിക്കണം ആ കാര്യം നടത്തേണ്ടത്? അതിൻെറ ബഹുമതി തനിക്ക് കിട്ടണമെന്ന് ഓരോരുത്തരും ശഠിച്ചു. ഒത്തുതീർപ്പുണ്ടാക്കാൻ നടത്തിയ ശ്രമങ്ങളെല്ലാം വിഫലമായി. ഒരു സംഘട്ടനത്തിന്നുതന്നെ എല്ലാവരും തയ്യാറെടുത്തു. ഭാഗ്യത്തിന്ന് അവരുടെ കൂട്ടത്തിൽ ഏററവും പ്രായംചെന്ന അബൂഉമയ്യയുടെ നിർദ്ദേശം അവർ സ്വീകരിച്ചു. മഖ്സൂമിഗോത്രക്കാരനും ഖാലിദ്ബിൻവലീദിൻെറ പിതൃവ്യനുമായ അദ്ദേഹം അഭിപ്രായപ്പെട്ടത് ഇങ്ങിനെ

യാണ്". "ദേവാലയത്തിലേക്ക് ബാബുസ്സലാം എന്ന കവാടത്തിലൂടെ ആരാണ് ആദ്യമായി കടന്നുവരുന്നതെന്ന് നമുക്ക് നോക്കാം. ഈ പ്രശ്നം അയാളുടെ തീരുമാനത്തിന്ന് വിടണം." അങ്ങിനെയാവാമെന്ന് എല്ലാവരും സമ്മതിച്ചു.

നബിയാണ് അതിലൂടെ ആദ്യമായി കടന്നുവന്നത്. എല്ലാവക്കും വലിയ സന്തോഷമായി. മുഹമ്മദ് നീതിപൂവ്വമായി വിധിക്കുമെന്ന് അവക്കുറപ്പായിരുന്നു. അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥം സ്വീകരിക്കാൻ ഖുറൈശിപ്രമുഖന്മാരും മററും തയ്യാറായി. കുഴപ്പംപിടിച്ച ഒരു പ്രശ്നത്തിന്നാണ് പരിഹാരം നിർദ്ദേശിക്കേണ്ടത്. ആ നിർദ്ദേശം നൂറുശതമാനം നീതിപൂവ്വവും സവ്വസ്വീകാര്യവുമായിരിക്കണം. അദ്ദേഹം ഒരു സൂത്രം കണ്ടുപിടിച്ചു. കൃഷ്ണശില ഒരു വസ്ത്രത്തിൽവെച്ച് അതിൻെറ ഓരോ അററം ഓരോ ഗോത്രത്തലവൻ പിടിക്കുക. എന്നാൽ ആക്കും പരാതിയുണ്ടാവില്ല. തങ്ങളെല്ലാം ആ ചടങ്ങിൽ തുല്യ പങ്കാളിത്തം വഹിച്ചവരാണെന്ന് ജനങ്ങൾ കരുതും. അതായിരുന്നു അദ്ദേഹത്തിൻെറ പരിപാടി. അതനുസരിച്ച് ഒരു വസ്ത്രത്തിൻെറ മദ്ധ്യത്തിൽ കല്ലുവെച്ച് ഗോത്രത്തലവന്മാർ അതിൻെറ ഓരോ അററം പിടിച്ച് മേൽപോട്ടു പൊക്കി. അനന്തരം നബി അതെടുത്തു വെക്കേണ്ടേടത്തുവെച്ചു. ഇതോടെ, പ്രക്ഷുബ്ധമായ അന്തരീക്ഷം തെളിഞ്ഞു. എല്ലാവദനങ്ങളിലും സംതൃപ്തി പരന്നു. നബിയുടെ സാമത്ഥ്യവും നീതിനിഷ്ഠയുമാണ് ഈ സംഭവം കാണിക്കുന്നത്. രക്തച്ചൊരിച്ചലിന്നിടയാക്കുന്ന ഒരു പ്രശ്നം സമാധാനപരമായി പരിഹരിച്ച ആ യുവാവിനോട് ജനങ്ങൾക്ക് എന്തെന്നില്ലാത്ത മതിപ്പു തോന്നി.

പുഴുക്കുത്തില്ലാത്തതായിരുന്നു നബിയുടെ ജീവിതം. ആക്കും അതേക്കുറിച്ചു ഒരാക്ഷേപവും ഉന്നയിക്കാനുണ്ടായിരുന്നില്ല. ഇത്

KOTTAYAM PUBLIC LIBRARY
75908
KOTTAYAM

പിന്നീട് അദ്ദേഹത്തിന്റെ ബദ്ധവൈരികളായി മാറിയവർ പോലും സശിരകമ്പം സമ്മതിച്ചിട്ടുള്ള പരമാർത്ഥമാണ്. അറേബ്യയിൽ നടമാടിക്കൊണ്ടിരുന്ന ദുഷ്ചെയ്തികളിലും ദുരാചാരങ്ങളിലും അദ്ദേഹം തീരെ പങ്കെടുത്തിരുന്നില്ല. അത്തരം കാര്യങ്ങളോട് അദ്ദേഹത്തിന്ന് സഹജമായിത്തന്നെ വെറുപ്പു തോന്നി. തന്റെ കുടുംബക്കാരടക്കം എല്ലാവരും ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യത്വരഹിതമായ പ്രവർത്തികൾ നബിയുടെ ഹൃദയത്തെ വേദനിപ്പിച്ചുകൊണ്ടിരുന്നു. നിർമ്മലമായ ജീവിതം നയിക്കാനാഗ്രഹിക്കുന്നവർക്ക് ആ നാട് അധിവാസയോഗ്യമായിരുന്നില്ല. ദുർമ്മാർഗ്ഗത്തിലേക്ക് വലിച്ചിഴക്കുന്ന സംഭവങ്ങളാണ് എങ്ങും ദൃശ്യമായിരുന്നത്.

പ്രവാചകനായി നിയമിക്കപ്പെടുന്നതിനുമുമ്പ് നബി തിരുമേനി ചിലപ്പോഴെല്ലാം സ്വപ്നം കാണുക പതിവാണ്. അത് സത്യമായി പുലരുകയും ചെയ്യും. ദൈവസന്ദേശത്തിന്റെ പ്രാരംഭത്തെയാണ് ഈ സ്വപ്നങ്ങൾ കുറിച്ചിരുന്നത്. പരമപ്രധാനമായ ദൈവസന്ദേശങ്ങൾ സ്വീകരിക്കാൻ അദ്ദേഹത്തെ യോഗ്യനാക്കിത്തീർക്കാനുള്ള ഒരു പരിശീലനമായിരുന്നു അത്. മലക്കുമുഖേന ലഭിക്കുന്ന സന്ദേശങ്ങൾ സ്വീകരിക്കാൻ വളരെ വിഷമമുണ്ടാവും. അതിന്നാവശ്യമായ പരിചയം നേടാനാണ് ദൈവം അദ്ദേഹത്തിന്ന് പല കാര്യങ്ങളും സ്വപ്നത്തിലൂടെ അറിയിച്ചിരുന്നത്.

നാല്പതുവയസ്സ് തികയാറായപ്പോൾ നബിക്ക് ഏകാന്തജീവിതത്തിൽ പ്രതിപത്തിതോന്നി. അങ്ങിനെ അദ്ദേഹം അവിടുത്തെ മലിനമായ ചുറ്റുപാടിൽനിന്നെല്ലാം അകന്ന് ഒഴിഞ്ഞ സ്ഥലത്തുപോയി ആരാധനയിൽ നിരതനാവാൻ തീർച്ചപ്പെടുത്തി. ഇതിനദ്ദേഹം തെരെഞ്ഞെടുത്തത് മക്കയുടെ സമീപത്തു സ്ഥിതിചെയ്യുന്ന ഹിറാ ഗുഹയാണ്. അവിടെ എട്ടും

പത്തും ദിവസങ്ങൾ അദ്ദേഹം തുടർച്ചയായി കഴിച്ചുകൂട്ടാൻ തുടങ്ങി. കുറേദിവസത്തേക്കാവശ്യമായ ഭക്ഷണപാനീയങ്ങളുമായി ഗുഹയിലേക്കു പോകും. അതു തീരുന്നതുവരെ അവിടെ ധ്യാനനിരതനായി കഴിയും. പിന്നെയും ഖദീജയുടെ അടുത്തു പോയി ആഹാരം ശേഖരിച്ച് അങ്ങോട്ടുതന്നെ യാത്രയാവും. ഈ ക്രമത്തിൽ നബി കുറച്ചുകാലം ജീവിച്ചു. അപ്പോഴേക്കും അദ്ദേഹത്തിന്ന് നാല്പതുവയസ്സ് പൂർത്തിയായിരുന്നു.

മനുഷ്യന്നു പൂർണ്ണതകൈവരുന്നതു നാല്പതുവയസ്സിന്നു ശേഷമാണ്. അപ്പോഴാണ് ദൈവം പ്രവാചക പദവി നല്കുക. അപൂർവ്വം ചിലർ മാത്രമേ ഈ തത്വത്തിന്നെതിരായി നിയമിക്കപ്പെട്ടിട്ടുള്ളു.

നബി ഏകാകിയായി ഗുഹയിലിരിക്കയായിരുന്നു. പെട്ടെന്നു ജിബ്രീൽ (അ) മനുഷ്യരൂപത്തിൽ അവിടെ പ്രത്യക്ഷപ്പെട്ടു. അതാരാണെന്നു നബിക്ക് മനസ്സിലായില്ല. അതിനാൽ അദ്ദേഹം പരിഭ്രാന്തചിത്തനായിത്തീർന്നു. ഭയാശങ്കകൾ ഹൃദയത്തിൽ കുമിഞ്ഞുകൂടി. ആഗതൻ അദ്ദേഹത്തോട് വായിക്കാൻ പറഞ്ഞു. താൻ എഴുത്തും വായനയും അറിയാത്തവനാണെന്നു് നബി മറുപടി നല്കി. ഇതുകേട്ട് ജിബ്രീൽ അദ്ദേഹത്തെ കെട്ടിപ്പിടിച്ചു. അന്നേരം അദ്ദേഹത്തിന്ന് എന്തെന്നില്ലാത്ത വിഷമം തോന്നി. പിടുത്തം വിട്ടുകൊണ്ട് ആഗതൻ വീണ്ടും വായിക്കാനാവശ്യപ്പെട്ടു. ആദ്യത്തെ സമാധാനം തന്നെയാണ് നബി അപ്പോഴും പറഞ്ഞത്. പിന്നെയും ജിബ്രീൽ അദ്ദേഹത്തെ ഗാഢാലിംഗനം ചെയ്തു. ഇവ്വിധം മൂന്നു് പ്രാവശ്യം ചെയ്തശേഷം ഏതാനും ദൈവവാക്യങ്ങൾ മലക്ക് നബിയെ കേൾപ്പിച്ചു. അദ്ദേഹത്തിന്നു് അസാധാരണമാംവിധം ദൈവീകജ്ഞാനം നല്കുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. നബിക്ക് ഇദംപ്രഥമമായി അമാനുഷികസന്ദേശം ലഭിച്ചത് ഈ ഗുഹയിൽവെച്ചാണ്. അതോടെ അദ്ദേഹം

ദൈവദൂതനായിക്കഴിഞ്ഞു. ഈ സംഭവം നടന്നത് ക്രിസ്താബ്ദം 610 ഫിബ്രുവരി 1-ാംനു-യാണ്. അന്ന് റംസാൻ മാസം 17-ാംനു- തിങ്കളാഴ്ചയായിരുന്നു.

അപ്രതീക്ഷിതവും അസാധാരണവുമായ ഈ സംഭവം നബിയുടെ ഹൃദയത്തെ പിടിച്ചുകുലുക്കി. അദ്ദേഹത്തിന്ന് എന്തെന്നില്ലാത്ത ഭയവും വേവലാതിയും അനുഭവപ്പെട്ടു. ഹൃദയത്തിലെ വിചാരവികാരങ്ങൾ ദേഹത്തിലും പ്രതിബിംബിച്ചു. ശരീരത്തിന്ന് കുളിർ ബാധിച്ചു. വല്ലാത്ത തളർച്ചയും. ആഗതൻ സ്ഥലംവിട്ട ഉടനെ അദ്ദേഹം ഭാര്യയുടെ അടുക്കലേക്ക് നടന്നു. പ്രയാസപ്പെട്ട് വീട്ടിലെത്തിയ നബി ഒരു പുതപ്പു കൊണ്ട് തന്നെ മൂടാൻ പത്നിയോടാവശ്യപ്പെട്ടു. എന്താണ് സംഗതിയെന്നറിയാതെ ഖദീജയും പരിഭ്രമിച്ചു. ഭർത്തൃശാസനയനുസരിച്ച് അവർ ഒരു പുതപ്പിട്ട് അദ്ദേഹത്തെമൂടി. ദേഹം വിറച്ചുതുള്ളുന്നുണ്ടായിരുന്നു. കുറെ വിശ്രമിച്ചപ്പോൾ പൂർവ്വ സ്ഥിതി കൈവന്നു. കുളിരും വിറയലും നീങ്ങി. തൽസമയം അദ്ദേഹം ഗുഹയിൽവെച്ചുണ്ടായ അനുഭവം ഭാര്യക്ക് വിവരിച്ചു കൊടുത്തു. "ഞാൻ വല്ലാതെ പേടിച്ചുപോയി". നബി പറഞ്ഞു. "ഇല്ല. നിങ്ങൾക്ക് ഒരാപത്തും പിണയില്ല. ദൈവം നിങ്ങളെ കാത്തുരക്ഷിക്കും." ഖദീജ സാന്ത്വനപ്പെടുത്തി.

ഭയാശങ്കകളും ശാരീരികക്ലേശങ്ങളും നീങ്ങിയെങ്കിലും സംഭവത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ നബിക്ക് മനസ്സിലായില്ല. അത് അറിയാൻ ഭാര്യക്കും ഉൽക്കണ്ഠയുണ്ട്. അങ്ങിനെ അവർ അദ്ദേഹത്തെ വറഖത്തുബിൻനൌഫലിൻെറ അടുത്തേക്കു കൂട്ടിക്കൊണ്ടുപോയി. ഒരു കൃസ്ത്യാനിയും വേദഗ്രന്ഥങ്ങളിൽ അനല്പമായ പരിജ്ഞാനവുമുള്ള അദ്ദേഹം ഖദീജയുടെ പിതൃവ്യപുത്രനാണ്. നബി അദ്ദേഹത്തിന്ന് സംഭവം വിവരിച്ചു കൊടുത്തു. വറഖത്ത് പറഞ്ഞു. "മൂസയെപോലുള്ള ഒരു ദൈവ

ദൂതനാണ് നിങ്ങളും. ദൈവസന്ദേശത്തിൻെറ തുടക്കമാണ് ഗുഹയിൽവെച്ചുണ്ടായത്. സത്യമാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കാൻ രംഗത്തിറങ്ങുന്ന നിങ്ങൾക്ക് പല ബുദ്ധിമുട്ടുകളും നേരിടും. സ്വന്തം ആൾക്കാർതന്നെ നിങ്ങളെ ബഹിഷ്കരിക്കും. ആ ഘട്ടത്തിൽ ഞാൻ ഒരു യുവാവായിരുന്നെങ്കിൽ! വാർദ്ധക്യം കൊണ്ട് കാഴ്ച നഷ്ടപ്പെട്ട വറഖത്തിൻെറ സംസാരം നബിയെ അത്ഭുതപ്പെടുത്തി. "അവരെന്നെ ബഹിഷ്കരിക്കുമെന്നോ?" അദ്ദേഹം തിരക്കി. "അതെ. നിങ്ങളെപ്പോലെ ലോകത്തു വന്നിട്ടുള്ള എല്ലാവർക്കും ബദ്ധവൈരികളുണ്ടായിട്ടുണ്ട്. ജനങ്ങൾ നിങ്ങളെ ക്രൂരമായി മർദ്ദിക്കുന്ന അവസരത്തിൽ ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ നിങ്ങളെ സഹായിക്കാൻ ഓടിയെത്തും." വറഖത്തു ഉറപ്പുകൊടുത്തു. പക്ഷെ അധികം താമസിയാതെ അയാൾ മരണപ്പെട്ടു. വറഖത്തിൻെറ വിശദീകരണം നബിയുടെയും ഭാര്യയുടെയും പരിഭ്രമത്തെ ദൂരീകരിച്ചു. സംഭവത്തെക്കുറിച്ചുള്ള സൂക്ഷ്മവിവരം അപ്പോൾ മാത്രമാണ് അവരറിഞ്ഞത്.

അല്ലാഹുവിൻെറ സന്ദേശങ്ങൾ നബിക്ക് ലഭിച്ചിരുന്നത് പല പ്രകാരത്തിലാണ്. ചിലപ്പോൾ സ്വപ്നത്തിലൂടെ ലഭിക്കുന്നു. പക്ഷെ, പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളെല്ലാം ജിബ്‌രീൽ മുഖേനയാണ് അല്ലാഹു അറിയിച്ചിരുന്നത്. ഖുർആൻ മുഴുവൻ ഇപ്രകാരം ലഭിച്ചിട്ടുള്ളതാണ്. ദൈവസന്ദേശം തങ്ങൾക്ക് എങ്ങിനെയാണ് ലഭിക്കുന്നതെന്ന് ഒരിക്കൽ ഹാരിസുബിൻ ഹിശാം നബിയോട് ചോദിക്കുയുണ്ടായി. അദ്ദേഹം ചോദ്യകർത്താവിന്നു് അതിൻെറ രീതി വിവരിച്ചുകൊടുത്തു. ചിലപ്പോൾ ജിബ്‌രീൽ (അ) മനുഷ്യരൂപത്തിൽവന്നു നബിക്കു സന്ദേശങ്ങൾ നല്കുന്നു. മററു ചിലപ്പോൾ മലക്കിനെ പ്രത്യക്ഷത്തിൽ കാണാൻ സാധിക്കില്ല. ബെല്ലടിക്കുന്നപോലെ ഒരു ശബ്ദംമാത്രം കേൾക്കാം. ഈ രൂപത്തിൽ ലഭിക്കുന്ന സന്ദേശ

ങ്ങൾ കൈപ്പററാനാണ് വളരെയധികം ബുദ്ധിമുട്ടേണ്ടിവന്നിരുന്നത്. അപ്പോൾ നബിയുടെ മുഖം വിവർണ്ണമാവുന്നതും വിയർത്തൊലിക്കുന്നതും കാണാം. അത്രക്കും പ്രയാസമുള്ള കാര്യമാണതെന്നർത്ഥം. അസഹ്യമായ ശൈത്യമുള്ള ഒരു ദിവസം നബിക്ക് ദൈവസന്ദേശം ലഭിക്കുന്നത് ആയിശ (റ)ക്ക് കാണ്മാനിടയായി. തദവസരത്തിൽ അദ്ദേഹം വിയർത്തൊലിച്ചിരുന്നുവെന്ന് അവർ റിപ്പോർട്ടു ചെയ്യുന്നു. എത്ര വിഷമം പിടിച്ച വിഷയമാണെങ്കിലും ജിബ്‌രീൽ പറഞ്ഞുകൊടുക്കുന്നതെന്തും അപ്പോൾതന്നെ നബി ഹൃദിസ്ഥമാക്കിയിരുന്നു. മലക്ക് സ്ഥലംവിട്ടാൽ തനിക്കു ലഭിച്ച സന്ദേശങ്ങൾ അദ്ദേഹം അനുയായികളെ കേൾപ്പിക്കും. ആവശ്യമായ വിവരണവും നല്കും.

## നൈരാശ്യം

ഹിറാഗുഹയിൽവെച്ചാണല്ലോ നബിക്ക് ഒന്നാമതായി ദൈവസന്ദേശം ലഭിച്ചത്: പിന്നീട് കുറച്ചുകാലത്തേക്ക് യാതൊരു വിവരവുമുണ്ടായില്ല. അദ്ദേഹത്തിൻെറ ജിജ്ഞാസ വളർത്താനാണ് ദൈവം ഇവ്വിധം ചെയ്തത്. പക്ഷെ നബിയിൽ അതുണ്ടാക്കിയ പ്രതികരണങ്ങൾ കുറച്ചൊന്നുമല്ല. ദൈവത്തിൻെറ ഭാഗത്തുനിന്ന് ഒരു വിവരവും ലഭിക്കാഞ്ഞപ്പോൾ അദ്ദേഹം അസ്വസ്ഥചിത്തനായിത്തീർന്നു. ദൈവം തന്നെ കൈവെടിഞ്ഞുവോ എന്നുപോലും അദ്ദേഹം സംശയിച്ചു. ബഹുജനങ്ങൾക്കിടയിലും അത് വലിയൊരു സംസാരവിഷയമായി മാറി. മുഹമ്മദിനെ ദൈവം ഉപേക്ഷിച്ചുവെന്നു പലരും അഭിപ്രായപ്പെട്ടു. നബി നിരാശപ്പെട്ടു കഴിയുകയായിരുന്നു. ഇത് എത്ര കാലം നീണ്ടുനിന്നുവെന്ന കാര്യത്തിൽ ചരിത്രകാരന്മാർ ഭിന്നാഭിപ്രായക്കാരാണ്. 40 ദിവസമാണെന്നാണ് ബലപ്പെട്ട അഭിപ്രായം.

അസ്വസ്ഥചിത്തനായ നബി ഒരു ദിവസം എവിടേക്കോ നടക്കുകയായിരുന്നു. പെട്ടെന്നു ഒരു ശബ്ദം അദ്ദേഹത്തിന്റെ കാതുകളിൽ മുഴങ്ങി. മേൽഭാഗത്തുനിന്നാണ് അത് കേട്ടത്. അദ്ദേഹം ശിരസ്സുയർത്തി മാനത്തേക്കുനോക്കി. ഹിറാഗുഹയിൽ തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട മലക്ക് അന്തരീക്ഷത്തിൽ ഒരു കസേരയിലിരിക്കുന്നതു കഥാപുരുഷൻ കണ്ടു. ഈ കാഴ്ച അദ്ദേഹത്തെ ഭയവിഹ്വലനാക്കി. വേഗം വീട്ടിൽ തിരിച്ചെത്തി, തന്നെ പുതപ്പിട്ടുമൂടണമെന്നു ആവശ്യപ്പെട്ടു. ദേഹം വിറക്കുന്നുണ്ടായിരുന്നു. പനിപിടിച്ചപോലെ. അതുകൊണ്ടു ഒരു പുതപ്പിനുള്ളിൽ അദ്ദേഹം കുറേനേരം നീണ്ടുനിവന്നു കിടന്നു. ഈയവസരത്തിൽ വീണ്ടും ദൈവസന്ദേശമുണ്ടായി. എഴുന്നേററു് ജനമദ്ധ്യത്തിലിറങ്ങി മതപ്രബോധനം നടത്താൻ.

ഇതോടെ നബി പ്രവർത്തനരംഗത്തേക്കു് തിരിഞ്ഞു. തന്റെ ജന്മഭൂമിയായ മക്കയിലും പരിസരങ്ങളിലും പ്രചരിച്ചുകഴിഞ്ഞിട്ടുള്ള ദുരാചാരങ്ങളെയും ദുസ്വഭാവങ്ങളെയും കുറിച്ചാണ് അദ്ദേഹത്തിന്ന് ഉപദേശിക്കാനുണ്ടായിരുന്നത്. ജനഹൃദയങ്ങളിൽ ഏകദൈവ വിശ്വാസം രൂഢമൂലമാവുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രഥമ പരിപാടി. മതപ്രബോധനം നടത്താൻ ദൈവകല്പനയുണ്ടായതിനെത്തുടർന്ന് നബി രഹസ്യമായി പ്രവർത്തനം തുടങ്ങി. പെട്ടെന്നു പരസ്യമായി പ്രവർത്തിക്കുമ്പോൾ ജനങ്ങൾ ഒന്നടങ്കം ക്ഷോഭിക്കും. അദ്ദേഹത്തിന്റെ പക്ഷത്തു ആരുമില്ലെന്നു് ബോദ്ധ്യമായാൽ അവർ എന്തു് ക്രൂര നടപടിക്കും മുതിരാതിരിക്കില്ല. അതു മനസ്സിലാക്കി അദ്ദേഹം ഏതാനുംപേരെ വശത്താക്കാൻ രഹസ്യമായി പ്രബോധനം നടത്തി. അതിന്നുശേഷം വിപുലമായി പ്രവർത്തിക്കാനായിരുന്നു തീരുമാനം.

മക്കാമുഷ്ടിക്കാരും ദുരഭിമാനികളുമല്ലെന്നു തോന്നിയവരെ

KOTTAYAM PUBLIC LIBRARY KOTTAYAM

സമീപിച്ച കഥാപുരുഷൻ ഏകദൈവ വിശ്വാസത്തെക്കുറിച്ചും പരലോകജീവിതത്തെക്കുറിച്ചും ഉപദേശിച്ചു. ഈ സംരംഭം ഏറെക്കുറെ വിജയിച്ചുവെന്നുതന്നെ പറയാം. ഏതാണ്ടോളം ബുദ്ധിജീവികൾ നബിയുടെ ദൌത്യത്തിൽ അടിയുറച്ചു വിശ്വസിച്ചു ആദ്യമായി ഇസ്ലാംമതം സ്വീകരിച്ചത് നബിയുടെ സഹധർമ്മിണി ഖദീജ, അബൂബക്കർ, അലി, സൈദുബിൻഹാരിസ തുടങ്ങിയവരാണ്. ഖുറൈശിഗോത്രക്കാരനും ഒരു ധനാഢ്യനുമായ അബൂബക്കറിൻെറ മതപരിവർത്തനംമൂലം ഇസ്ലാമിന്നു വലിയ നേട്ടമുണ്ടായി. അദ്ദേഹത്തിൻെറ ഉപദേശവും സ്വാധീനവും കാരണം പല വ്യക്തികളും നബിയുടെ അനുയായികളായിത്തീൎന്നു. ഉസ്മാനുബിൻഅഫ്ഫാൻ, സുബൈറുബിൻ അവാം, അബ്ദുർറഹ്മാനുബിൻഔഫ്, അബൂഉബൈദ, സഅദുബിൻ അബീവക്കാസ്, അബ്ദുല്ലാഹിബിൻ മസ്ഊദ്, അബൂദർറൽഗിഫാരി മുതലായ പ്രമുഖ വ്യക്തികൾ ഇസ്ലാമിലേക്ക് വരാൻ അബൂബക്കറാണ് കാരണം. നബിയുടെ കയ്യിൽ മൂർച്ചയുള്ള വാളോ വശീകരണോപകരണങ്ങളോ ഉണ്ടായിരുന്നില്ല. മനുഷ്യനെ മനുഷ്യനാക്കിത്തീൎക്കാനുപയുക്തമായ തത്വങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൻെറ മേന്മ മനസ്സിലാക്കി ആളുകൾ അദ്ദേഹത്തെ പിൻപററിയെന്നുമാത്രം. ആയുധശക്തി ഭയന്നിട്ടോ ഐഹികവിഭവങ്ങൾ സ്വപ്നംകണ്ടിട്ടോ അല്ല. അതിനാൽ ചുരുക്കം പേരാണെങ്കിലും നബിയുടെ പക്ഷത്തു ചേൎന്നവർ ആത്മാർത്ഥതയും ആദൎശസ്ഥിരതയുമുള്ളവരായിരുന്നു.

മൂന്നു സംവത്സരത്തോളം നബി രഹസ്യപ്രബോധനമാണു നടത്തിയത്. അപ്പോഴേക്കും പല ഭാഗങ്ങളിൽനിന്നും പ്രതിഷേധസ്വരങ്ങളുയൎന്നു. അതൊന്നും അദ്ദേഹം സാരമാക്കിയില്ല. മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ പരസ്യപ്രബോധനം നടത്താൻ ദൈവകല്പനയുണ്ടായി അദ്ദേഹം സഫാകുന്നിൽ

മുകളിൽ കയറിനിന്നു ഖുറൈശികളെ വിളിച്ചു. സംഗതിയെന്തായിരിക്കുമെന്നറിയാൻ അവർ ഓടിയടുത്തു. കൂട്ടത്തിൽ നബിയുടെ പിതൃവ്യൻ അബൂലഹബുമുണ്ടായിരുന്നു. താഴ്വരയിൽ എല്ലാവരും സമ്മേളിച്ചപ്പോൾ നബി അവരോടു പറഞ്ഞു. "ഈ മലയുടെ മറുഭാഗത്തു ഒരു കുതിരപ്പട്ടാളമുണ്ട്; അവർ നിങ്ങളെ അറുകൊല ചെയ്യാനാണു വരുന്നതെന്നു ഞാൻ പറഞ്ഞാൽ നിങ്ങളെന്നെ വിശ്വസിക്കുമോ?" ചോദ്യം കേട്ട അവർ പരിഭ്രമത്തോടെ ചുററുപാടും തിരിഞ്ഞുനോക്കി. എന്നിട്ട ഏകസ്വരത്തിൽ പ്രത്യുത്തരം നല്കി. "അതെ തീർച്ചയായും. ഞങ്ങൾ വിശ്വസിക്കും. നീ ഇതുവരെ കളവു പറഞ്ഞതായി ഞങ്ങളറിഞ്ഞിട്ടില്ല." പ്രതീക്ഷിച്ചിരുന്ന മറുപടിതന്നെയായിരുന്നു അത്. "എന്നാൽ ഞാൻ ദൈവദൂതനാണെന്നു നിങ്ങൾ വിശ്വസിക്കണം. ദൈവത്തിൻെറ ക്രൂരമായ ശിക്ഷയെക്കുറിച്ചുള്ള മുന്നറിവു നൽകുന്നവനാണ് ഞാൻ." നബി അവരെ അറിയിച്ചു. ഇതുകേട്ട അബൂലഹബിന്നു ശുണ്ഠിയെടുത്തു. അയാൾ ആക്രോശിച്ചു. "നീ നശിക്കട്ടെ. ഇതിന്നാണോ ഞങ്ങളെ നീ ഇവിടെ വിളിച്ചുവരുത്തിയത്." തീതുപ്പുന്ന നയനങ്ങളോടെ നബിയെ രൂക്ഷമായി നോക്കിക്കൊണ്ടു അയാൾ ജനങ്ങളെയുംകൂട്ടി അവിടെ നിന്നു തിരിഞ്ഞുനടന്നു. നബിയെ അബൂലഹബ് ശപിക്കുകയുണ്ടായല്ലോ. അദ്ദേഹം അതിന്നു മറുപടിയായി ഒരക്ഷരംപോലും പറഞ്ഞില്ല. പകരം അല്ലാഹുവാണ് അയാളെ ശപിച്ചത്. "അബൂലഹബ് നാശമടയട്ടെ. അവൻെറ സ്വത്തും ഭൗതികവിഭവങ്ങളും പ്രയോജനരഹിതമാണ്. ആളിക്കത്തുന്ന അഗ്നിയിൽ അവൻ പ്രവേശിക്കും. അവൻെറ ഭാര്യയുടെ സ്ഥിതിയും ഇതുതന്നെയാണ്." ഖുർആൻ പറയുന്നു.

പിന്നീട് സ്വന്തം കുടുംബക്കാരെ ഇസ്ലാംമതത്തിലേക്ക് ക്ഷണിക്കാൻ അല്ലാഹു നബിയോട് കല്പിച്ചു. അദ്ദേഹം ഓരോ

വംശത്തിൽപെട്ടവരെയും പ്രത്യേകം പ്രത്യേകം വിളിച്ചുകൊണ്ട് ഉപദേശിച്ചു. ''ദൈവത്തെ മാത്രമേ ആരാധിക്കാവൂ. നിങ്ങൾക്ക മതനിയമങ്ങൾ പഠിപ്പിച്ചുതരാൻ നിയമിതനായവനാണ് ഞാൻ. മരണാനന്തരം ഒരു ജീവിതമുണ്ട്. ഇവിടെവെച്ചു ചെയ്യുന്ന പ്രവൎത്തികൾക്ക അനുയോജ്യമായ പ്രതിഫലം അവിടെ നിന്നു ലഭിക്കും. ശാശ്വതമായ ആ ജീവിതം സുഖസമ്പൂൎണ്ണ മാക്കിതീൎക്കാനാണ് ഓരോരുത്തരും ശ്രമിക്കേണ്ടത്. എല്ലാം വൎക്കും താന്താങ്ങൾ പ്രവൎത്തിച്ചിട്ടുള്ള പ്രതിഫലമേ കിട്ടു. ദൈവ ദൂതനാണെന്നുവെച്ചു നിങ്ങളെ പാരത്രികശിക്ഷയിൽനിന്ന് മോചിപ്പിക്കാൻ എനിക്ക് കഴിയില്ല. അല്ലാഹുവിൻെറ നിയ മങ്ങൾക്ക കീഴ്പ്പെട്ടു ജീവിച്ചവന്നേ രക്ഷയുള്ളു. അതുകൊണ്ടു ഓരോരുത്തനും അവനവൻെറ ഭാവിജീവിതം ശോഭനമാക്കി തീൎക്കാൻ ശ്രദ്ധപതിക്കണം.'' സ്വകുടുംബങ്ങളെ ഉപദേ ശിക്കുന്ന കൂട്ടത്തിൽ തൻെറ പ്രിയപുത്രി ഫാത്തിമയോടായി അദ്ദേഹം പറഞ്ഞു. ''ഫാത്തിമ, നീ ദൈവദൂതൻെറ മക ളാണ്. പക്ഷെ നിൻെറ ശരീരത്തെ നരകത്തിൽനിന്നു മോചി പ്പിക്കാൻ വേണ്ട നടപടികൾ നീ തന്നെ കൈക്കൊള്ളണം. ദൈവത്തിൻെറ അധികാരാവകാശങ്ങളിൽ കൈകടത്തി നിന്നെ വല്ല പ്രകാരത്തിലും സഹായിക്കാൻ എനിക്ക സാദ്ധ്യമല്ല. എൻെറ സ്വത്തിൽനിന്നു എന്തുവേണമെങ്കിലും നിനക്ക ചോദിക്കാം. അതു നിറവേററിത്തരാൻ ഞാനെപ്പോഴും സന്ന ദ്ധനാണ്. ദൈവശിക്ഷക്ക പാത്രമായിത്തീരുന്നപക്ഷം നിന്നെ രക്ഷിക്കാൻമാത്രം എനിക്കസാധിക്കില്ല''.

ഏതാനും നാളുകൾ സ്വന്തക്കാരെ ഉപദേശിക്കുന്നതിൽ മാത്രം നബി ശ്രദ്ധ കേന്ദ്രീകരിച്ചു. പിന്നീടു പ്രചരണപ്രവ ൎത്തനം വിപുലമായതോതിൽ നടത്താൻ അല്ലാഹുവിൻെറ കല്പ

നയുണ്ടായി. അതനുസരിച്ചു മുമ്പത്തെപ്പോലെ അദ്ദേഹം പരസ്യമായി മതപ്രബോധനം നടത്തിവന്നു. സ്നേഹനിലക്കാണു് അദ്ദേഹം ജനങ്ങളെ ഉപദേശിച്ചതു്. ഇസ്ലാമതം സ്വീകരിക്കാഞ്ഞാലുണ്ടാകുന്ന ഭവിഷത്തുകൾ അദ്ദേഹം ഹൃദയസ്പൃശിയായ ശൈലിയിൽ അവരെ ഉണർത്തി. അസാധാരണമായ പ്രചരണപാടവമാണു നബിക്കുണ്ടായിരുന്നതു്. ആരെന്തു ചെയ്താലും ക്ഷോഭിക്കില്ല. സൗമ്യവും സ്നേഹനിർഭരവുമായി സംസാരിക്കും. അതുതന്നെ ഓരോ വ്യക്തിയുടേയും സ്ഥിതിഗതികൾ മനസ്സിലാക്കിക്കൊണ്ടു. നയചാതുര്യമുള്ള അദ്ദേഹത്തിൻെറ ഉപദേശം ഹൃദയത്തിലേക്കു തുളച്ചുകയറാൻ കെല്പുള്ളതായിരുന്നു.

## എങ്ങും ശത്രുക്കൾ!

തങ്ങൾ ചെയ്യുന്നതും വിശ്വസിക്കുന്നതും മാത്രമാണു് ശരിയെന്നു ശഠിക്കുന്നവരുണ്ടു്. അവരോടു് എത്ര തന്മയത്വത്തോടു കൂടി സംസാരിച്ചിട്ടും ഫലമില്ല. തങ്ങളുടെ പിടിവാശിയിൽനിന്നു അല്പമെങ്കിലും വ്യതിചലിക്കാൻ അവർ ഒരുക്കമുണ്ടാവില്ല. മക്കയിൽ ഇത്തരക്കാരായിരുന്നു കൂടുതൽ. പ്രത്യേകിച്ചും ഖുറൈശികൾ. നൂററാണ്ടുകളായി നിലനിന്നിരുന്ന വിശ്വാസങ്ങളും ആചാരങ്ങളും അവർ മുറുകെ പിടിച്ചു. അതു മാത്രമാണു് ശരിയെന്നു അവർ കണ്ണടച്ചു വിശ്വസിച്ചു. കാക്കകാരണവന്മാരുടെയും പിതാമഹന്മാരുടെയും കാല്പാടുകളാണതെന്നും അതുപേക്ഷിക്കുന്നതു് മരിച്ചു് മണ്ണടിഞ്ഞുപോയ അവരോടു ചെയ്യുന്ന കടുത്ത അനീതിയാണെന്നും ഇക്കൂട്ടർ വിശ്വസിച്ചു. തന്മൂലം എന്തു ത്യാഗം സഹിച്ചും തങ്ങളുടെ ആചാരാനുഷ്ഠാനങ്ങളെ നിലനിർത്താൻ അവർ ബദ്ധശ്രദ്ധരായി. നബി പ്രബോധനം ചെയ്യുന്ന നൂതനാശയങ്ങൾ കുഴിച്ചുമൂടിയാലേ അതിന്നു രക്ഷയുള്ളുവെന്നു അവക്കറിയാം. അവരുടെ മാർഗ്ഗത്തിൽ കിടക്കുന്ന വലിയൊരു വിലങ്ങുതടിയായിരുന്നു അദ്ദേഹം.

അങ്ങിനെ കഥാപുരുഷന്നു ശത്രുക്കളുണ്ടായി. പ്രവാചകനായി നിയമിക്കപ്പെട്ടന്നതുവരെ അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തവരായിരുന്നു അവർ. പെട്ടെന്നു ഒരു പ്രഭാതത്തിൽ അവരുടെ ഹൃദയത്തിൽ വൈരാഗ്യവും സ്പർദ്ധയും കടന്നുകൂടി. കുടുംബങ്ങൾപോലും നബിയുടെ ശത്രുക്കളായിത്തീൎന്നു. 'വിശ്വസ്തനും സൽഗുണസമ്പന്നനു'മായിരുന്ന അദ്ദേഹത്തെ ഇപ്പോൾ ആക്ഷേപം കണ്ടുകൂടാ.

പൌരപ്രധാനികളും നാട്ടുമൂപ്പന്മാരും പോക്കിരികളും നബിക്കെതിരായി അണിനിരന്നു. ബഹുഭൂരിപക്ഷം അവൎക്കായിരുന്നു. നബിയുടെ പക്ഷത്തു കുറച്ചുപേരെയുള്ളു. ശക്തിയും പ്രതാപവുമില്ലാത്ത ഏതാനും സാധുക്കൾ. എങ്കിലും അദ്ദേഹം രിപക്ഷത്തിന്റെ മുമ്പിൽ ചൂളിയില്ല. ദൈവം ഏല്പിച്ച ഉത്തരവാദം വിഘ്നം കൂടാതെ നിൎവ്വഹിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളും പ്രസ്താവനകളും എതിരാളികളെ അലോസരപ്പെടുത്തി. ഈ ശല്യം ഒഴിവാക്കാൻ എന്തു ചെയ്യണമെന്നു അവർ അവഗാഢമായി ചിന്തിച്ചു. നബിയുടെ രക്ഷാകൎത്താവും, ഖുറൈശി കാരണവരുമായ അബൂതാലിബിനോട് ആവലാതി ബോധിപ്പിക്കാനാണ് തീരുമാനിമുണ്ടായത്. അങ്ങിനെ പൌരമുഖ്യന്മാരടങ്ങിയ ഒരു നിവേദകസംഘം അദ്ദേഹത്തിന്റെ വസതിയിൽ ചെന്നു. "മുഹമ്മദിനെക്കൊണ്ട് വിഷമം നേരിടുന്നുണ്ട്. അവൻ ഞങ്ങളുടെ ബുദ്ധിശക്തിയെ ചോദ്യംചെയ്യുന്നു. മുൻഗാമികളുടെ നടപടികളെ എതിൎക്കുന്നു. നിങ്ങൾ ഇതിന്നൊരു നിവാരണമുണ്ടാക്കണം". അതായിരുന്നു അവരുടെ ആവശ്യം. അബൂതാലിബ് അവരെ സമാധാനിപ്പിച്ചു മടക്കിഅയച്ചു.

നബിയുടെ പ്രവൎത്തനത്തിന്നു ഒട്ടും മാററമുണ്ടായില്ല. അത് പൂൎവ്വാധികം ശക്തിപ്പെട്ടതേയുള്ളു. ദിവസങ്ങൾ കുറെ

കഴിഞ്ഞു. തങ്ങളുടെ നിഃവദനത്തിന്നു ഫലമുണ്ടാവാഞ്ഞതിനാൽ തല്പരകക്ഷികൾ രണ്ടാമതും അബൂതാലിബിനെ സമീപിച്ചു. ഇത്തവണ കുറച്ചു കൎശനമായിട്ടാണ് അവർ സംസാരിച്ചത്. "നിങ്ങൾ ഞങ്ങളുടെയെല്ലാം കാരണവരാണ്. ഞങ്ങളേക്കാൾ യോഗ്യതയും സ്ഥാനമാനങ്ങളും നിങ്ങൾക്കുണ്ട്. അതുകൊണ്ടാണ് മുഹമ്മദിനെ അവന്റെ പ്രവൎത്തനത്തിൽ നിന്നു പിന്തിരിപ്പിക്കാൻ നിങ്ങളോടാവശ്യപ്പെട്ടത്. പക്ഷെ ഇപ്പോൾ പ്രവൎത്തനം സജീവമാക്കുകയേ അവൻ ചെയ്തിട്ടുള്ളു. ജീവനേക്കാൾ ബഹുമാനിക്കുന്ന പൂൎവ്വികന്മാരെ ആക്ഷേപിക്കുന്നത് കേട്ടുകൊണ്ടിരിക്കാൻ ഞങ്ങൾക്കു ക്ഷമയില്ല. ഒന്നുകിൽ നിങ്ങളവനെ നിലക്കുനിൎത്തുക. അല്ലാത്തപക്ഷം ഞങ്ങൾക്ക് അവനുമായി സമരം ചെയ്യേണ്ടിവരും." ഇതുപറഞ്ഞു അവർ ഇറങ്ങി നടന്നു. അബൂതാലിബ് നബിയിൽ വിശ്വസിച്ചിട്ടില്ല. എന്നിരുന്നാലും സഹോദരപുത്രനോടു അദ്ദേഹത്തിന്നു വലിയ സ്നേഹമായിരുന്നു. പൌരമുഖ്യന്മാരുടെ ആവലാതി അബൂതാലിബിനെ ഒരു വിഷമസന്ധിയിലെത്തിച്ചു. രണ്ടു കൂട്ടരെയും കയ്യൊഴിക്കാൻ പാടില്ലാത്ത ഒരവസ്ഥയായിരുന്നു അദ്ദേഹത്തിന്റേത്. വളരെ നേരം തല പുകഞ്ഞാലോചിച്ചു ശേഷം ആ കാരണവർ ഒരു തീരുമാനത്തിലെത്തി. സഹോദര പുത്രനെ വിളിച്ചു, സമാധാനപൂൎവ്വം സംസാരിക്കാൻ.

ഒരു ദിവസം അബൂതാലിബ് നബിയെ വിളിച്ചുവരുത്തി ഇപ്രകാരം പറഞ്ഞു. "സഹോദരപുത്രാ! നിന്റെ പ്രവൎത്തനത്തെക്കുറിച്ചു ആളുകൾ ഇവിടെ വന്നു പരാതിപ്പെടുകയുണ്ടായി. എന്നെ വിഷമിപ്പിക്കരുതെന്നു മാത്രമാണു എനിക്കു നിന്നോടു പറയാനുള്ളത്." തന്നെ കൎത്തവ്യനിൎവ്വഹണത്തിൽനിന്നു പിന്തിരിപ്പിക്കാനാണു പിതൃവ്യന്റെ ഭാവമെന്നു നബി ധരിച്ചു. "അവർ എന്റെ വലതു കയ്യിൽ സൂൎയ്യനേയും ഇടതു കയ്യിൽ

ചന്ദ്രനെയും വെച്ചുതന്നാൽപോലും ഞാനേറെറടുത്ത ഉത്തരവാദിത്വത്തിൽനിന്നു അല്പമെങ്കിലും പിൻവാങ്ങാൻ ഞാനൊരുക്കമല്ല." അദ്ദേഹം ദൃഢസ്വരത്തിൽ പ്രസ്താവിച്ചു. നബിയുടെ ധീരമായ പ്രഖ്യാപനം പിതൃവ്യനെ ആനന്ദതുന്ദിലനാക്കി. സന്തോഷാശ്രു പൊഴിച്ചുകൊണ്ടു അദ്ദേഹം ആ യുവാവിൻെറ പുറത്തുതലോടിയിട്ടു പറഞ്ഞു. "നീ പോയി നിൻെറ പ്രവൎത്തനം നടത്തിക്കൊള്ളുക. ഞാൻ നിന്നെ ശത്രുക്കൾക്കു ഏല്പിച്ചുകൊടുക്കില്ല. തീൎച്ച." ഈ മറുപടി നബിക്കു ഉത്തേജനം നൽകി. അദ്ദേഹം ജനമദ്ധ്യത്തിലേക്കു തിരിച്ചു.

എതിരാളികൾ വെറുതെയിരുന്നില്ല. അവർ മറ്റുനപ്രവൎത്തനങ്ങൾ സംഘടിപ്പിച്ചു. തങ്ങളുടെ ഒന്നാമത്തെ നടപടി തന്നെ പരാജയത്തിൽ കലാശിച്ചുവെന്നതു അവരെ കൂടുതൽ രോഷാകുലരാക്കിത്തീൎത്തു. നബിക്കെതിരായി ദുരാരോപണങ്ങളും ദുഷ്പ്രചരണങ്ങളും അഴിച്ചുവിടുകയെന്നതായിരുന്നു പരിപാടിയിലെ ആദ്യത്തെ ഇനം. അതവർ മുറക്കു നിൎവ്വഹിച്ചു. നബിക്കു അനുഭവിക്കേണ്ടിവന്ന പരിഹാസങ്ങളും വിമൎശനങ്ങളും അപാരമായിരുന്നു. തൻെറ അടുത്ത കുടുംബങ്ങൾക്കാണു അദ്ദേഹത്തോടു കടുത്ത വിദ്വേഷമുണ്ടായിരുന്നത്. മററുള്ളവരെ അപേക്ഷിച്ചു അവരായിരുന്നു ശത്രുനിരയുടെ മുന്നിൽ. നബിയുടെ പിതൃവ്യപുത്രൻ അബൂജഹലും പിതൃവ്യൻ അബൂലഹബും ഗുണ്ടാപ്രവൎത്തനത്തിന്നു നേതൃത്വം നൽകി.

അദ്ദേഹം ഭ്രാന്തനും ആഭിചാരകനുമാണെന്നു ശത്രുക്കൾ കൊട്ടിഘോഷിച്ചു. നബി നടന്നുപോകുമ്പോൾ ശത്രുപ്രമുഖന്മാർ തെണ്ടിപ്പിള്ളാരെക്കൊണ്ടു കൂവിക്കുകയും അസഭ്യം വിളിച്ചുപറയിക്കുകയും ചെയ്തു. ഇതുകൊണ്ടൊന്നും ആ പരിഷ്കൎത്താവു് കുലുങ്ങിയില്ല. എതിൎപ്പുകളെ വകവെക്കാതെ അദ്ദേഹം മതോപദേശം നടത്തിക്കൊണ്ടിരുന്നു. ശത്രുപക്ഷത്തിന്നു ചുണ

വദ്ധിച്ചു. അവരുടെ സ്വാധീനവലയത്തിൽ നിന്നു ഓരോരുത്തരായി ഊരിച്ചാടി നബിയുടെ പക്ഷത്തു ചേൻകൊണ്ടിരുന്നു. അതാണ് അവരെ വളരെയേറെ വിഷമിപ്പിച്ചത്. ഇനിയെന്തു വേണമെന്നതിനെക്കുറിച്ചു അവർ ഉറക്കെ ചിന്തിച്ചു.

## ഖുർആനിൻെറ അമാനുഷികത്വം

ജിബ്രീൽ മുഖേന നബിക്കു കിട്ടിയ ദൈവസന്ദേശങ്ങളുണല്ലോ ഖുർആൻ. അത് ദൈവത്തിൻെറ വാക്കുകളാണ്. നബിയുടേതല്ല. തനിക്ക് ലഭിക്കുന്ന ശാസനകൾ അക്ഷരം പ്രതി ജനങ്ങൾക്കു അറിയിച്ചുകൊടുക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. ഖുർആനിൻെറ ഭാഷ അറബിയാണ്. പക്ഷെ സാധാരണ കൃതികൾക്കൊന്നുമില്ലാത്ത ചില സവിശേഷതകൾ അതിനുണ്ട്. ഖുർആനിൻെറ സാഹിത്യസംപുഷ്ടിയും വശ്യതയും ശത്രുക്കളെപ്പോലും അതിശയിപ്പിച്ചു. മുസ്ലിംകൾ ഖുർആൻ പാരായണംചെയ്യുന്നതു കേട്ടാൽ അവർ പകച്ചുനില്ക്കുക പതിവാണ്. ഒരമാനുഷികശക്തി അവരെ തടഞ്ഞുനിത്തുന്നതുപോലെ. നബിയും അബൂബക്കറും ഖുർആൻവാക്യങ്ങൾ വായിക്കുമ്പോൾ അമുസ്ലിംകൾ കൂട്ടംകൂട്ടമായി അവിടെ തടിച്ചുകൂടിക്കൊണ്ടിരിക്കും. ആ വിശിഷ്ടഗ്രന്ഥത്തിൻെറ മാധുര്യവും വശ്യശക്തിയുമാണു ഇതുകാണിക്കുന്നത്. എത്ര ക്രൂരമായ ഹൃദയത്തേയും മാനസാന്തരപ്പെടുത്താൻ ഖുർആനിന്നു കെല്പുണ്ട്. നബിയെ കൊലപ്പെടുത്താൻ ഊരിപ്പിടിച്ചവാളുമായി കുതിച്ച ഉമറൽ ഫാറൂഖിൻെറ ആകസ്മികമായ പരിവത്തനത്തിന്നു അതാണു കാരണം.

നബിയുടെ പ്രവാചകത്വത്തിന്നുള്ള ഏററവും വലിയ തെളിവ് ഈ ഗ്രന്ഥമാണ്. അദ്ദേഹത്തിൻെറ പൂവ്വകാല ചരിത്രം അറിയുന്നവക്കെല്ലാം അത് അദ്ദേഹത്തിൻെറ സ്വന്തം

കൃതിയല്ലെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. അക്ഷരജ്ഞാനമില്ലാത്തവനായിരുന്നുവല്ലോ കഥാപുരുഷൻ. മതപ്രബോധനത്തിലേർപ്പെടുന്നതുവരെ അദ്ദേഹം എവിടെയുംപോയി വിദ്യയഭ്യസിച്ചിട്ടില്ലെന്നു അറബികൾക്കറിയാം. ഇങ്ങനെ എഴുത്തും വായനയും അറിയാത്ത ഒരു വ്യക്തി പെട്ടെന്നു ഒരുനാൾ സാഹിത്യസമ്പൂർണ്ണമായ ഭാഷയിൽ വിലപിടിച്ച തത്വങ്ങളും സിദ്ധാന്തങ്ങളും അവരുടെ മുമ്പിൽവെക്കുന്നു. ഇതെവിടെനിന്നു കിട്ടി? അദ്ദേഹം നിർമ്മിച്ചതാണെന്നു വിശ്വസിക്കാൻ നിവൃത്തിയില്ല. അങ്ങിനെയാണെങ്കിൽ വിദ്യാസമ്പന്നരും സാഹിത്യകാരന്മാരുമായ മററുള്ളവക്കു അതിന്നു കഴിയേണ്ടതല്ലേ? അപ്പോൾ ഒരമാനുഷികഗ്രന്ഥമാണതെന്നു സ്പഷ്ടമാണ്. ശത്രുക്കൾ പരസ്യമായിട്ടല്ലെങ്കിലും അത് സമ്മതിച്ചിരുന്നു. ഏററവുംവലിയ സാഹിത്യകാരന്നുപോലും അത്തരം ഒരു കൃതി രചിക്കാൻ സാദ്ധ്യമല്ലെന്നു അവക്കൊക്കെ നന്നായറിയാം. എന്നിരുന്നാലും നബിയോടുള്ള എതൃപ്പ് നിമിത്തം അതവർ തുറന്നു സമ്മതിച്ചില്ല. ഖുർആനിൻെറ വശ്യശക്തി ശത്രുപ്രമുഖന്മാരെ ശ്വാസംമുട്ടിച്ചു. ബഹുജനങ്ങൾ അതിൻെറ മാസ്മരികശക്തിയിൽപെട്ടു തങ്ങളുടെ അണിയിൽനിന്നു തെററുമോ എന്നായിരുന്നു അവരുടെ ഭയം. അതിന്നു അവർ കണ്ടുപിടിച്ച യുക്തി ഖുർആൻപാരായണത്തിന്നു വിഘാതം സൃഷ്ടിക്കാനും അതിൻെറ സ്വരം മററുള്ളവർ കേൾക്കുന്നത് തടയാനുമാണ്. മുസ്ലിംകൾ ഖുർആനോതുന്നേടത്ത് ചെന്ന് ബഹളമുണ്ടാക്കാനും അതുവഴി അതിൻെറ ശബ്ദം അടിച്ചമർത്താനും നേതാക്കൾ അനുയായികളെ ഉപദേശിച്ചു. ഇതിന്നു പുറമെ ആ മഹൽഗ്രന്ഥം മുഹമ്മദിൻെറ സ്വന്തം കൃതിയാണെന്നും അവർ തട്ടിമൂളിച്ചു. മനസ്സാക്ഷിയെ വഞ്ചിക്കുന്ന ഒരാരോപണമായിരുന്നു ഇത്.

അവരുടെ വാദത്തെ നബി എതിർത്തു. "ഖുർആൻ ദൈവ

ത്തിൻെറതാണ്. ഞാൻ അതിൻെറ വ്യാഖ്യാതാവുമാത്രം." അദ്ദേഹം മറുപടിപറഞ്ഞു. ഇതെങ്ങിനെ അവർ സ്വീകരിക്കും.? ഖുർആൻ ദൈവത്തിൻെറതാണെന്നു അവക്കറിയാത്തതുകൊണ്ടാണോ?

അറബിസാഹിത്യം പൂർണ്ണവളർച്ച പ്രാപിച്ച കാലത്താണു നബിതിരുമേനി നിയോഗിക്കപ്പെട്ടത്. നിപുണരും പ്രഗത്ഭരുമായ എത്രയോ സാഹിത്യകാരന്മാരും കവികളും അവിടെയുണ്ടായിരുന്നു. സാഹിത്യമത്സരങ്ങൾ അറേബ്യയിൽ സർവ്വസാധാരണമാണ്. ഉക്കാസ്, ദുൽമിജന്നപോലുള്ള ഉത്സവങ്ങളോടനുബന്ധിച്ച വിദ്യൽസമ്മേളനങ്ങളും നടക്കും. ഇതെല്ലാം അറബികളുടെ സാഹിത്യാഭിരുചിയെയും ഭാഷാപരമായ അഭ്യുന്നതിയെയുമാണു തെളിയിക്കുന്നത്

ഖുർആനിൻെറ അമാനുഷികത്വത്തെ നിഷേധിച്ചിരുന്ന അറബികളെ ദൈവം വെല്ലുവിളിച്ചു. "മുഹമ്മദാണു അതുണ്ടാക്കിയതെന്നാണല്ലോ നിങ്ങളുടെ വാദം. എന്നാൽ അതിനോടു തുല്യമായ ഒരദ്ധ്യായം നിങ്ങൾ കൊണ്ടുവരൂ. സത്യവാദികളാണു നിങ്ങളെങ്കിൽ അതാണു വേണ്ടത്. എല്ലാവരും സംഘടിതരായി അതിന്നുവേണ്ടി പരിശ്രമിച്ചുകൊള്ളുക. സഹായത്തിന്നു ആരെയും വിളിക്കാം. വേണമെങ്കിൽ മുഹമ്മദിനെയും വിളിച്ചോളൂ." ഈ വെല്ലുവിളിക്കു മുമ്പിൽ അറേബ്യയിലെ പ്രസിദ്ധരായ സാഹിത്യകാരന്മാർ ചൂളിപ്പോയി. മനുഷ്യരും ജിന്നുകളും ഒത്തു പ്രവർത്തിച്ചാൽപോലും സാദ്ധ്യമാവാത്ത ഒരു കാര്യമാണത്. പിന്നെ അവക്കെങ്ങിനെ കഴിയും ? ദൈവത്തിൻെറ വെല്ലുവിളി സ്വീകരിക്കാൻ കഴിയാതിരുന്നിട്ടും അവർ സത്യത്തിലേക്കു മടങ്ങാൻ കൂട്ടാക്കിയില്ല. അല്ലാഹു തൻെറ വാദം ഒരിക്കൽകൂടി ആവർത്തിച്ചു. "ഒരദ്ധ്യായം പോകട്ടെ. ഖുർആനിലേതിന്നു തുല്യമായ ഒരു വാക്യം നിങ്ങളുണ്ടാക്കി

യാൽ മതി." അതും അവക്ക് കഴിഞ്ഞില്ല. ആ വിശിഷ്ടഗ്രന്ഥത്തിന്റെ അമാനുഷികത്വത്തിന്നു അവരുടെ പരാജയം തെളിവാണ്. ഇസ്ലാമിനോടും ദൈവദൂതനോടും വൈരാഗ്യം വെച്ചുപുലത്തുന്നവർ വെല്ലുവിളി സ്വീകരിച്ചു. തങ്ങളുടെ നിലപാടു ശരിയാണെന്നു തെളിയിക്കേണ്ടതായിരുന്നു. അതവർ ചെയ്യാഞ്ഞതു അവരുടെ അപ്രാപ്തികൊണ്ടല്ലെങ്കിൽ മറെറന്താണ്? ദൈവത്തിന്റെ വെല്ലുവിളി നടന്നിട്ടു സഹസ്രാബ്ദങ്ങൾ പിന്നിട്ടു. ഇന്നേവരെ അതു സ്വീകരിക്കാൻ ഒരാൾക്കും കഴിഞ്ഞിട്ടില്ല. ആറാം നൂററാണ്ടിലെ അറബിസാഹിത്യകാരന്മാൎക്ക കഴിയാത്ത ഒരു കാര്യം പില്ക്കാലക്കാർ ചെയ്യുമെന്നു വിശ്വസിക്കാൻ പ്രയാസമുണ്ട്. ഖുർആൻ ദൈവീകഗ്രന്ഥമാണെന്നും മുഹമ്മദ്നബി (സ. അ.) ദൈവദൂതനാണെന്നുമുള്ളതിന്നു ഇതുതന്നെയാണു ബലപ്പെട്ട തെളിവു്.

## മർദ്ദനങ്ങൾ

ഖുറൈശികളുടെ എതിർപ്പുകളെ വകവെക്കാതെ നബിതിരുമേനി പ്രവത്തനം തുടൎന്നുകൊണ്ടിരുന്നു. പരിഹാസവും വിമൎശനവും ഫലം ചെയ്യാതിരിക്കുന്നതു കണ്ടപ്പോൾ ശത്രുക്കൾ അടവൊന്നു മാററി. നബിയെയും അനുയായികളെയും ദേഹോപദ്രവമേല്പിക്കുകയെന്നതായിരുന്നു പുതിയ പരിപാടി. അതും അവർ ശരിക്കു നിവ്വഹിച്ചു. നബിയെ കല്ലെറിയുക; വഴിയിൽ മുള്ളുകളും മററും ഇടുക; കുഴികുഴിക്കുക തുടങ്ങിയ മൎദ്ദനനടപടികൾ നിത്യവും തുടൎന്നുകൊണ്ടിരുന്നു. നബിക്കു വളരെയധികം വിഷമതകൾ തന്മൂലമുണ്ടായി. പക്ഷെ കത്തവ്യനിവ്വഹണത്തിൽ അദ്ദേഹം അമാന്തം കാണിച്ചില്ല. തന്റെ നേരെ അഴിച്ചുവിടപ്പെടുന്ന മർദ്ദനമുറകളെ ക്ഷമാപൂവ്വം അദ്ദേഹം നേരിട്ടു. കഥാപുരുഷന്റെ നേരെ ശത്രുക്കൾ പ്രയോഗിച്ച

ക്രൂരമായ നടപടികളുടെ സ്വഭാവം മനസ്സിലാക്കാൻ ഏതാനും സംഭവങ്ങൾ ഇവിടെ ചേർക്കാം.

തലക്കമീതെ ഒരു പാറക്കൻ കല്ലിട്ടു നബിയെ കൊലപ്പെടുത്താൻ ഒരിക്കൽ അബൂജഹൽ പ്ലാനിട്ടു. അതിന്നു പററിയ അവസരം കാത്തിരിക്കയായിരുന്നു ആ ദുഷ്ടൻ. അങ്ങിനെയിരിക്കെയാണ് നബി (സ. അ) പള്ളിയിൽ കയറി നമസ്കാരം നടത്തിക്കൊണ്ടിരിക്കുന്നത് അയാൾ കണ്ടത്. ഇത് തന്നെയാണ് ഏററവും നല്ല അവസരമെന്നു അബൂജഹൽ മനസ്സിലാക്കി. ഭൗതിക ചിന്തകളിൽനിന്നെല്ലാം വിരമിച്ചു ദൈവസ്മരണയിൽ ലയിക്കുന്ന സമയമാണല്ലോ നമസ്കാരം. അപ്പോൾ പെട്ടെന്നു കല്ലിടുന്നപക്ഷം അദ്ദേഹത്തിന്നു രക്ഷപ്പെടാൻ കഴിയില്ല. അയാൾ ഓർത്തു. പരിപാടിയനുസരിച്ചു ഒരു വലിയ കല്ലും പേറി അബൂജഹൽ നബിയുടെ അടുക്കൽ മറഞ്ഞുനിന്നു. സുജൂദ് ചെയ്യുമ്പോഴാണ് തൻെറ ഗൂഢാലോചന നടപ്പിൽ വരുത്താൻ നല്ലതെന്നു അയാൾ തീർച്ചപ്പെടുത്തി. നബി സുജൂദിൽ പ്രവേശിച്ചു നെററി നിലത്തുകുത്തി. അദ്ദേഹം ദീർഘനേരം ദൈവത്തെ ധ്യാനിച്ചു. ഈയവസരത്തിൽ അബൂജഹൽ പിന്നിലൂടെ വന്നു അദ്ദേഹത്തിൻെറ ശിരസ്സിൽ കല്ലിടാൻ ഭാവിച്ചു. പക്ഷേ, അത് പ്രയോഗത്തിൽ വരുത്താൻ കഴിഞ്ഞില്ല. ദൈവം അയാളുടെ ഹൃദയത്തിൽ ഭയാശങ്കകൾ അങ്കുരിപ്പിച്ചു. തന്നിമിത്തം ദേഹമാസകലം വിറക്കാൻ തുടങ്ങി. ആകസ്മികമായുണ്ടായ ഈ മാററം അബൂജഹലിനെ തൻെറ ഉദ്യമത്തിൽനിന്നു പിന്തിരിപ്പിച്ചു. ഗൂഢാലോചന നടപ്പിൽ വരുത്താൻ കഴിയാതെ അയാൾ അവിടെനിന്നു സ്ഥലം വിട്ടു.

മറെറാരിക്കൽ നബിയുടെ കഴുത്തിൽ ഒട്ടകത്തിൻെറ കുടൽമാല ചാർത്താൻ ഉത്ബത്തുബ്നു അബീമുഅയിത്ത് എന്ന ആൾ ധൈര്യപ്പെടുകയുണ്ടായി. സുജൂദ് ചെയ്തു കൊണ്ടിരിക്കെ

KOTTAYAM PUBLIC LIBRARY KOTTAYAM

യാണിത് സംഭവിച്ചത്. തിരുമേനിയുടെ കഴുത്തിൽനിന്നു ആ വൃത്തികേട എടുത്തുമാററാൻ മുസ്ലിംകൾക്ക് ധൈര്യമുണ്ടായില്ല. എങ്ങിനെ ധൈര്യമുണ്ടാവും? അവർ കുറച്ചുപേരെ ഉള്ളൂ. ഖുറൈശികൾ ഭൂരിപക്ഷവും. ഒടുവിൽ നബിയുടെ ഓമന പുത്രി ഫാത്തിമയാണ് അത് നീക്കംചെയ്തത്.

കഥാപുരുഷനെ മർദ്ദനംവഴി ശ്വാസം മുട്ടിച്ചിരുന്നത് സ്വപിതൃവ്യൻ അബൂലഹബാണ്. അയാൾക്കായിരുന്നു തിരുമേനിയോടു കലശലായ വിദ്വേഷം. അദ്ദേഹത്തിൻെറ വീട്ടിന്നടുത്താണ് അബൂലഹബ് താമസിച്ചിരുന്നത്. മനുഷ്യത്വഹീനമായ പല അക്രമപ്രവത്തനങ്ങളും അയാൾ ചെയ്തു. നബിയുടെ വീട്ടുവാതില്ക്കൽ മലിനവസ്തുക്കൾ കൊണ്ടുപോയി നിക്ഷേപിക്കുന്നതു അബൂലഹബ് തൊഴിലാക്കി. നബി അതെല്ലാം വളരെ പാടുപെട്ടാണ് വൃത്തിയാക്കിയിരുന്നത്. ഇത് അയൽവാസികൾക്ക് ചേന്നതല്ലെന്നു അദ്ദേഹം അയാളെ ഉപദേശിച്ചുകൊണ്ടിരിക്കും. അബൂലഹബിനെ ഇത്തരം കാര്യങ്ങളിൽ ഭാര്യയും സഹായിച്ചിരുന്നു. ഉമ്മുജമീൽ എന്നു പേരായ അവൾ നബിയെ ശകാരിച്ചതിന്നു കണക്കില്ല. മറ്റനനടപടികളിൽ ഭത്താവിനെപ്പോലെയായിരുന്നു അവളും.

ഇതിനെക്കാളെല്ലാം ആപല്കരമായ ഒരു പ്രവൃത്തിയാണ് ഉഖ്ബത്തുബിൻ അബീമുഅയിത്ത് ഒരിക്കൽ ചെയ്തത്. നബി നമസ്കരിക്കുകയായിരുന്നു. ഉഖ്ബത്ത് അദ്ദേഹത്തിൻെറ കഴുത്തിൽ മുണ്ടിട്ടുമുറുക്കി. ശ്വാസം കിട്ടാതെ നബി കുഴങ്ങി. അബൂബക്കർ അവിടെ ഓടിയെത്തി അദ്ദേഹത്തെ രക്ഷപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ സ്ഥിതി വഷളായേനേ.

നബിക്ക് ഏല്ക്കേണ്ടിവന്ന മർദ്ദനങ്ങളുടെ ഒരു ചുരുക്ക വിവരണമേ ഇവിടെ കൊടുത്തിട്ടുള്ളൂ. ഇത്തരം ക്രൂരമായ അനുഭവങ്ങൾ അദ്ദേഹത്തിൻെറ അനുയായികൾക്കുമുണ്ടായിട്ടുണ്ട്. മുഗീയ.

മെന്നു പറഞ്ഞാൽ മൃഗങ്ങളോപോലും പ്രതിഷേധിക്കുമാറുള്ള മർദ്ദന നടപടികളാണ് ശത്രുക്കൾ പ്രയോഗിച്ചിരുന്നത്. ഇസ്ലാമിക ആശയങ്ങൾ കൈക്കൊണ്ടതിന്റെ പേരിൽ അവർ നിസ്സഹായരും നിരാലംബരുമായ മുസ്ലിംകളെ കൊല്ലാതെ കൊന്നു. എന്നിട്ടും തങ്ങളുടെ വിശ്വാസം അവർ കൈവെടിഞ്ഞില്ല. പ്രാണവേദനമൂലം പിടഞ്ഞു കൊണ്ടിരിക്കുമ്പോഴും ദൈവത്തിന്റെ നാമം ഉരുവിട്ടുകൊണ്ടിരിക്കയാണ് അവർ ചെയ്തത്.

നബിയെ പിൻപററിയെന്ന ഏക കാരണത്താൽ മർദ്ദനങ്ങളുടെ തീച്ചൂളയിൽ കിടന്നു പാടുപെട്ട ഒരാളാണ് ബിലാൽ(റ). ഉമയ്യത്തുബിൻ ഖലഫിന്റെ അടിമയായിരുന്നു അദ്ദേഹം. നബിയിൽ അവിശ്വസിക്കാൻ യജമാനൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. അതിന്നു വഴിപ്പെടാഞ്ഞപ്പോൾ ആ ശിലാഹൃദയൻ ബിലാലിന്റെ കഴുത്തിൽ കയററിട്ടു ചുട്ടുപഴുത്ത മണലാരണ്യത്തിലൂടെ അദ്ദേഹത്തെ വലിച്ചിഴക്കാൻ കുട്ടികളെ ഏല്പിച്ചു. അവർ അദ്ദേഹത്തിന്റെ നെഞ്ചിൽ ഒരു പരുക്കൻ കല്ല് കയററിവെച്ചു തീ തുപ്പുന്ന പൂഴിയിലൂടെ വലിച്ചുകൊണ്ടു നടക്കാൻ തുടങ്ങി. ചൂട് സഹിക്കവയ്യാതെ ബിലാൽ അറുത്തിട്ട കോഴിയെപ്പോലെ തട്ടിപ്പിടഞ്ഞുകൊണ്ടിരുന്നു. ക്രൂരമായ ഈ വിനോദം കണ്ടു രസിക്കുകയായിരുന്ന ഉമയ്യത്ത് ആവശ്യപ്പെട്ടു. "ബിലാലേ, ഞാൻ മുഹമ്മദിൽ അവിശ്വസിക്കുന്നു എന്നു മാത്രം പറഞ്ഞാൽ മതി. നിന്നെ വെറുതെ വിട്ടേക്കാം" അതദ്ദേഹം സ്വീകരിച്ചില്ല. ദേഹം വെന്തുരുകികൊണ്ടിരുന്നപ്പോഴും അഹദ്, അഹദ് (ദൈവം ഏകനാണ്) എന്നദ്ദേഹം പറഞ്ഞു. ഒടുവിൽ ആ സാധുവിനെ അബൂബക്കർ (റ) അമിതമായ വിലകൊടുത്തു വാങ്ങി സ്വതന്ത്രനാക്കുകയാണുണ്ടായത്.

അമ്മാറുബിൻ യാസിറിന്റെയും മാതാപിതാക്കളുടെയും സ്ഥിതിയും ഇതുതന്നെയായിരുന്നു. യജമാനന്മാർ അവരെ നിർ

ദ്ദയം മർദ്ദിച്ചു. ഇരുമ്പ് പഴുപ്പിച്ച് വെക്കുക; കഠിനമായ ഉഷ്ണമുള്ള ദിവസം ഇരുമ്പിൻെറ അങ്കികളണയിച്ച് വെയിലത്തു നിർത്തുക തുടങ്ങിയ പീഡനങ്ങളാണ് അവർ അനുഭവിച്ചത്. അമ്മാറ ബിൻ യാസിറിൻെറ മാതാവിൻെറ മുൻഭാഗത്തിലൂടെ ശത്രുക്കാം കുന്തം കുത്തികയററി. ഇവ്വിധത്തിലുള്ള നിഷ്ഠൂരമായ അക്രമങ്ങാം സഹിക്കേണ്ടിവന്നിട്ടും അവർ തീരെ അടിപതറിയില്ല. ഇസ്ലാമികാദർശത്തിൻെറ നിലനില്പിനുവേണ്ടി എല്ലാം സഹിച്ചു. അമ്മാറിനെയും മാതാപിതാക്കളെയും നബിശ്ലാഘിക്കാനും സ്വർഗ്ഗം ലഭിക്കുമെന്നു് സന്തോഷവാർത്തയറിയിക്കാനും അതാണ് കാരണം.

പല മുസ്ലിംകാംക്കും ഇതുപോലുള്ള ദുരിതങ്ങാം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അക്കാലത്ത് നബിയും സഖാക്കളും ദാരൽ അർഖം എന്ന പേരായ ഒരു രഹസ്യസങ്കേതത്തിലാണ് കഴിഞ്ഞിരുന്നത്. അവിടെവെച്ച് തിരുമേനി അനുയായികാംക്കു വേണ്ട ഉപദേശനിർദ്ദേശങ്ങാം നൽകും. ആരാധനാകർമ്മങ്ങളും അവിടെവെച്ചുതന്നെ നടത്തും. ശത്രുക്കളെ ഭയന്നാണ് അവർ ആ സ്ഥലത്ത് അടങ്ങിയൊതുങ്ങി താമസിച്ചിരുന്നത്. ഈ വിഷമസന്ധികളിൽ ഖദീജയുടെയും അബൂതാലിബിൻെറയും സഹായം നബിക്ക് ഏറെക്കുറെ ആശ്വാസമേകി. ധനാഢ്യയായ ഖദീജ അദ്ദേഹത്തിനുവേണ്ടി തൻെറ സർവ്വസ്വവും ബലി കഴിക്കാൻ തയ്യാറായിരുന്നു.

## മോഹനവാഗ്ദാനങ്ങാം

ഖുറൈശികളുടെ മർദ്ദനനടപടികാം പ്രയോജനരഹിതമാവുകയാണല്ലോ ചെയ്തത്. കയ്പുകുടി കാണിച്ചു നബിയേയും അനുയായികളേയും പാട്ടിലാക്കാമെന്നാണ് അവർ വിചാരിച്ചിരുന്നത്. അതു പരാജയത്തിൽ കലാശിച്ചപ്പോാം അവർ നയം

മാററി. നബിയുമായി അനുരഞ്ജനസംഭാഷണം നടത്തി ഒത്തു
തീർപ്പിലെത്താൻ. ഈ നിർദ്ദേശമുന്നയിച്ചതു ഖുറൈശിപ്രമുഖന്മാ
രിലൊരാളായ ഉത്ബത്തുബ്നിൻ റബീഅയാണ്. "മുഹമ്മദു
മായി സൗഹാർദ്ദസംഭാഷണം നടത്താൻ ഞാൻതന്നെ പോവാം.
ചില വ്യവസ്ഥകൾ ഞാനവൻെറ മുമ്പിൽ വെക്കും. അതവൻ
സ്വീകരിച്ചു പ്രവർത്തനത്തിൽനിന്നു വിരമിച്ചെങ്കിലോ?" അ
യാൾ അഭിപ്രായപ്പെട്ടു. ഖുറൈശികൾ അതിനോടു ഐകക
ണ്ഠ്യേന യോജിച്ചു. അങ്ങിനെ ഉത്ബത്ത് നബിയുടെ സന്നി
ധിയിലെത്തി. "സഹോദരാ, എന്തിനാണു നിൻെറ സ്വന്ത
ക്കാരായ ഞങ്ങളെ നീ വിഷമിപ്പിക്കുന്നത്? നിൻെറ പ്രവ
ർത്തനംവഴി ഒരു മഹാവിപത്താണു ഞങ്ങൾക്കുണ്ടായിട്ടുള്ളത്.
ഞങ്ങളുടെ മതത്തെയും ദേവന്മാരെയും നീ അപലപിക്കുന്നു. പൂർവ്വ
പിതാക്കളുടെ നടപടികളെ നീ ചോദ്യംചെയ്യുന്നു. ഒരു തര
വാടിയായ നിനക്കു യോജിച്ചതാണോ ഇതെല്ലാം? സാമ്പത്തി
കമോഹമാണു ഈ നൂതനപ്രവർത്തനത്തിന്നു നിന്നെ പ്രേരിപ്പിച്ച
തെങ്കിൽ ഞങ്ങൾ നിന്നെ വലിയൊരു ധനവാനാക്കിത്തരാം. ഞ
ങ്ങളുടെ സമ്പത്തിൻെറ ഗണ്യമായ ഒരുഭാഗം നിനക്കു നൽകാൻ
ഞങ്ങൾ ഒരുക്കമാണ്. നേതൃത്വമാണ് നിൻെറ ലക്ഷ്യമെ
ങ്കിൽ അതിന്നും നീ വിഷമിക്കേണ്ട. ഞങ്ങൾ നിന്നെ സർവ്വോ
ന്നതമായ നേതൃപദവിയിലേക്കുയർത്താം. എന്തുകാര്യവും നിൻെറ
അഭീഷ്ടമനുസരിച്ചേ ഞങ്ങൾ ചെയ്യുകയുള്ളു. ഒരുവേള രാജാവാ
കാനുള്ള ആഗ്രഹമായിരിക്കാം നിന്നെ ഇതിന്നു പ്രേരിപ്പിച്ചിരി
ക്കുക. അങ്ങിനെയാണെങ്കിൽ അതും ഞങ്ങൾ സാധിപ്പിച്ചു
തരാം. അഥവാ, പ്രേതബാധയുടെ ഉപദ്രവംകൊണ്ടാണ് നീ
ഇങ്ങിനെയൊക്കെ കാട്ടിക്കൂട്ടുന്നതെങ്കിൽ അതിന്നും വഴിയുണ്ടു്.
ഞങ്ങൾ പണംചിലവിട്ടു നിപുണനായ ഒരു വൈദ്യനെക്കൊണ്ടു
വന്നു നിന്നെ ചികിത്സിപ്പിക്കാം. ഇതിൽ ഏതാണ് വേണ്ട

തെന്നു നിയെന്നോടു തുറന്നു പറയണം. നിൻെറ ശ്രമത്തിൽ നിന്നു് നീ പിന്തിരിയേണമെന്നുമാത്രം". ഉത്ത്ബത്ത് അറിയിച്ചു. തൻെറ മുമ്പിൽ നിരത്തിവെച്ച മോഹനവാഗ്ദാനങ്ങളെ നബി നിസ്സങ്കോചം നിരസിക്കയാണ് ചെയ്തത്. "നിങ്ങൾ മനസ്സിലാക്കിയതുപോലെ സ്വാത്ഥതാൽപര്യം എനിക്കില്ല. ഐഹികനേട്ടങ്ങൾക്കു വേണ്ടിയല്ല ഞാൻ പ്രവത്തിക്കുന്നത്. ഞാൻ പ്രബോധനം ചെയ്യുന്ന ആശയങ്ങൾ ദൈവത്തിൻെറതാണ്. വഴിപിഴച്ച മാനവവഗ്ഗത്തെ സന്മാഗ്ഗം ഉപദേശിക്കാൻ നിയുക്തനായവനാണ് ഞാൻ." നബി (സ) വ്യക്തമാക്കി. ഉത്ത്ബത്തിൻെറ മുഖം വാടി. പരാജയബോധത്തോടെ അയാൾ അവിടെ നിന്നു യാത്രയായി.

ഇതിനെത്തുടന്നു ശത്രുക്കളുടെ എതിർപ്പു ജാസ്തിയായി. അടിക്കടി നേരിട്ടുകൊണ്ടിരുന്ന പരാജയം അവരെ ക്രുദ്ധരാക്കി. ഇനി ഭീകരപ്രവത്തനങ്ങൾതന്നെ. അവർ തീച്ചപ്പെടുത്തി. അതിൻെറ അടിസ്ഥാനത്തിൽ ഖുറൈശികൾ നബിയുടെയും സഖാക്കളുടെയും നേരെ ആഞ്ഞടിക്കാൻ തുടങ്ങി. ആദ്യത്തേക്കാൾ ഉഗ്രമാംവണ്ണം. ശത്രുക്കളുടെ പ്രകോപന പ്രവത്തനങ്ങൾ നബിയെ അസ്വസ്ഥചിത്തനാക്കി. ഈ ഘട്ടത്തിൽ, മുൻകഴിഞ്ഞ പ്രവാചകന്മാരുടെയും പരിഷ്കത്താക്കളുടെയും ചരിത്രങ്ങൾ വിവരിച്ചു കൊടുത്തുകൊണ്ടു അല്ലാഹു അദ്ദേഹത്തെ ധൈര്യപ്പെടുത്തി. "എല്ലാം പ്രവാചകന്മാക്കും ശത്രുക്കളുണ്ടായിട്ടുണ്ട്. പരിഹാസവും മദ്ദനവും അനുഭവിക്കാത്ത ഒരു പ്രവാചകനുമില്ല. പരിഷ്കരണ സംരംഭത്തിലേപ്പെടുന്നവരെ ദുരാചാര പ്രിയന്മാരായ യാഥാസ്ഥികന്മാർ സവ്വശക്തിയുമുപയോഗിച്ചു ചെറുക്കുക സവ്വസാധാരണമാണ്." അല്ലാഹു പറഞ്ഞു.

അസാദ്ധ്യമാണെന്നു തോന്നുന്ന പല ദൃഷ്ടാന്തങ്ങളും വെളിപ്പെടുത്തിക്കൊടുക്കാൻ ഖുറൈശികൾ നബിയോടാവശ്യപ്പെ

ട്ടിരുന്നു. സദുദ്ദേശമല്ല അവർക്കുണ്ടായിരുന്നത്. തങ്ങളോടാവശ്യപ്പെടുന്നത് വെളിപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ അദ്ദേഹം പരാജയപ്പെട്ടതായി കൊട്ടിഘോഷിക്കാമല്ലോ. ചന്ദ്രനെ രണ്ടായി പിളർക്കണമെന്നാണ് ഒരിക്കൽ അവരാവശ്യപ്പെട്ടത്. ദൈവത്തിൻെറ സഹായത്താടെ ആ ദൃഷ്ടാന്തം കാണിച്ചുകൊടുക്കാൻ നബിക്ക് കഴിഞ്ഞു. ചന്ദ്രൻ രണ്ടായിപ്പിളന്നു. അന്നാട്ടുകാരും വിദേശികളും അതു കാണുകയുണ്ടായി. ചന്ദ്രൻ പിളന്നസംഭവം അനറബികളായ പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. തങ്ങളാവശ്യപ്പെട്ടത് ചെയ്തിട്ടും ഖുറൈശികൾ വിശ്വസിക്കാൻ കൂട്ടാക്കിയില്ല. മുഹമ്മദിൻെറ ജാലവിദ്യയാണതൊക്കെ എന്നു പറഞ്ഞു ആ പ്രത്യക്ഷ ദൃഷ്ടാന്തത്തെ ഖുറൈശി തലവനായ ഉത്ബത്ത് തള്ളിക്കളഞ്ഞു. പിന്നീട് തുരുതുരെ അവർ പല ആവശ്യങ്ങളും ഉന്നയിച്ചു. "ഇന്നാട്ടിലൂടെ നീ ഒരു നദി ഒഴുക്കിത്തരണം. ഒരുകാലത്തും അതിലെ വെള്ളം വററാൻ പാടില്ല. എന്നാലേ ഞങ്ങൾ നിന്നിൽ വിശ്വസിക്കയുള്ളൂ." ഒരവസരത്തിൽ അവർ ആവശ്യപ്പെട്ടതതാണ്. ഇതുകൊണ്ടും അവസാനിച്ചില്ല. "ഈത്തപ്പനകളും മുന്തിരിവള്ളിയും സമൃദ്ധമായി വളന്ന ഒരു തോട്ടം നിനക്കുണ്ടാവണം. അതിലൂടെ ഒരരുവി ഒഴുകിക്കൊണ്ടിരിക്കയും വേണം. അല്ലെങ്കിൽ ആകാശത്തിൻെറ ഒരു കഷണം നീ ഞങ്ങളുടെ തലക്കുമീതെ വീഴ്ത്തണം. അതുമല്ലെങ്കിൽ നീ പറയുന്നത് സത്യമാണെന്നുള്ളതിന്നു അല്ലാഹുവിനെയും മലക്കുകളെയും സാക്ഷികളായി അണിനിരത്തണം. ഇതൊന്നും കാണിക്കാൻ നീ തയ്യാറില്ലാത്തപക്ഷം നിനക്ക് സ്വർഗ്ഗത്തിൻെറ ഒരു ഭവനമുണ്ടായിക്കണ്ടാലും മതി. അല്ലെങ്കിൽ ഞങ്ങൾ കാണുമാറു നീ ആകാശത്തിൽ കയറിപ്പോയി ഞങ്ങൾക്കു വായിക്കാൻ ഒരു പുസ്തകവുമായി തിരിച്ചു വരണം. എന്നാലേ ഞങ്ങൾ നീ പറയുന്നതു ശ്രദ്ധിക്കയുള്ളൂ." അവർ വ്യക്തമാക്കി.

ഇത്തരം ആവശ്യങ്ങളെല്ലാം അവഗണിക്കപ്പെടുകതന്നെ ചെയ്തു. ദൃഷ്ടാന്തം വെളിപ്പെടുത്തിക്കൊടുക്കാൻ അദ്ദേഹത്തിന്നു കഴിവില്ല. ഒരു മനുഷ്യനാണദ്ദേഹം. മനുഷ്യന്നു സാധാരണ ചെയ്യാൻ കഴിയുന്നത് അദ്ദേഹത്തിന്നും കഴിയും. അതിലപ്പുറമുള്ളത് അല്ലാഹുവിന്റെ കഴിവിൽ പെട്ടതാണ്. അവന്നിഷ്ടമുണ്ടാവുമ്പോൾ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കും. ശത്രുക്കൾ ഉന്നയിച്ച ആവശ്യം അവഗണിക്കാൻ കാരണമുണ്ട്. എന്ത് ദൃഷ്ടാന്തം കണ്ടാലും അവർ വിശ്വസിക്കയില്ല. തോന്നിയതെല്ലാം ആവശ്യപ്പെടുകയെന്നത് അവരുടെ ദുശ്ശീലമാണ്. അത് വകവെച്ചു കൊടുത്തുകൂടാ. മേല്പറഞ്ഞ കാര്യങ്ങൾ ചെയ്യണമെന്നാവശ്യപ്പെട്ടവരോട് "നിങ്ങൾക്കെന്തായിപ്പോയി? ഞാനും നിങ്ങളെപ്പോലെ ഒരു മനുഷ്യൻതന്നെയല്ലേ? ദൈവം പ്രവാചകത്വം നൽകി എന്ന ഒരു പ്രത്യേകതയേ എനിക്കുള്ളു." എന്നു പറയാനാണ് അല്ലാഹു ഖുർആനിലൂടെ നബിയോട് നിർദ്ദേശിച്ചത്.

തന്റെ അനുയായികൾ നിരന്തരം അനുഭവിച്ചുകൊണ്ടിരിക്കുന്ന മർദ്ദനങ്ങൾ നബിയെ വ്യാകുലപ്പെടുത്തി. അവരെ രക്ഷിക്കാൻ അദ്ദേഹത്തിന്നു കെല്പില്ല. സ്വന്തം സ്ഥിതിതന്നെ പരുങ്ങലിലാണല്ലോ. തന്നിൽ വിശ്വസിച്ചുവെന്ന ഏക കാരണത്താൽ വേദന കടിച്ചിറക്കിക്കഴിയുന്ന സാധുജനങ്ങളെ ശത്രുമർദ്ദനങ്ങളിൽനിന്ന് വിമോചിക്കാൻ എന്തുണ്ട് മാർഗ്ഗമെന്നു അദ്ദേഹം തലപുകഞ്ഞാലോചിച്ചു. അവസാനം അബിസീനിയയിൽപോയി രക്ഷപ്രാപിച്ചുകൊള്ളാൻ നബി അവരോട് കല്പിച്ചു. അതനുസരിച്ചു 10 പുരുഷന്മാരും 5 സ്ത്രീകളുമടങ്ങുന്ന ഒരു സംഘം അങ്ങോട്ടു പലായനംചെയ്തു. മതസ്വാതന്ത്ര്യം നിഹനിക്കപ്പെട്ടതിന്റെ പേരിൽ മുസ്ലിംകൾ നടത്തിയ ആദ്യത്തെ പലായനമാണിത്. ഉസ്മാൻ(റ), പത്നിയും നബി

പുത്രിയുമായ റുഖിയ്യ, അബ്ദുൽറഹ്മാനുബ്നുഔഫ്, അബൂസൽമ, ഭാര്യ ഉമ്മുസൽമ, ഉസ്മാനുബ്നു മസ്ഊൻ, സുബൈറുബ്നു അവ്വാം എന്നിവർ ഈ സംഘത്തിലുൾപ്പെട്ടും. ഇവരെല്ലാം ഖുറൈശികളാണ് മൂന്നുമാസക്കാലം അവർ അബിസീനിയയിൽ താമസിച്ചു. പ്രവാചകത്വലബ്ധിയുടെ അഞ്ചാംകൊല്ലത്തിലാണ് ഈ യാത്രയുണ്ടായത്.

ഇക്കാലത്ത് 11 സ്ത്രീകളടക്കം 50-ൽ ചില്വാനം പേരേ നബിയുടെ പക്ഷത്തുണ്ടായിരുന്നുള്ളു. അദ്ദേഹവും അബിസീനിയയിലേക്കു പോകാത്തവരും മക്കയിൽത്തന്നെനിന്നു. എല്ലാം വിധ പ്രതിബന്ധങ്ങളേയും തട്ടിനീക്കി അവർ മതോപദേശം നടത്തി. നബിയുടെ പിതൃവ്യനായ ഹംസയും ഉമറുബ്നുൽ ഖത്താബും ഇസ്ലാമിലേക്കു വന്നത് ഈയവസരത്തിലാണ്. ധീരതയിൽ രണ്ടു വ്യക്തികളും പ്രസിദ്ധരായിരുന്നു. ഉമർ (റ) ഇസ്ലാമിനേയും ദൈവദൂതനെയും തിരോധാനം ചെയ്യാൻ അശ്രാന്തപരിശ്രമം നടത്തിയ ആളാണ്. ധീരപരാക്രമിയായ അദ്ദേഹത്തിൻെറ എതിർ പ്രവർത്തനം നബിയെ വീർപ്പുമുട്ടിച്ചിരുന്നുവെന്നതാണ് പരമാർത്ഥം. "ദൈവമേ! ഉമറിനെക്കൊണ്ടു നീ ഇസ്ലാമിനെ സുശക്തമാക്കേണമേ." എന്നുപോലും അദ്ദേഹം പ്രാർത്ഥിക്കയുണ്ടായിട്ടുണ്ട്. ഒരുനാൾ പെട്ടെന്നു ഉമറിൻെറ ഹൃദയത്തിന്നു പരിവർത്തനമുണ്ടായി. അദ്ദേഹം ദാറുൽ അർഖമിൽ ചെന്നു നബിയിൽ വിശ്വസിച്ചു. ധീരയോധാക്കളായ ഉമറിൻെറയും ഹംസയുടെയും മതപരിവർത്തനം മുസ്ലീംകൾക്കു ധൈര്യവും പ്രചോദനവും പ്രദാനംചെയ്തു. അതേ സമയം ഈ സംഭവം ശത്രുക്കളെ കൂടുതൽ രോഷാകുലരാക്കി. വെപ്രാളംപൂണ്ട ഖുറൈശികൾ ഊററപുലികളെപ്പോലെയാണ് പിന്നീടു മുസ്ലിംകളോടു വർത്തിച്ചത്.

ഇസ്ലാമികസന്ദേശം മുമ്പത്തേതിലുംശക്തിയായി മക്കയിൽ വ്യാപിച്ചുകൊണ്ടിരുന്നു. പരിഭ്രാന്തരായ ശത്രുക്കൾ തലപുക

ണ്ടാലോചിച്ചു. മുഹമ്മദിൻെറ പുത്തൽപ്രസ്ഥാനത്തെ നശി പ്പിച്ചേ തീരൂ. അതിനു ഫലപ്രദമായ മാർഗ്ഗമെന്തുണ്ട്? അതാ യിരുന്നു അവരുടെ ആലോചനാ വിഷയം. ദീർഘനേരത്തെ ചർച്ചക്കുശേഷം നിസ്സഹരണം നടപ്പാക്കുവൻ അവർ തീരുമാ നിച്ചു. നബിയോടും അനുയായികളോടും ഹാശിം, മുത്തലിബ് കുടുംബങ്ങളോടും തീരെ അനുഭാവം കാണിക്കരുത്. സാമൂഹ്യ സാമ്പത്തികരംഗങ്ങളിൽ അവരെ ഒററപ്പെടുത്തണം. ഒരുവിധ ത്തിലും മേല്പറഞ്ഞവരെ സഹായിക്കാൻ പാടില്ല. ഇതായി രുന്നു തീരുമാനം. പ്രബോധനത്തിൻെറ ഏഴാംവഷത്തിലാണ് ഈ പ്രസ്ഥാനം നടപ്പിലാക്കിയത്. പ്രശ്നത്തിൻെറ പ്രാധാ ന്യത്തെ പരിഗണിച്ചു ഖുറൈശികൾ ഇതുസംബന്ധിച്ച നിയമ പത്രിക കഅബയിൽ കെട്ടിത്തൂക്കി. മുസ്ലിംകൾക്കു മാത്രമല്ല നബിയുടെ ഏററവും അടുത്ത കുടുംബക്കാക്കുപോലും ഇതു കൊണ്ടു വളരെയധികം വിഷമങ്ങളുണ്ടായി. പ്രവാചകനെ കൊല്ലാൻവേണ്ടി ഏല്പിച്ചുകൊടുക്കാൻ സമ്മർദ്ദം ചെലുത്തുകയാ യിരുന്നു കുടുംബത്തെയും നിസ്സഹരണത്തിൽ ഉൾപ്പെടുത്തിയ തിൻെറ ഉദ്ദേശ്യം. ബഹുജനങ്ങളുടെ അനുഭാവരഹിതമായ പെരുമാററം കാരണം നബിക്കും കൂട്ടുകാക്കും മക്കയിൽ ജീവി ക്കാൻ സാധിക്കാതെയായി. അവർ ശഅബ് അബീത്താലിബ് എന്ന കുന്നിൻചെരുവിലേക്കു മാറിത്താമസിച്ചു. ഇവിടെ വെച്ചു ഭക്ഷണപാനീയങ്ങൾ ലഭിക്കാതെ അവർ നരകിക്കുയു ണ്ടായി. പണം കൊടുത്താൽപോലും സാധനങ്ങൾ ലഭിച്ചിരു ന്നില്ല. ഹാശിം, മുത്തലിബ് കുടുംബങ്ങളുടെ സ്ഥിതിയും ഇതു തന്നെ. പണവുമായി അവർ കച്ചവടസ്ഥലങ്ങളിൽ തെണ്ടിത്തി രിയും. ആരും അവക്കു സാമാനങ്ങൾ കൊടുക്കുകയില്ല. അവർ നിരാശയോടെ തിരിച്ചുപോകും. ഭക്ഷണസാധനങ്ങൾ ലഭിക്കാ യ്കയാൽ അവരുടെ ഭവനങ്ങളിൽനിന്നു പുക പൊന്തിയിരു

ന്നില്ല. കുഞ്ഞുങ്ങൾ വിശപ്പിന്റെ കാഠിന്യംകൊണ്ടു വാവിട്ടു കരഞ്ഞുകൊണ്ടിരിക്കും. അവരുടെ ദീനരോദനങ്ങൾ മക്കയുടെ അന്തരീക്ഷത്തിൽ മാറെറാലികൊണ്ടു.

ഭക്ഷണസാധനങ്ങൾ ലഭിക്കാഞ്ഞതിനാൽ നബി (സ. അ) യും കൂട്ടുകാരും ഇലകൾപോലും തിന്നേണ്ടിവന്നു. ഈ ഘട്ടത്തിൽ 18 സ്ത്രീകളടക്കം 101 പേരുള്ള സംഘം മുസ്ലിംകൾ രണ്ടാമതും അബിസീനിയയിലേക്കു പോയി. ഇവരുടെ കൂട്ടത്തിൽ ജഅഫറുബിൻ അബീതാലിബ്, ഭാര്യ അസ്മാഅ്, അബ്ദുല്ലാഹിബിൻമസ്ഊദ് എന്നിവരുമുണ്ടായിരുന്നു. വിവരമറിഞ്ഞ ശത്രുക്കൾ അബിസീനിയൻ രാജാവിന്റെ അടുക്കലേക്കു രണ്ടു ദൂതന്മാരെ അയച്ചു. വിലപിടിച്ച പല സാധനങ്ങളും കാഴ്ചവെക്കാൻ അവർ കൂടെ കൊണ്ടുപോയിരുന്നു. "മുസ്ലിംകൾ ഇവിടെ കുഴപ്പമുണ്ടാക്കി അങ്ങോട്ടു രക്ഷപ്പെട്ടതാണ്. അവരെ അവിടെ നിർത്തരുത്. ഉടനെ ഇങ്ങോട്ടു മടക്കി അയക്കണം." അവർക്കു അറിയിക്കാനുണ്ടായിരുന്ന ദൗത്യം അതാണ്. അബിസീനിയയിലെ രാജാക്കന്മാർ 'നജ്ജാശി' എന്ന കീർത്തിനാമത്തിലാണു അറിയപ്പെട്ടിരുന്നത്. അസ്ഹമത്തുബിൻ അബ്ജറായിരുന്നു അക്കാലത്തു അവിടത്തെ രാജാവ്. ഖുറൈശി പ്രമുഖന്മാരയച്ച ദൂതന്മാർ അദ്ദേഹത്തോടു സംസാരിച്ചു. അവർ പറഞ്ഞതു ഇരുപുറവും ചിന്തിക്കാതെ കീഴ്പോട്ടിറക്കാൻ അദ്ദേഹം തയ്യാറായില്ല. രാജാവ് ജഅഫർ (റ) നെപ്പോലെയുള്ള മുസ്ലിം പ്രതിനിധികളെ വിളിച്ചു അന്വേഷണം നടത്തി. നബിയുടെ ദൗത്യവും സ്ഥിതിഗതികളും അവർ വിവരിച്ചുകൊടുത്തു. ക്രിസ്ത്യാനിയായ രാജാവിന്നു ഇസ്ലാമിന്റെ യഥാർത്ഥനില മനസ്സിലാക്കാനും നബിയോടു അനുഭാവമുണ്ടാവാനും ഇതു ഉപകരിച്ചു. അങ്ങിനെ ശത്രുക്കളുടെ ശ്രമം വിഫലമായി. നജ്ജാശി തന്റെ നാട്ടിൽ അഭയം തേടിവന്ന മുസ്ലിംകൾക്കു സംരക്ഷണം നൽകി.

നിസ്സഹകരണം നടപ്പാക്കിയ അതേ വഷത്തിൽതന്നെയാണ് ഈ പാലായനമുണ്ടായത്.

നിസ്സഹകരണസംരംഭം മൂന്നു കൊല്ലത്തോളം നീണ്ടുനിന്നു. അപ്പോഴേക്കും ശത്രുപക്ഷത്തിൽതന്നെ അതെക്കുറിച്ചു അഭിപ്രായ ഭിന്നതയുണ്ടായി. ബഹിഷ്കരണം പിൻവലിക്കണമെന്നു ഒരു വിഭാഗം അഭിപ്രായപ്പെട്ടു. കഅബയിൽ കെട്ടിത്തൂക്കിയ നിയമാവലി ഇതിന്നിടക്ക് ചിതൽതിന്നു നശിപ്പിച്ചിരുന്നു. ചിലർ രഹസ്യമായും പരസ്യമായും അതിലെ നിർദ്ദേശങ്ങൾ ലംഘിച്ചു. ഒടുവിൽ പ്രബോധനത്തിൻെറ 10–ാം ആണ്ടിൽ ഉപരോധം പാടെ പിൻവലിക്കേണ്ടിവന്നു. അനന്തരം അബിസീനിയായിൽ അഭയം പ്രാപിച്ച മുസ്ലിംകൾ സ്വദേശത്തേക്കു മടങ്ങി.

നജ്ജാശി രാജാവും തൻെറ സ്വാധീന വലയത്തിൽപെട്ട പുരോഹിതന്മാരും ഹിജ്റ ഏഴാം വഷത്തിൽ ഇസ്ലാംമതം ആശ്ലേഷിക്കയുണ്ടായി. മുസ്ലിമായിട്ടാണ് അദ്ദേഹം മരിച്ചത്. മരണവൃത്താന്തം ജിബ്രീൽ (അ) മുഖേന നബി (സ. അ) അറിഞ്ഞു. അദ്ദേഹം ആ രാജാവിനുവേണ്ടി നമസ്കരിച്ചു.

പ്രബോധനത്തിൻെറ പത്താം കൊല്ലത്തിൽ നജ്റാൻ പ്രദേശത്തെ ഇരുപതോളം കൃസ്ത്യാനികൾ നബിയുടെ അടുക്കൽ വന്നു. അബിസീനിയായിൽ അഭയം പ്രാപിച്ച മുസ്ലിംകളിൽനിന്നു അവക്കു ആ പ്രവാചകനെക്കുറിച്ചു വിവരം ലഭിച്ചിരുന്നു. ഇത് അവരിൽ ജിജ്ഞാസ വളത്തി. അദ്ദേഹത്തെ നേരിട്ടുകണ്ടു് സ്ഥിതിഗതികൾ മനസ്സിലാക്കാൻവേണ്ടി അവർ മക്കയിലെത്തി. നബിയെ കണ്ടപ്പോൾ, തങ്ങളുടെ വേദഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള പ്രവാചകൻ ഇദ്ദേഹം തന്നെയാണെന്നു കൃസ്ത്യാനികൾക്കു ബോധം വന്നു. അദ്ദേഹം അവക്ക് ദൈവ സന്ദേശങ്ങൾ ഓതികേൾപ്പിച്ചു. തൽഫലമായി 20 പേരടങ്ങുന്ന ആ സംഘം ഇസ്ലാംമതം സ്വീകരിച്ചു. ശത്രുക്കളുടെ കരണത്ത്

കിട്ടിയ കനത്തൊരടിയായിരുന്നു ഈ സംഭവവും. ഖുറൈശി പ്രധാനിയായ അബൂജഹൽ നജ്റാൻ ദേശക്കാരെ അധിക്ഷേപിച്ചു. “നിങ്ങളെപ്പോലുള്ള വിഡ്ഡികരം ലോകത്തില്ല. ഈ മനുഷ്യന്റെ യഥാൎത്ഥസ്ഥിതി മനസ്സിലാക്കാനാണ് കൂട്ടുകാർ നിങ്ങളെ അയച്ചത്. എന്നിട്ട് നിങ്ങരം മതംമാറി”. ഈ പ്രസ്താവനക്ക് അവർ വിലകല്പിച്ചില്ല. “നിങ്ങരം വിഡ്ഡികളാണെന്നു ഞങ്ങരം വിധിക്കുന്നില്ല. നിങ്ങളുടെ യുക്തമനുസരിച്ച് നിങ്ങരം പ്രവൎത്തിക്കുന്നു. ഞങ്ങരംക്കു നന്നായിതോന്നിയത് ഞങ്ങളും സ്വീകരിക്കുന്നു. എന്നിരിക്കെ അന്യോന്യം പഴിപറയുന്നതെന്തിനു്?” അവർ ചോദിച്ചു. പിന്നെ അബൂജഹലിന്നു ഒന്നും പറയാനുണ്ടായില്ല.

## ദുഃഖവത്സരം

നബി (സ. അ) യുടെ ജീവിതത്തിലെ ഏററവും വിഷമം പിടിച്ച ഒരു കൊല്ലമായിരുന്നു ഇത്. അദ്ദേഹത്തെ ആത്മാൎത്ഥമായി സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരുന്ന ഖദീജയും അബൂതാലിബും ഹിജ്റ 10–ാം വൎഷത്തിലാണ് മരിച്ചത്. നികത്താനാവാത്ത വിടവാണ് തന്മൂലം നബിക്ക് നേരിട്ടത്. ശത്രുക്കളുടെ മൎദ്ദന നടപടികളിൽപെട്ട് ശ്വാസം മുട്ടിയപ്പോഴെല്ലാം അദ്ദേഹത്തെ സാന്ത്വനപ്പെടുത്താനുണ്ടായിരുന്നത് ഈ രണ്ടു് വ്യക്തികളാണ്. പിതൃവ്യൻ അബൂതാലിബ് നബിയിൽ വിശ്വസിച്ചിരുന്നില്ല. എങ്കിലും അയാളുടെ നിർല്ലോഭവും നിഷ്കളങ്കവുമായ പിന്തുണ അദ്ദേഹത്തിന്നുണ്ടായിരുന്നു. ആ കാരണവരോടുള്ള ഭയവും ബഹുമാനവും കൊണ്ടാണ് ശത്രുക്കരം നബിയുമായി ഒരു ജീവന്മരണപോരാട്ടത്തിൽ ഏൎപ്പെടാതിരുന്നത്. ഖദീജയുടെയും അബൂതാലിബിന്റെയും വിയോഗം നബിയെ ആകുലചിത്തനാക്കി. അതേസമയം ശത്രു

പക്ഷത്ത് പ്രകടമായ പ്രതിഫലനങ്ങൾ വ്യത്യസ്തമായിരുന്നു. അവരുടെ വദനങ്ങളിൽ സന്തോഷവും സംതൃപ്തിയും അലതല്ലി. ഇനി തങ്ങൾക്കു എന്തും നടത്താമെന്ന ധാരണയായിരുന്നു അതിന്നു കാരണം.

അബൂതാലിബ് വിശ്വസിച്ചിട്ടില്ലെന്നു മുമ്പു പറഞ്ഞുവല്ലോ. പിതൃവ്യൻ നന്നായിക്കാണാൻ നബിക്കു അതിയായ ആഗ്രഹമുണ്ടായിരുന്നു. അബൂതാലിബ് രോഗശയ്യയിൽ കിടക്കുമ്പോൾ അദ്ദേഹം ഉപദേശിച്ചു. "പിതൃവ്യം, അവിടുന്നു കലിമത്തുശ്ശഹാദത്ത് ഉച്ചരിക്കു. എന്നാലേ പുനഃരുത്ഥാന നാളിൽ അങ്ങയുടെ കാര്യത്തിൽ ശിപാർശ്ചെയ്യാൻ എനിക്കു ദൈവത്തിന്റെ അനുമതിലഭിക്കുകയുള്ളു." ഇതിന്നു മറുപടിയായി അബൂതാലിബ് പറഞ്ഞതിങ്ങനെയാണ്. "സഹോദര പുത്രാ, മരണത്തെ ഭയന്നാണ് ഞാനത് പറഞ്ഞതെന്നു തെററിദ്ധരിച്ച് ഖുറൈശികൾ എന്നെ ആക്ഷേപിക്കും. ആ ഭയം ഇല്ലായിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ പ്രസ്തുത വാക്യം ഉച്ചരിക്കുമായിരുന്നു."

"നീ ആഗ്രഹിക്കുന്നവരെ നേർവഴിക്കാക്കാൻ നിനക്കു കഴിയില്ല. ദൈവം അവനുദ്ദേശിക്കുന്നവരെ നേർവഴിക്കാക്കുന്നു." എന്ന ഖുർആൻവാക്യം ഈ സന്ദർഭത്തിലാണ് അവതരിച്ചത്. അങ്ങിനെ അവിശ്വാസിയായിക്കൊണ്ടുതന്നെ എൺപതാം വയസ്സിൽ അബൂതാലിബ് അന്ത്യശ്വാസം വലിച്ചു. മൂന്നു ദിവസം കഴിഞ്ഞു, നബിയുടെ പ്രിയപത്നി ഖദീജയും അന്തരിച്ചു. അന്നു അവർക്കു അറുപത്തഞ്ച് വയസ്സ് പ്രായമായിരുന്നു. ഈ കൊല്ലത്തിന്നു ദുഃഖവത്സരം എന്നാണ് പറഞ്ഞു വരുന്നത്.

ഖുറൈശികൾ നബിയെയും അനുയായികളേയും സർവ്വശക്തിയുമുപയോഗിച്ചു എതിർത്തുകൊണ്ടിരുന്നു അതിനാൽ സ്വദേ

ശത്തോടു യാത്ര പറയാൻ കഥാപുരുഷൻ നിർബ്ബന്ധനായി. താഇഫിലേക്കു പോകാനാണു അദ്ദേഹം തീരുമാനിച്ചത്. തദ്ദേശീയരായ സഖീഫ് ഗോത്രക്കാർ അദ്ദേഹത്തിൻെറ കുടുംബങ്ങളാണ്. അവർ ഇസ്ലാംമതം സ്വീകരിക്കുകയും തനിക്കു സംരക്ഷണം നല്കുകയും ചെയ്യുമെന്നു നബി വിശ്വസിച്ചു. അദ്ദേഹം തൻെറ പരിചാരകനായ സൈദുബ്നിൻ ഹാരിസയുടെ കൂടെ താഇഫിലേക്കു പോയി. നിരാശതന്നെയാണ് അവിടെനിന്നും അനുഭവപ്പെട്ടത്. സഖീഫ്ഗോത്രക്കാർ നബിയെ വിശ്വസിക്കാൻ കൂട്ടാക്കിയില്ല. ദുഷ്കർമ്മകാരികളായ ആ ജനത അദ്ദേഹത്തെ അവിടെനിന്നു എറിഞ്ഞോടിച്ചു. അവരുടെ ഉപദേശമനുസരിച്ചു വകതിരിവില്ലാത്ത കുട്ടികഠം ആ പരിഷ്കർത്താവിനെ കൂവുകയും കല്ലെറിയുകയും ചെയ്തു. അദ്ദേഹത്തിൻെറ കാലിൽ നിന്നു രക്തം ഒഴുകി. തലക്കും മുഖത്തും മുറിവുപററി. കല്ലുകഠം ശക്തിയോടെ വന്നുകൊണ്ടിരുന്നപ്പോഠം സൈദുബ്നിൻഹാരിസ സ്വന്തം ശരീരംകൊണ്ടു് അതെല്ലാം തടുക്കുകയുണ്ടായി. നബിക്കു വേദനിക്കാതിരിക്കാൻ.

വിശ്രമിക്കാൻപോലും സൌകര്യം ലഭിക്കാതെ താഇഫിൽനിന്നു മടങ്ങേണ്ടിവന്ന നബിക്കും പരിചാരകനും ക്ഷീണം ബാധിച്ചു. കുറെ നടന്നുതളന്നപ്പോഠം അവർ ഒരു വൃക്ഷച്ചുവട്ടിൽ ഇരുന്നുപോയി. നബി പററെ പരവശനായിക്കഴിഞ്ഞിരുന്നു. അവർ വിശ്രമിക്കുന്നതിൻെറ അടുത്തു ഒരു തോട്ടമുണ്ടു്. നബിയോടു് അടക്കാനാവാത്ത വിദ്വേഷമുള്ള രണ്ടു പേരുടെതായിരുന്നു ആ തോട്ടം. ഉത്ബത്തിൻെറ രണ്ടു് മക്കളുടേത്. നബിയുടെ സ്ഥിതികണ്ടു് അവക്കു സങ്കടംതോന്നി. അവർ ഒരു മുന്തിരിങ്ങാക്കുല തോട്ടം കാവല്ക്കാരനായ അദ്ദാസിൻെറ പക്കൽ കൊടുത്തയച്ചു. അദ്ദേഹം അതുവാങ്ങി ദൈവത്തിൻെറ നാമം ഉച്ചരിച്ചു് ഭുജിക്കാൻ തുടങ്ങി. നബിയുടെ അസാധാരണമായ

KOTTAYAM PUBLIC LIBRARY
KOTTAYAM

പെരുമാററം ഒരു ക്രുസ്ത്യാനിയായ അദ്ദാസിനെ ആകഷിച്ചു. തൽക്ഷണംതന്നെ അയാാം മുസ്ലിമായി.

ഈ സന്ദർഭത്തിൽ ജിബ്രീൽ (അ) നബിയുടെ സന്നിധിയിലെത്തി. "മുഹമ്മദ്, നിങ്ങളെ നിർദ്ദയം മർദ്ദിച്ചുകൊണ്ടിരിക്കുന്ന ശത്രുക്കളെ എന്തു ചെയ്യണമെന്നാണ് നിങ്ങാം പറയുന്നത്? അവരുടെ കാര്യത്തിൽ നിങ്ങാം തീരുമാനിക്കുന്നതെന്തോ അത് നടപ്പിൽ വരുത്താൻ അല്ലാഹു എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്." മലക്ക് അറിയിച്ചു. ശത്രുക്കളെ ഒന്നൊഴിയാതെ നശിപ്പിക്കണമെന്നു് ആവശ്യപ്പെട്ടാൽ അതു നിറവേററാൻ ജിബ്രീൽ മടിക്കില്ല. നബിയെ സഹായിക്കാനാണ് അദ്ദേഹത്തെ ദൈവം അയച്ചിട്ടുള്ളത്. പക്ഷെ അപ്രതീക്ഷിതമായ മറുപടിയാണ് ശുഭാപ്തി വിശ്വാസക്കാരനായ പ്രവാചകൻ നല്കിയത്: "അവക്കു ദൈവത്തെ ആരാധിക്കുന്ന നല്ല സന്താനങ്ങളുണ്ടാവേണമെന്നാണ് എൻെറ ആഗ്രഹം. ദൈവമേ, എൻെറ ജനതയെ നീ സന്മാർഗ്ഗികളാക്കേണമേ! അവർ അറിവില്ലാത്തവരാണ്." അദ്ദേഹം പ്രാർത്ഥിച്ചു. നബിയുടെ നിലപാട് ജിബ്രീലിനെ സന്തുഷ്ടനാക്കി. അദ്ദേഹത്തിൻെറ ഹൃദയ വിശാലതയേയും വിട്ടുവീഴ്ചാമനോഭാവത്തെയും മലക്ക് ശ്ലാഘിച്ചു.

## നിശാപ്രയാണവും ആകാശയാത്രയും

നബിയുടെ 52-ാം വയസ്സിൽ ഒരത്ഭുതസംഭവമുണ്ടായി. ഒററ രാത്രികൊണ്ടു അദ്ദേഹം ജറുസലമിൽപോയി തിരിച്ചെത്തി. മക്കയിൽനിന്നു ഒട്ടകപ്പുറത്തു യാത്ര ചെയ്യുന്ന ഒരാാക്കു അവിടെയെത്താൻ ഒരു മാസം വേണ്ടിവരും. എന്നിരിക്കെ ഒരു രാവുകൊണ്ടു് പോയി വരികയെന്നത് അത്ഭുതമല്ലേ? ഇസ്രാഅ് (നിശാപ്രയാണം) എന്നാണ് ഇതിന്നു പറയുക

പ്രബോധനത്തിൻെറ പതിനൊന്നാംവഷം റജബ് ഇരുപത്തി ഏഴാം രാവിലാണ് സംഭവമുണ്ടായത്. അന്നു തിരുമേനി അബൂതാലിബിൻെറ മകൾ ഉമ്മുഹാനിഇൻെറ വീട്ടിലാണ് താമസിച്ചിരുന്നതു്. അവിടെനിന്നു അദ്ദേഹം നിശാവേളയിൽ കഅബയിലേക്കുപോയി. പിന്നിട്ട് ദൈവം ഏപ്പെടുത്തിയ ഒരു പ്രത്യേക വാഹനം അദ്ദേഹത്തെ ജറൂസലമിലെത്തിച്ചു. അവിടത്തെ പള്ളിയിൽവെച്ചു അദ്ദേഹം പ്രാത്ഥന നടത്തി. തദനന്തരം നബി ആകാശയാത്രയും ചെയ്യുയുണ്ടായി. ഉപരിലോകത്തുവെച്ച് താൻ പ്രവാചകന്മാരെക്കണ്ടു സംഭാഷണം നടത്തിയതായി അദ്ദേഹംതന്നെ വിവരിക്കുന്നുണ്ട്. നിസ്കാരം നിബ്ബന്ധമാക്കിയത് ഈ രാത്രിയിലാണ്.

നേരം പുലന്നപ്പോൾ നബിതിരുമേനി തലേന്നുണ്ടായ സംഭവം ഖുറൈശികളോടു പറഞ്ഞു. അവരത് വിശ്വസിച്ചില്ല. ഒരു രാവുകൊണ്ടു രണ്ടുമാസത്തെ വഴി ദൂരം സഞ്ചരിക്കയോ? എങ്ങിനെ വിശ്വസിക്കാൻ കഴിയും? നബി പറയുന്നത് കള്ളമാണെന്നു തെളിയിക്കാൻ അവർ അദ്ദേഹത്തോടു ജറൂസലമിലെ പള്ളിയെക്കുറിച്ചും മററും തുരുതുരെ ചോദ്യങ്ങളുന്നയിച്ചു. അദ്ദേഹം മുമ്പു അവിടെ പോയിട്ടില്ലെന്നു എല്ലാവക്കും അറിയാം. ആ സ്ഥിതിക്കു തങ്ങളുടെ ചോദ്യം മുഹമ്മദിൻെറ തനിനിറം മനസ്സിലാക്കാൻ ബഹുജനങ്ങൾക്കു സൗകര്യം നല്കുമെന്നു അവർ കരുതി. എന്നാൽ സംഭവിച്ചത് അതല്ല. അവരുടെ ചോദ്യങ്ങൾക്കു അദ്ദേഹം സൂക്ഷ്മവും ഖണ്ഡിതവുമായ മറുപടി നല്കി. എന്നിട്ടും അദ്ദേഹത്തിൻെറ സത്യവസ്ഥയിൽ വിശ്വസിക്കയല്ല അവർ ചെയ്തത്. മുഹമ്മദ് ജാലവിദ്യക്കാരനാണെന്നു അവർ വിധിയെഴുതി.

## ഇസ്ലാം മദീനയിൽ

അറേബ്യയുടെ വിവിധഭാഗങ്ങളിൽനിന്നു വരുന്ന തീത്ഥയാത്രക്കാർ ആണ്ടിലൊരിക്കൽ മക്കയിൽ സമ്മേളിക്കാറുണ്ട്.

ർഷ്ഷൂർമ്മകാരികളാണെങ്കിലും കഅബയുടെ പവിത്രതയെ എല്ലാവരും മാനിച്ചിരുന്നു. തീർത്ഥാടനത്തിന്നായി അവിടെ വമ്പിച്ച ജനാവലി തടിച്ചുകൂടും. ഇന്നത്തെപ്പോലെയുള്ള ചടങ്ങുകളല്ല അവർ നടത്തിയിരുന്നത്. കഅബയിൽ വിഗ്രഹാരാധനയാണ് പ്രധാനമായും നടന്നിരുന്നത്. ശതക്കണക്കിനു വിഗ്രഹങ്ങളെ ആ പുണ്യ ദേവാലയത്തിൽ അവർ പ്രതിഷ്ഠിച്ചിരുന്നു. ഇതിൽ ഇബ്രാഹീം (അ) നബിയുടെയും ഇസ്മാഈൽ (അ) നബിയുടെയും പ്രതിമകളും ഉൾപ്പെടും. കഅബ സന്ദർശിക്കുന്നത് ഒരു പുണ്യകർമ്മമായി അവർ കരുതി. ദൂരദിക്കുകളിൽ നിന്നു ജനലക്ഷങ്ങളെ അങ്ങോട്ടാകർഷിച്ചിരുന്നതിന്നു കാരണമതാണ്.

തീർത്ഥാടനത്തിന്നും ഉത്സവങ്ങളിൽ പങ്കെടുക്കാനും മക്കയിലെത്തുന്ന വിദേശികളെ നബി ഉപദേശിക്കുവാൻ തുടങ്ങി. ഇസ്ലാമികാശയങ്ങളെക്കുറിച്ചു അദ്ദേഹം പൊതുപ്രസംഗങ്ങൾ നടത്തും. രഹസ്യമായും പരസ്യമായും ഇസ്ലാമിലേക്കു ആഹ്വാനം ചെയ്യും. ഖുറൈശികളുടെ എതിർ പ്രചാരവേലയും ദുരുപദേശങ്ങളും കാരണം അദ്ദേഹത്തിൻെറ ആഹ്വാനത്തെ ചെവിക്കൊള്ളാൻ ആരും മുമ്പോട്ടു വന്നില്ല. മദീനാസ്വദേശികളായ ആറു പേർ മാത്രമേ ഇസ്ലാമികസന്ദേശം കൈക്കൊണ്ടുള്ളു. ഖസ്റജ് ഗോത്രക്കാരായ അവർ തിരുമേനിയെ അറിയിച്ചു. "കടുത്ത ശത്രുതയും വൈരാഗ്യവുമാണ് ഞങ്ങളുടെ ജനതക്കിടയിലുള്ളത്. അവർ രഞ്ജിപ്പും സഹകരണവുമില്ലാതെ കഴിയുകയാണ്. മറേറതൊരു ജനതയിലും ഇത്ര ക്രൂരമായ ശത്രുതയുണ്ടാവില്ല. നിങ്ങൾമുഖേന അല്ലാഹു അവരെ യോജിപ്പിച്ചേക്കാം. പിന്നെ നിങ്ങളൊന്നും ഭയപ്പെടേണ്ടിവരില്ല.'' മദീനയിൽ ഇസ്ലാമികതത്വങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുമെന്നുറപ്പുകൊടുത്തുകൊണ്ടും അടുത്തകൊല്ലം വീണ്ടും കാണാമെന്നാശി

ച്ചുകൊണ്ടും അവർ സ്വദേശത്തേക്കു തിരിച്ചു. പറഞ്ഞതനുസരിച്ചു അവർ പ്രവർത്തിച്ചു. ഇസ്ലാമിനെയും ദൈവദൂതനേയും കുറിച്ചു ആ ചെറുസംഘം ഔസ്, ഖസ്രജ് ഗോത്രക്കാരെ ഉപദേശിച്ചു. ആശാവഹമായ ഫലമാണ് അതിനുണ്ടായതു്. മദീനയിൽ ഏകദൈവവിശ്വാസത്തിൻെറ ആശയം പ്രചരിച്ചു. കണ്ണിൽകണ്ട പ്രതിമകളെയൊക്കെ ആരാധിച്ചിരുന്ന പല വ്യക്തികളും നബിയുടെ പ്രബോധനത്തിൽ വിശ്വസിച്ചു. മദീനയിൽ മുസ്ലിംകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടേയിരുന്നു. അതിനാൽ മിസ്അബുബ്നു ഉമൈർ എന്നുപേരായ ഒരു സഹാബിയെ നബി അവിടേക്കയച്ചു. അവരെ ഖുർആനും മതകാര്യങ്ങളും പഠിപ്പിച്ചുകൊടുക്കാൻ. മക്കാനിവാസികളെപ്പോലെ അഹങ്കാരികളും സ്വച്ഛാപ്രമത്തരുമായിരുന്നില്ല മദീനക്കാർ. അവിടത്തെ നേതാക്കന്മാർ സത്യാന്വേഷികളും ജനക്ഷേമതല്പരരുമായിരുന്നു. മദീനയിൽ ഇസ്ലാമിന്നു പ്രചുരപ്രചാരം കിട്ടാൻ കാരണം ഇതല്ലാതെ മററൊന്നുമല്ല. സഅദുബ്നു മുആദും ഉബൈദുബ്നുഹുസൈറും ഇസ്ലാംമതം സ്വീകരിച്ചു. അവിടത്തെ വലിയ നേതാക്കളായിരുന്നു അവർ. ഇതോടെ ബഹുജനങ്ങൾ കൂട്ടം കൂട്ടമായി മതപരിവർത്തനം ചെയ്തുതുടങ്ങി.

പ്രബോധനത്തിൻെറ പതിമൂന്നാംകൊല്ലത്തിൽ ഒരു സംഘം മദീനക്കാർ തീർത്ഥാടനത്തിന്ന് മക്കയിൽവന്നു. സ്ത്രീകളും പുരുഷന്മാരുമടക്കം 73 പേരാണ് ആ സംഘത്തിലുണ്ടായിരുന്നത്. അവർ നബിയുമായി കൂടിക്കാഴ്ച നടത്തി ഇസ്ലാംമതം കൈക്കൊണ്ടു. നബിയും സഖാക്കളും മദീനയിൽ വരുന്നപക്ഷം തങ്ങൾ സഹർഷം സ്വാഗതം ചെയ്യുമെന്നും കഴിയുന്ന എല്ലാം സഹായങ്ങളും നല്കുമെന്നും അവരറിയിച്ചു. അവരുടെ ആത്മാർത്ഥതയും സഹകരണമനസ്ഥിതിയും തിരുമേനിയെ പുളകം കൊള്ളിച്ചു. അങ്ങിനെ അദ്ദേഹം അവരുമായി ഒരു കരാറിലെത്തി.

മദീനയിൽ ഇസ്ലാമിന്നു ലഭിച്ച അസൂയാർഹമായ സ്വാധീനം ഖുറൈശികളെ കുപിതരാക്കി. തന്മൂലം അവർ നബിയെയും അനുയായികളെയും പൂർവ്വാധികം ഉപദ്രവിച്ചു കൊണ്ടിരുന്നു. ശത്രുക്കളുടെ ദൃഢനിശ്ചയവും പ്രകോപനാനടപടികളും കാരണം മുസ്ലീംകൾ ഒരു വിഷമസന്ധിയിലെത്തി. മക്കയിൽ ഇനി ഒരു നിമിഷവും ജീവിച്ചുകൂടെന്ന നിലവന്നു. ഈ സന്ദർഭത്തിൽ മദീനയിൽ അഭയം പ്രാപിച്ചുകൊള്ളാൻ ദൈവം നബിയോട് നിർദ്ദേശിച്ചു. അദ്ദേഹം ഉപദേശിച്ചതനുസരിച്ച് മുസ്ലീംകൾ ഓരോരുത്തരായി നാടും വീടും കുടുംബവും സ്വത്തുമുപേക്ഷിച്ചു പലായനം ചെയ്യാൻ തുടങ്ങി. വളരെ ഗൂഢമായിട്ടാണ് അവർ യാത്രചെയ്തത്. ശത്രുക്കളറിഞ്ഞാൽ രക്ഷയുണ്ടാവില്ല. മദീനയിലേക്ക് പോയവരിൽ ഉമറൽഫാറൂഖ്, അദ്ദേഹത്തിൻെറ സഹോദരൻ സൈദ്, അമ്മാറുബിൻയാസിർ, ബിലാൽ, സഅദുബിൻ അബീവഖാസ്, ഉസ്മാനുബിൻ അഫ്ഫാൻ എന്നീ വ്യക്തികളും ഉൾപ്പെടും. മിക്ക മുസ്ലിംകളും പോയിക്കഴിഞ്ഞു. മക്കയിൽ നബിയും അബൂബക്കർ, അലി മുതലായ ചുരുക്കം ചിലരും ബാക്കിയുണ്ട്.

കുറെ മുസ്ലിംകൾ മദീനയിലേക്കു പാലായനം ചെയ്തിട്ടുണ്ടെന്നും നബിക്കും പോകാൻ പരിപാടിയുണ്ടെന്നും ഖുറൈശികൾ എങ്ങിനെയോ അറിഞ്ഞു ''മുഹമ്മദിനെ അങ്ങിനെ വിട്ടുകൂടാ. നമ്മുടെ കൈകൊണ്ടുതന്നെയായിരിക്കണം അവൻെറ നാശം. അല്ലാത്തപക്ഷം നമുക്കു അപമാനമാണ്'' അവരുടെ അഭിപ്രായം അതായിരുന്നു. നബിയുടെ കാര്യത്തിൽ വ്യക്തമായ ഒരു തീരുമാനമെടുക്കാൻ ഖുറൈശിമുഖ്യന്മാർ ദാറുന്നദ്വത്ത് എന്നേടത്തു സമ്മേളിച്ചു. ''അവനെ കൊല്ലണം. ഇന്നു രാത്രിതന്നെ. അല്ലെങ്കിൽ അവൻ രക്ഷപ്പെട്ടുകളയും.'' അവർ യോജിച്ചു തീർച്ചപ്പെടുത്തി.

ശത്രുക്കളുടെ ഗൂഢാലോചനയെക്കുറിച്ച് അല്ലാഹു നബിക്ക് വിവരം കൊടുത്തു. അദ്ദേഹം അബൂബക്കറുമായി പറഞ്ഞുറച്ചു. രാത്രിയിൽ ശത്രുക്കളാരും കാണാതെ സ്ഥലംവിടാൻ. നേരം ഇരുട്ടി. ഖുറൈശിഗോത്രത്തിൽപെട്ട കുറേ പോക്കിരികൾ നബിയുടെ വീട്ടിന്നടുത്തേക്ക് നീങ്ങി. അദ്ദേഹം ഉറങ്ങിക്കിടക്കുമ്പോൾ അകത്ത് കടന്നു കഥ കഴിക്കാനായിരുന്നു പരിപാടി. അവർ വാതിലിൻെറയും ജനലുകളുടെയും പഴുതിലൂടെ അകത്തേക്ക് എത്തിനോക്കി. ഗൂഢാലോചന നടപ്പിൽ വരുത്താൻ തക്കം പാർത്തുകൊണ്ടു ഈ സന്ദിഗ്ദ്ധഘട്ടത്തിൽ തിരുമേനി പിതൃവ്യപുത്രൻ അലിയ്യിനെ തൻെറ വിരിപ്പിൽ കിടത്തി. ആ കിടക്കുന്നതു കഥാപുരുഷനാണെന്നു ശത്രുക്കൾ ഉറപ്പിച്ചു. നബിയും അബൂബക്കറും തൽക്ഷണം പുറപ്പെട്ടു. ശത്രുക്കൾക്ക് അതു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം വീട്ടിന്നകത്തുണ്ടെന്നാണ് അവർ ധരിച്ചത്.

അലി(റ)യുടെ ത്യാഗസന്നദ്ധതയും ധീരതയും പ്രശംസിക്കത്തക്കതുതന്നെ. തൻെറ ജീവൻ നഷ്ടപ്പെട്ടാലും ദൈവദൂതൻ രക്ഷപ്പെടണമെന്നും അതുവഴി ഇസ്ലാം പ്രചരിതമാവണമെന്നുമായിരുന്നു ആ യുവാവിൻെറ ഉദ്ദേശ്യം. ഇപ്പോൾ എല്ലാവരും ഗാഢനിദ്രപൂകിയിരിക്കുമെന്നു വിശ്വസിച്ച ശത്രുക്കൾ അകത്തു കടന്നു. അവർ നേരെ പോയത് നബി ശയിക്കാറുള്ള സ്ഥലത്തേക്കാണ്. ഗൂഢാലോചന പരാജയപ്പെട്ടുവെന്നു അപ്പോൾ മാത്രമാണ് അവരറിഞ്ഞത്. നബിയുടെവിരിപ്പിൽ കിടക്കുന്നത് അലിയാണ്. അദ്ദേഹം രക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു, അന്നേരം അവർക്കുണ്ടായ കോപവും നിരാശതയും ഊഹിക്കത്തക്കതാണല്ലോ. പലരും പല ഭാഗത്തേക്കും പാഞ്ഞു. നബിയെ കണ്ടുപിടിക്കാൻ പക്ഷെ അതും വിജയിച്ചില്ല.

നബിയും കൂട്ടുകാരും നേരം പുലരാറായപ്പോൾ സൌർ മലയിലെ ഒരു ഗുഹയിൽ ഒളിച്ചിരുന്നു. മക്കയിൽനിന്നു

ഏതാനും നാഴിക അകലെയാണ് ഈ മല സ്ഥിതിചെയ്യുന്നത്. ശത്രുക്കാം പരക്കം പാഞ്ഞുകൊണ്ടിരുന്നു. വല്ലവിധേനയും കഥാപുരുഷനെ കണ്ടുപിടിക്കാൻ. അദ്ദേഹത്തെ പിടിക്കുന്നവക്കു സമ്മാനം കൊടുക്കുമെന്നു ഖുറൈശി പ്രമുഖന്മാർ പ്രഖ്യാപിച്ചു. ശത്രുക്കാം ഗുഹാമുഖത്തുകൂടി നടന്നുപോയി. തങ്ങാം തിരഞ്ഞു നടക്കുന്ന വ്യക്തി അതിനകത്തുണ്ടെന്നു അവർ സംശയിച്ചതേയില്ല. അതിന്നു കാരണവുമുണ്ട്. അവിടെയെങ്ങും ആറം പെരുമാററമില്ലാത്തവിധം പറവകാം നിർഭയമായി തത്തിക്കളിക്കുന്നുണ്ടായിരുന്നു. ഗുഹാമുഖത്ത് എട്ടുകാലികാം വലകെട്ടുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതിനകത്തേക്കു അവർ എത്തിനോക്കിയില്ല. ഗുഹക്കകത്തിരിക്കുന്ന നബിക്കും അബൂബക്കറിന്നും ശത്രുക്കളുടെ കാലുകാം കാണാൻ സാധിച്ചിരുന്നു. ശത്രുക്കാം അലഞ്ഞു നടക്കുന്നതു കണ്ടപ്പോാം അബൂബക്കറിന്നു പേടിയായി. സ്വന്തം കാർയ്യത്തിലല്ല. നബിയെ കണ്ടെത്തിയാൽ എന്തായിരിക്കും സ്ഥിതി? അദ്ദേഹം വ്യാകുലചിത്തനായി തിരുമേനിയോടു പറഞ്ഞു. ‘‘അതാ, ശത്രുക്കാം പോകുന്നു. ആരെങ്കിലും കുനിഞ്ഞുനിന്നു ഇങ്ങോട്ടു നോക്കിയാൽ നമ്മെ കാണും.” ഇത് കേട്ട നബി അദ്ദേഹത്തെ ധൈർയ്യപ്പെടുത്തി. ‘‘എന്തിന്നു ഭയപ്പെടണം? നാം രണ്ടുപേർമാത്രമല്ല ഉള്ളത്. കൂടെ അല്ലാഹുവുമുണ്ട്.” നബിയുടെവാക്കുകാം അബൂബക്കറിൻെറ ഹൃദയത്തിൽനിന്നു ഭയാശങ്കകളെ തുടച്ചുനീക്കി.

മൂന്നു ദിവസത്തോളം അവർ ഗുഹയിൽ കഴിച്ചുകൂട്ടി. വാഹനവുമായി അവിടെയെത്തണമെന്നു പുറപ്പെടുന്നതിന്നു മുമ്പ് അവർ ഒരാളോടു പറഞ്ഞേല്പിച്ചിരുന്നു. അയാാം രണ്ടു ഒട്ടകങ്ങളെയുമായി സൗർമലയുടെ അടുത്തെത്തി. നബിയും സ്നേഹിതനും അതിന്മേൽ കയറി മദീനത്തേക്കു പുറപ്പെട്ടു. വഴിക്കുവെച്ചു സുറാഖത്തുബ്നിൻ മാലിക് എന്ന ഒരാാം അവരെ കണ്ടു.

നബിയെ പിടിച്ചുകൊടുത്തു ഖുറൈശികളിൽനിന്നു പാരിതോഷികങ്ങൾ കൈക്കലാക്കാമെന്നാണു അയാൾ വിചാരിച്ചത്. കഥാപുരുഷനെ പിടിക്കാൻ ആ അശ്വാരൂഢൻ പാഞ്ഞടുത്തു. പെട്ടെന്നു കുതിരയുടെ കാലുകൾ പൂഴിയിൽ ആണ്ടുപോയി. അയാൾക്കു മുമ്പോട്ടുനീങ്ങാൻ കഴിഞ്ഞില്ല. ഒടുവിൽ നബിയോടു സുറാഖത്ത് മാപ്പുചോദിച്ചു. ആർദ്രചിത്തനായ തിരുമേനി ആ മനുഷ്യന്നു മാപ്പുകൊടുത്തു. അതിനു ശേഷമാണ് കുതിരയെ രക്ഷപ്പെടുത്താൻ കഴിഞ്ഞത്. അയാൾ തന്റെ പരിപാടി ഉപേക്ഷിച്ചു മടങ്ങിപ്പോയി.

ആറു ദിവസത്തെ യാത്രക്കുശേഷം അവർ മദീനയുടെ അടുത്തെത്തി. അവരുടെ ആഗമനം കണ്ട ഒരു ജൂതൻ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു. "അറബികളേ, നിങ്ങൾ ചിരകാലമായി അഭിലഷിച്ചിരുന്ന ഭാഗ്യം ഇതാ എത്തിയിരിക്കുന്നു. യഥോചിതം ദൈവദൂതനെ നിങ്ങൾ എതിരേല്ക്കുക."

മദീനാ പട്ടണത്തിലേക്ക് കടക്കുന്നതിന്നു മുമ്പായി നബിയും അബൂബക്കറും ഖുബാഅ് എന്നേടത്തിറങ്ങി. മദീനയുടെ തൊട്ടുകിടക്കുന്ന ഒരു പ്രദേശമാണിത്. അവിടെ നബി ഒരു പള്ളിക്ക് തറക്കല്ലിട്ടു. "മസ്ജിദ് ഖുബാഅ്'' എന്ന പേരിൽ വിഖ്യാതമായ പള്ളി ഇതാണ്. നൂറോളം വരുന്ന മുസ്ലിംകളുടെകൂടെ അദ്ദേഹം അവിടെവെച്ചു ജുമുഅ നമസ്കരിച്ചു. ഇതിന്നുമുമ്പ് മുസ്ലിംകൾ ജുമുഅ നമസ്കാരം നിർവ്വഹിച്ചിരുന്നില്ല. അന്ന് അത് നിർബ്ബന്ധമാക്കിയിട്ടില്ലായിരുന്നു

നബിയുടെ അമ്പത്തിമൂന്നാം വയസ്സിലാണ് മദീനായാത്രയുണ്ടായത്. അതായത് ക്രിസ്താബ്ദം 622 സപ്തമ്പർ 28-ാംനു. അന്ന് ആനക്കലഹവത്സരം 53 റബീഉൽഅവ്വൽ 8-ാംനു-യായിരുന്നു. ഈ യാത്ര ഇസ്ലാമികചരിത്രത്തിലെ ഒരു നൂതനാദ്ധ്യായമാണ്. തങ്ങളുടെ വിശ്വാസാചാരങ്ങൾ സംരക്ഷിക്കാനാണ

ല്ലാം മുസ്ലിംകൾ ആ സ്വാതന്ത്ര്യഭൂമിയിലേക്ക് പോയത്. ഇസ്ലാമിന്നു് അഭിവൃദ്ധിയും പ്രചാരവും കൈവന്നത് ഇതോടെയാണ്. അതുകൊണ്ടു് പലായന സംഭവത്തെ ആസ്പദമാക്കി കാലനിർണ്ണയംചെയ്യാൻ നബി നിർദ്ദേശിച്ചു. ഹിജ്റ വർഷം എന്നു പറയുന്നത് ഇതിന്നാണ്.

ജുമുഅ നമസ്കാരാനന്തരം നബിയും കൂട്ടുകാരും മദീനത്തേക്ക് പോയി. ആഗമനവിവരമറിഞ്ഞ തദ്ദേശീയർ ഘോഷയാത്രയായി വന്നു് നബിയെ എതിരേററു. അവരുടെകൂടെ സ്ത്രീകളും കുട്ടികളും യുവാക്കളും വൃദ്ധന്മാരുമുണ്ടായിരുന്നു. നബിയെ പ്രശംസിച്ചുകൊണ്ടുള്ള പല ഗീതങ്ങളും അവർ ആലപിച്ചു. ആർക്കും ലഭിക്കാത്ത സ്വീകരണമാണ് അദ്ദേഹത്തിന്നു് അവിടെ ലഭിച്ചത്. മദീനക്കാരോടൊപ്പം മക്കയിൽനിന്നു വന്ന അഭയാർത്ഥികളും സ്വീകരിക്കാനെത്തിയിരുന്നു.

മക്കയിൽനിന്നു വന്ന അഭയാർത്ഥികൾക്കു മുഹാജിറുകൾ എന്നും അവരെ നാനാപ്രകാരേണയും സഹായിച്ച മദീനയിലെ മുസ്ലിംകൾക്കു അൻസാരികൾ എന്നും പറയുന്നു. ഏകോദരസഹോദരന്മാരെപ്പോലെയാണ് അവർ വർത്തിച്ചത്. ഇസ്ലാമിക സാഹോദര്യത്തിന്നു ഉത്തമമാതൃകയായിരുന്നു അവർ. അൻസാരികൾ മുഹാജിറുകളെ ആത്മാർത്ഥമായി സഹായിച്ചു. ഓരോരുത്തരും ഓരോ അഭയാർത്ഥിയെ ഏറെറടുത്തു സംരക്ഷിച്ചുകൊണ്ടിരുന്നു. ഒരൻസാരി മരിച്ചാൽ തൻെറ സഹോദരനായ മുഹാജിറിന്നു സ്വത്തവകാശംപോലും ലഭിച്ചിരുന്നു. പിന്നീടു ഈ സമ്പ്രദായത്തെ ദൈവം വിലക്കി.

മദീനയിൽ പ്രധാനപ്പെട്ട രണ്ടു ഗോത്രക്കാരാണുണ്ടായിരുന്നത്. ഔസും ഖസ്റജും. നൂററാണ്ടുകളായി അവർക്കിടയിൽ വൈരാഗ്യം നിലനിന്നുവരികയായിരുന്നു. ഒരു കാര്യ

ത്തിലും അവർ യോജിച്ചിരുന്നില്ല. അത്രക്കും ഉഗ്രതരമായിരുന്നു അവരുടെ ശത്രുത. നബി അവരെ കൂട്ടിയിണക്കി. ഇസ്ലാമിക സാഹോദര്യത്തിൻെറ ബലിഷ്ഠമായ ചങ്ങലയിൽ അവർ കോർത്തിണക്കപ്പെട്ടു. നബിയെക്കൊണ്ടു മദീനക്കാർക്കുണ്ടായ ഏററവും വലിയ ഒരു നേട്ടമാണിത്.

മദീനയിലെത്തിയ ഉടനെ അവിടെ ഒരു പള്ളി നിർമ്മിക്കാനാണ് കഥാപുരുഷൻ ഒന്നാമതായി ശ്രമിച്ചത്. എല്ലാ മുസ്ലിംകളുടെയും അകളങ്കമായ പ്രവർത്തനഫലമായി ഏതാനും നാളുകൾകൊണ്ട് അതിൻെറ പണി പൂർത്തിയായി. മസ്ജിദു ന്നബവി എന്ന പേരിൽ പ്രസിദ്ധമായ പള്ളി ഇതത്രെ. മക്കയിലായിരുന്നപ്പോൾ മുസ്ലിംകൾ നിസ്കാരം സംഘടിതമായി നടത്തിയിരുന്നില്ല. അവിടുത്തെ പരിതസ്ഥിതി അതിന്നു അനുകൂലമല്ലായിരുന്നു. മദീനയിൽ താമസമാക്കിയേടം മുതൽക്കു അവർ നമസ്കാരം കൂട്ടായി നിർവ്വഹിക്കാനും അതിന്നുവേണ്ടി ബാങ്ക് വിളിക്കാനും ജുമുഅ നടത്താനും തുടങ്ങി. ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കുകയും പള്ളിപണി തീർക്കുകയും ചെയ്തു വെന്ന കാരണത്താൽ ഹിജ്റ ഒന്നാം കൊല്ലത്തിന്നു ചരിത്രപ്രാധാന്യമുണ്ട്. രണ്ടാം കൊല്ലത്തിൽ റംസാൻ മാസത്തിലെ വ്രതാനുഷ്ഠാനവും നിർബ്ബന്ധദാനവും ദൈവം നിയമമാക്കി.

## അവിടെയും ശത്രുക്കൾ

മദീനയിൽ നബിക്കും അനുയായികൾക്കും പുതിയ ചില ശത്രുക്കളുണ്ടായി. മക്കയിൽ ഖുറൈശികളാണെങ്കിൽ, ഇവിടെ ജൂതന്മാരായിരുന്നു പ്രധാന ശത്രുക്കൾ. മദീനയിലും പരിസരങ്ങളിലും ജൂതന്മാർ ധാരാളമായി കുടിയേറിപ്പാർത്തിരുന്നു. ഇസ്ലാമിന്നുണ്ടായ പ്രചാരവും നബിക്കു ലഭിച്ച സ്വീകരണവും അവരുടെ ഹൃദയങ്ങളിൽ അസൂയയുടെയും വിദ്വേഷത്തിൻെറയും

വിത്തു വിതച്ചു. തങ്ങളുടെ വേദഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള പ്രവാചകനാണ് അദ്ദേഹമെന്നു അവക്കറിയാം. എങ്കിലും അവർ അദ്ദേഹത്തെ എതിർത്തു. രണ്ടു കാരണങ്ങളാണ് അതിന്നുണ്ടായിരുന്നത്. അവരുടെ ദുരാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും നബി അംഗീകരിച്ചില്ല. അതിൻെറ അർത്ഥശൂന്യത അദ്ദേഹം ചൂണ്ടിക്കാട്ടി. അദ്ദേഹം തങ്ങളുടെ വർഗ്ഗക്കാരനായില്ല എന്നതായിരുന്നു മററെ കാരണം.

മദീനയിൽ ക്രിസ്ത്യാനികളുടെ എണ്ണവും വിരളമായിരുന്നില്ല. അവക്കും മുസ്ലിംകളോടു എതിർപ്പുണ്ടായിരുന്നു. പക്ഷെ ജൂതന്മാരെപ്പോലെ അവർ ശിലാഹൃദയരായിരുന്നില്ലെന്നുമാത്രം. അവരുടെ എതിർപ്പ് താരതമ്യേന ലഘുവായിരുന്നു. ജൂതന്മാക്ക് ചില കൂട്ടാളികളെയും കിട്ടി. കപടവിശ്വാസികാം. താൽക്കാലിക കാര്യലാഭത്തിനുവേണ്ടി തങ്ങളും മുസ്ലിംകളാണെന്നു് അവർ അവകാശപ്പെട്ടു. ഇത്തരക്കാരെ തിരിച്ചറിയാൻ നന്നെ വിഷമമാണ്. നടപ്പും ഇരിപ്പും മുസ്ലിംകളോടൊപ്പം തന്നെയായിരിക്കും. മുസ്ലിംകളുടെ വേഷമണിഞ്ഞ് അവർനടക്കും. ബാഹ്യരൂപം കണ്ടാൽ മുസ്ലിംകളാണെന്നേ തോന്നൂ. പക്ഷെ തക്കം കിട്ടുമ്പോഴെല്ലാം നബിയേയും അനുയായികളെയും ദ്രോഹിക്കാൻ അവർ മറന്നിരുന്നില്ല. ശത്രുക്കളുമായി രഹസ്യബന്ധം പുലത്തി മുസ്ലിംകളെ നാമാവശേഷമാക്കാൻ അവർ യത്നിച്ചു കൊണ്ടിരുന്നു. നബിയുടെയും സഖാക്കളുടെയും ചില രഹസ്യ വിവരങ്ങാം ജൂതന്മാക്കു നല്കിയിരുന്നത് ഇവരാണ്. വാസ്തവത്തിൽ മുസ്ലിംകാംക്കു മററാരെക്കാളും അധികം ദ്രോഹം ചെയ്തിരുന്നതു കപടവിശ്വാസികളായിരുന്നു. അബ്ദുല്ലാഹിബിൻ ഉബയ്യിബിൻ സലൂലിൻെറ നേതൃത്വത്തിലാണ് അവർ പ്രവത്തിച്ചിരുന്നത്.

ഇസ്ലാം അടിക്കടി പ്രചരിച്ചുകൊണ്ടിരുന്നതേയുള്ളൂ. ഇത് ജൂതന്മാരുടെ വിദ്വേഷത്തെ ആളിക്കത്തിച്ചു. അവർ മുസ്ലിം

കളുടെനേരെ ഭീകരപ്രവർത്തനങ്ങൾ അഴിച്ചുവിടാൻ തുടങ്ങി. ഈയവസരത്തിൽ നയതന്ത്രജ്ഞനായ നബി അവരുമായി ഒരു കരാറുണ്ടാക്കി. പരസ്പരം യുദ്ധം ചെയ്യുകയോ ദ്രോഹിക്കുകയോ ഇല്ല. ഒരു കക്ഷിയുടെ ശത്രുക്കളെ നേരിടാൻ മറ്റേ കക്ഷിയുടെ സഹായമുണ്ടാവണം. ഇതെല്ലാമായിരുന്നു കരാറിലെ വ്യവസ്ഥകൾ. എന്നാൽ അത് പാലിക്കുന്നതിൽ ജൂതന്മാർക്ക് അത്രയൊന്നും നിഷ്കർഷയുണ്ടായിരുന്നില്ല. കരാറിലെ വ്യവസ്ഥകളെ മാനിക്കാതെ അവർ പല ഘട്ടങ്ങളിലും മുസ്ലിംകൾക്ക ദ്രോഹം ചെയ്തു. ഇസ്ലാമിൻെറ വൈരികൾക്ക അവർ രഹസ്യമായും പരസ്യമായും പിന്തുണ നൽകുകയുണ്ടായി.

ഈ പശ്ചാത്തലത്തിൽ ഖുറൈശികൾ അണിയറയിൽ അണിഞ്ഞൊരുങ്ങിക്കൊണ്ടിരുന്നു. നബിയേയും അനുയായികളേയും ധ്വംസിക്കാൻ. അവരുടെ പീഡനം സഹിക്ക വയ്യാഞ്ഞിട്ടാണ് മുസ്ലിംകൾ സ്വദേശവുമായി യാത്ര പറഞ്ഞ് മദീനയിൽ അഭയം പ്രാപിച്ചത്. അവിടേയും രക്ഷയില്ലെന്നു വന്നാൽ സങ്കടമല്ലേ?. എന്തെന്തു മർദ്ദനങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടും ഇതുവരെ അവർ ഒരു ചെറു വിരൽ അനക്കുകപോലും ചെയ്തിട്ടില്ല. അവരുടെ സമാധാന കാംക്ഷയാണ് അത് തെളിയിക്കുന്നത്. തങ്ങളുടെ വിശ്വാസാചാരങ്ങളെ ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് സംരക്ഷിക്കാൻ മുസ്ലിംകൾ നിരവധി ത്യാഗങ്ങൾ സഹിച്ചു. വീടും കുടുംബവും സ്വത്തും കയ്യൊഴിക്കേണ്ടി വന്നത് അതിന്നാണ്. എന്നിട്ടും സൈ്വരമായി ജീവിക്കാൻ സാധിക്കുന്നില്ലെന്നു വന്നാലോ? ഒരു മുസ്ലിമിന്നു ജീവനേക്കാൾ വിലപ്പെട്ടതാണ് അവൻെറ വിശ്വാസാചാരങ്ങൾ. അവൻ ജീവിക്കുന്നതുതന്നെ അതിൻെറ നിലനില്പിന്നും സുരക്ഷിതത്വത്തിന്നും വേണ്ടിയത്രെ.

വാസ്തവം ഇതാണെന്നിരിക്കെ ഇനിയും ശത്രുക്കളുടെ ധിക്കാരപ്രവർത്തനങ്ങൾ നിർബ്ബാധം നടത്താൻ അനുവദി

ക്കാമോ? ഇസ്ലാമികസിദ്ധാന്തങ്ങൾ കഴിച്ചുമൂടണമെന്നാണ് ശത്രുക്കളുടെ ആഗ്രഹം. അല്പമെങ്കിലും കെല്പുണ്ടെങ്കിൽ മുസ്ലിംകൾ അതിന്നുനേരെ കണ്ണടച്ചിരിക്കുന്നതു ക്ഷന്തവ്യമാണോ?

പിന്നേയും ശത്രുക്കൾ മുന്നോട്ടാണെന്നു കണ്ടപ്പോൾ ആത്മരക്ഷാർത്ഥം യുദ്ധംചെയ്തുകൊള്ളാൻ ദൈവം മുസ്ലിംകൾക്കു അനുവാദം നല്കി. ഇതു ഹിജ്റ രണ്ടാം കൊല്ലത്തിലാണ്. അതനുസരിച്ചു ഇങ്ങോട്ടു യുദ്ധംചെയ്യാൻ വന്ന ശത്രുക്കളുമായി നബിയും അനുയായികളും യുദ്ധംചെയ്തു. ഒരു പ്രതിരോധന നടപടിയെന്ന നിലക്ക്. മററു ദുരുദ്ദേശങ്ങളൊന്നും അവക്കുണ്ടായിരുന്നില്ല.

തങ്ങളുടെ വിശ്വാസാചാരങ്ങളുടെ നിലനില്പിന്നും നാട്ടിൽ അക്രമവാസന പെരുകാതിരിക്കാനും മുസ്ലിംകൾ ഒട്ടധികം യുദ്ധങ്ങൾ നടത്തുകയുണ്ടായി. 27 യുദ്ധങ്ങളിൽ നബി തന്നെ പങ്കെടുത്തിട്ടുണ്ട്.

## ഇസ്ലാമും വ്യക്തിസ്വാതന്ത്ര്യവും

ഇസ്ലാം വാളുകൊണ്ടാണു പ്രചരിപ്പിച്ചതെന്നു ഒരു തെററിധാരണയുണ്ട്. മുസ്ലിം വിദ്വേഷംകൊണ്ടു അന്ധരായ ചില ആംഗലേയ ചരിത്രകാരന്മാരാണ് അതു പ്രചരിപ്പിച്ചത്. ചരിത്ര യാഥാർത്ഥ്യങ്ങൾക്കു നിരക്കാത്ത അബദ്ധജഡിലമായ ഒരാരോപണമാണതെന്നു അവരോർത്തില്ല. നിർബ്ബന്ധിച്ചു ഇസ്ലാംമതത്തിൽ വിശ്വസിപ്പിക്കാൻ ഖുർആൻ സിദ്ധാന്തിച്ചിട്ടില്ലെന്നു അതു വായിച്ചവക്കറിയാം. പ്രത്യുത, വിശ്വാസസ്വാതന്ത്ര്യം പ്രഖ്യാപിക്കുകയാണ് ഖുർആൻ ചെയ്തിട്ടുള്ളത്. നബിയോ അനുയായികളോ ഇസ്ലാം അടിച്ചേല്പിച്ചിരുന്നതായി ദുർബ്ബലമായ ഒരു രേഖപോലും ചൂണ്ടിക്കാണിക്കാൻ ആക്കും സാധിക്കില്ല. അവർ ഇസ്ലാംമതം ഉപദേശിച്ചു. ഇഷ്ടമുള്ളവർ വിശ്വസിച്ചു. അതാണു പരമാർത്ഥം. തനിക്കു നന്നാ

യിട്ടതോന്നിയതു സ്വീകരിക്കാൻ ഓരോ പൗരനും അവകാശമുണ്ട്. ആരും ആരേയും നിർബ്ബന്ധിക്കാൻ വയ്യ. ഈ തത്വത്തെ ഇസ്ലാം അംഗീകരിക്കുന്നു. ഖുർആൻ ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നതിപ്രകാരമാണ്. "മത (കാര്യ) ത്തിൽ യാതൊരുവിധ നിർബ്ബന്ധവുമില്ല. സന്മാർഗ്ഗം ദുർമ്മാർഗ്ഗവുമായി (ശരിക്കു) വേർതിരിഞ്ഞു കഴിഞ്ഞിരിക്കുന്നു." (2: 256) മതസ്വാതന്ത്ര്യം നിഗ്രഹിക്കാവതല്ലെന്നും സത്യവും അസത്യവും വ്യക്തമായിക്കഴിഞ്ഞിരിക്കെ അത് മനസ്സിലാക്കി പ്രവർത്തിക്കുകയാണ് വേണ്ടതെന്നും ഈ വാക്യം ഉണർത്തുന്നു. ഈ വസ്തുത ഖുർആൻ ആവർത്തിക്കുന്നത് കാണുക. "പറയുക; സത്യം നിന്റെ രക്ഷിതാവിങ്കൽനിന്നുള്ളതാണ്. അതുകൊണ്ടു ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവൻ നിഷേധിക്കുകയും ചെയ്യട്ടെ." (18: 29) വിശ്വാസ സ്വാതന്ത്ര്യമാണ് ഈ വാക്യങ്ങളിലൂടെ ദൈവം വിളംബരം ചെയ്യുന്നതെന്നു ആർക്കാണറിഞ്ഞുകൂടാത്തത്? ഖുർആനിനെ ജനങ്ങൾക്കു വിവരിച്ചുകൊടുക്കാനാണല്ലോ നബി നിയുക്തനായത്. അക്ഷരത്തിലും അർത്ഥത്തിലും അദ്ദേഹം ഖുർആനിനെ അനുകരിച്ചിരുന്നു. എന്നിരിക്കെ ഈ തത്വത്തിനെതിരായി അദ്ദേഹം വാളെടുത്തു ഭീഷണിപ്പെടുത്തി ജനങ്ങളെ മതപരിവർത്തനം ചെയ്യിച്ചു എന്നു എങ്ങിനെ വിശ്വസിക്കാം?

ഇവിടെ ഒരു ചോദ്യമുത്ഭവിക്കുന്നു. എന്തിനാണ് നബിയും സഖാക്കളും യുദ്ധം നടത്തിയതെന്നു്? അതിനുള്ള മറുപടിയാണ് നേരത്തെ പറഞ്ഞത്. ഇസ്ലാംമതം വിശ്വസിച്ചുവെന്ന ഏക കാരണത്താൽ തങ്ങളെ അറുകൊല ചെയ്യാൻ ശത്രുക്കൾ വാളും കുന്തവുമായി യുദ്ധത്തിനു വന്നപ്പോൾ ആത്മരക്ഷാർത്ഥം അവർ വാളെടുത്തു. ഖുർആൻ പ്രഖ്യാപനം ചെയ്ത മതസ്വാതന്ത്ര്യത്തെ നിലനിർത്തുകയും സ്വൈരജീവിതം സാധി

ക്കകയും അക്രമവാസന ദൂരീകരിക്കകയുമായിരുന്നു അവരുടെ ലക്ഷ്യം. നബിയും അനുയായികളും നടത്തിയ എല്ലാം യുദ്ധങ്ങളും ഈ ഇനത്തിൽപെട്ടതാണ്. അവർ ആരേയും അങ്ങോട്ടു പോയി അക്രമിച്ചിട്ടില്ല. തങ്ങളെ അക്രമിക്കുകയും അതിന്നു ഗൂഢാലോചന നടത്തുകയും ചെയ്തവരെ മാത്രം അവർ ചെറുത്തു. ശത്രുക്കളുമായി യുദ്ധം ചെയ്യാൻ ഉപദേശിച്ചുകൊണ്ട് ഖുർആൻ പറയുന്നു. "കരാറുകരം ലംഘിക്കയും ദൈവദൂതനെ (സ്വദേശത്തുനിന്നു്) ബഹിഷ്കരിക്കുകയും ചെയ്തിട്ടുള്ള സമുദായത്തോട് നിങ്ങരം യുദ്ധം ചെയ്യുന്നില്ലേ? വാസ്തവത്തിൽ അവരാണല്ലോ ആദ്യം (യുദ്ധം) ആരംഭിച്ചിട്ടുള്ളത്. എന്നിട്ട് നിങ്ങളവരെ ഭയപ്പെടുകയോ?" (9 : 13) ഇതിൽനിന്നു് സംഗതി വ്യക്തമായി. ശത്രുക്കരം ആദ്യം യുദ്ധമാരംഭിച്ചു. അപ്പോഴാണ് മുസ്ലിംകരം അവരെ എതൃക്കാൻ നിർബ്ബദ്ധരായത്.

യുദ്ധം അനുവദിച്ചുകൊണ്ടു കല്പന വന്നപ്പോരം മുസ്ലിംകരംക്കു ആദ്യം അതിന്നു വൈമനസ്യമാണുണ്ടായിരുന്നത്. അതിനാൽ ഖുർആൻ അവരെ താക്കീതു ചെയ്തു. "നിങ്ങരംക്കു യുദ്ധത്തിന്നു കല്പന കിട്ടിയിട്ടുണ്ടു്. (തല്ക്കാലം) നിങ്ങരംക്കതിൽ വെറുപ്പുതോന്നുന്നു. എന്നാൽ നിങ്ങരംക്കു (യഥാർത്ഥത്തിൽ) നന്മയുള്ള ഒരു വിഷയത്തിൽ (പ്രഥമദൃഷ്ടത്തിൽ) വെറുപ്പുതോന്നിയേക്കാം. (അതേപോലെ) നിങ്ങരംക്കു ദോഷമുള്ള ഒരു വിഷയത്തിൽ (പ്രഥമ ദൃഷ്ടത്തിൽ) പ്രതിപത്തി തോന്നിയെന്നും വരാം. അല്ലാഹുവിന്നേ അറിവുള്ളു. നിങ്ങരം അറിവില്ലാത്തവരാണ്." (2 : 216) യുദ്ധം ചെയ്യുന്നതിനോടു് മുസ്ലിംകരം ആദ്യം അനുകൂലാഭിപ്രായക്കാരായിരുന്നില്ലെന്നതിന്നു തെളിവാണിത്. സമാധാനപ്രിയരായ ഇവരെക്കുറിച്ചാണോ യുദ്ധക്കൊതിയന്മാരെന്നും സ്വാതന്ത്ര്യ വിധ്വംസകരെന്നും ആക്ഷേപിക്കുന്നത്?

നബിയുടെ കാലത്ത് നടന്ന ചില പ്രധാന യുദ്ധങ്ങരം ഇവിടെ ചുരുക്കി വിവരിക്കാം. ഈ വിഷയത്തിലേക്കു വെളിച്ചം വീശാൻ അതുപകരിക്കും.

## ബദർയുദ്ധം

മദീനയുടെയും മക്കയുടെയും ഇടക്കായി ബദർ എന്ന ഒരു പ്രദേശമുണ്ട്. ഹിജ്റ രണ്ടാമാണ്ടിൽ മുസ്ലിംകളും ഖുറൈശികളും തമ്മിൽ അവിടെവെച്ച ഒരു യുദ്ധം നടന്നു. നബിയും അനുയായികളും യുദ്ധം ചെയ്യേണ്ടിവരുമെന്നുദ്ദേശിച്ച് പുറപ്പെട്ടതല്ല. അതുകൊണ്ട് വേണ്ടത്ര സൈന്യത്തേയോ യുദ്ധസാമഗ്രികളെയോ അവർ ശേഖരിച്ചിരുന്നില്ല. ഖുറൈശികളുടെ ഒരു വ്യാപാര സംഘം സിറിയയിലേക്ക് കച്ചവടത്തിന്നു പോകുന്നുണ്ടെന്നു നബിക്ക് വിവരം കിട്ടി. മുസ്ലിംകളോട് മല്ലിടാൻ അവർ ഇതിന്നു മുമ്പുതന്നെ സന്നാഹങ്ങൾ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഈ കച്ചവടത്തിൽ നിന്നു ലഭിക്കുന്ന വരുമാനം യുദ്ധഫണ്ടിലേക്ക് നീക്കാനായിരുന്നു അവരുടെ നിശ്ചയം. ഈ പരിതസ്ഥിതിയിൽ, ശത്രുക്കളുടെ ശക്തി ക്ഷയിപ്പിക്കുകയും അവരുടെ ശ്രമം പരാജയപ്പെടുത്തുകയും ചെയ്യേണ്ടത് അനുപേക്ഷണീയമാണല്ലോ. സിറിയയിലേക്കു പോകുന്ന വർത്തകസംഘത്തെ വഴിക്കുവെച്ച തടയാൻ നബിയും 313 അനുയായികളും പുറപ്പെട്ടു. യാത്രാവേളയിൽ അറബികൾ കയ്യിലെടുക്കാറുള്ള വാൾ മാത്രമേ അവരുടെ പക്കലുണ്ടായിരുന്നുള്ളു. സവാരി ചെയ്യുവാൻ ഉപയോഗിച്ചിരുന്നത് രണ്ടു കുതിരകളെയും എഴുപതു ഒട്ടകത്തെയുമാണ്. മൂന്നു പേക്ക് ഒരു വാഹനം എന്ന തോതുപോലുമില്ല. അവയെ മാറിമാറിയാണ് ഉപയോഗിച്ചിരുന്നത്. കുറേ ദൂരം ഒട്ടകപ്പുറത്തു സഞ്ചരിച്ചാൽ അത്രയും ദൂരം നടക്കും.

നബിയും കൂട്ടുകാരും വരുന്നുണ്ടെന്നു അബൂസുഫ്യാൻ അറിഞ്ഞു. അയാളാണ് കച്ചവടസംഘത്തെ നയിച്ചിരുന്നത്. അബൂസുഫ്യാൻ ഒരു ദൂതനെ മക്കയിലേക്കയച്ചു. രക്ഷിക്കാൻ സൈന്യത്തെ അയക്കണമെന്നറിച്ചുകൊണ്ടു. ദൂതൻ മുഖേന മക്ക

യിൽ വിവരം ലഭിച്ചു. അവർ ഉടനെ സൈന്യശേഖരം തുടങ്ങി. ആയിരത്തോളം ഭടന്മാരടങ്ങുന്ന ഒരു സൈന്യത്തെ ശേഖരിക്കാൻ അവക്കു തീരെ പ്രയാസമുണ്ടായില്ല. പരിപൂർണ്ണ ആയുധസന്നാഹങ്ങളോടെ അവർ മാർച്ചു് ചെയ്തു. ഉത്ബത്ത്, ശൈബത്ത്, അബൂജഹൽ മുതലായ ഖുറൈശി പ്രമാണികളും ഈ സൈന്യത്തിലുണ്ടായിരുന്നു.

മുസ്ലിംകൾ തങ്ങളെ തടയാൻ പുറപ്പെട്ടിട്ടുണ്ടെന്നറിഞ്ഞു വ്യാപാരസംഘം ഒരു സ്വകാര്യ വഴിയിലൂടെ രക്ഷപ്പെട്ടു. അതുകൊണ്ടു ഖുറൈശി സൈന്യവും അവരുമായി കണ്ടുമുട്ടുകയുണ്ടായില്ല. അബൂസുഫ്‌യാനും കൂട്ടുകാരും രക്ഷപ്പെട്ടുവെങ്കിലും മുസ്ലിംകളുമായി യുദ്ധം നടത്തിയേ തീരൂ എന്നു് അബൂജഹൽ ശഠിച്ചു. അയാളായിരുന്നു സൈന്യനായകൻ. ആ വമ്പിച്ച സൈന്യം ബദർ എന്നേടത്തു താവളമടിച്ചു. നബിയും അനുയായികളും അവിടെ എത്തി. ഇരുവിഭാഗക്കാരും തമ്മിൽ ഘോരമായ പോരാട്ടം നടന്നു. ആയുധശക്തിയിലും എണ്ണത്തിലും കുറവായിട്ടും മുസ്ലിംകൾ ധീരധീരം ചെറുത്തുനിന്നു. അവസാനം അവർ വിജയക്കൊടിയും നാട്ടി. ദൈവീകസഹായവും ആദർശശുദ്ധിയുമായിരുന്നു അവരെ വിജയത്തിലേക്കു നയിച്ചതു്. ഖുറൈശി പക്ഷത്തുനിന്നു അബൂജഹലടക്കം എഴുപതു പേർ വധിക്കപ്പെടുകയും അത്രയും പേർ ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്തു. ഈ യുദ്ധത്തിൽ പതിനാലു മുസ്ലിം ഭടന്മാരാണു് രക്തസാക്ഷിത്വം വരിച്ചതു്. ബന്ധനസ്ഥരാക്കിയവരെ മുസ്ലിംകൾ പിന്നീടു വിട്ടയക്കുകയുണ്ടായി. ധനവാന്മാരെ കുടുംബക്കാർ പിഴയടച്ചു മോചിപ്പിച്ചു. ദരിദ്രരുടെ കാര്യത്തിൽ നബി വിട്ടുവീഴ്ച ചെയ്തു. ഓരോരുത്തരും പത്തു മുസ്ലിം കുട്ടികൾക്കു വീതം എഴുത്തും വായനയും അഭ്യസിപ്പിക്കുക. എന്നാൽ സാധുക്കളായ തടവുകാരെ വിമോചിപ്പിക്കുമെന്നു അദ്ദേഹം പ്രസ്താവിച്ചു എല്ലാവരും ഈ വ്യവസ്ഥ സ്വീകരിച്ചു.

KOTTAYAM PUBLIC LIBRARY KOTTAYAM

# ഉഹ്ദ് യുദ്ധം

ബദർയുദ്ധത്തിൽ ഖുറൈശികൾ പരാജയപ്പെട്ടകയാണല്ലോ ഉണ്ടായത്. ഇത്തരമൊരു പരാജയം അവരുടെ ചരിത്രത്തിൽ ആദ്യമായിരുന്നു. സകല സജ്ജീകരണങ്ങളുമുള്ള ഒരു വമ്പിച്ച സൈന്യത്തെ താരതമ്യേന ദുർബ്ബലവും ചെറുതുമായ ഒരു സൈന്യം പരാജയപ്പെടുത്തുക! ഭൂരിപക്ഷത്തിനു ഇതുപോലെ ഒരപമാനം മറെറന്തുണ്ട്? യുദ്ധത്തിൽ പരാജയപ്പെട്ടവെങ്കിലും ഖുറൈശികൾ അടങ്ങിയിരുന്നില്ല. മുസ്ലിംകളോട് പ്രതികാരം ചെയ്യാൻ അവർ അവിശ്രമം പരിശ്രമിച്ചു. അതിന്നായി മക്കയിൽ തിരക്കിട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്നു.

ഹിജ്റ 3-ാംകൊല്ലത്തിൽ അതിഗംഭീരമായ ഒരു സൈന്യം മക്കയിൽനിന്നു പുറപ്പെട്ടു. അബൂസുഫ്യാനായിരുന്നു സർവ്വസൈന്യാധിപൻ. മൂവ്വായിരം ഭടന്മാരടങ്ങിയ ആ സൈന്യം ഉഹ്ദ്മലയുടെ അടിവാരത്തിൽ ചെന്നിറങ്ങി. മദീനയുടെ വളരെ അടുത്താണു ഈ മലയുള്ളത്.

ശത്രുക്കളുടെ പുറപ്പാടു പിതൃവ്യൻ അബ്ബാസ്മുഖേന നബി അറിഞ്ഞു. അദ്ദേഹം അക്കാലത്തു ഇസ്ലാംമതം വിശ്വസിച്ചിരുന്നില്ല. എങ്കിലും ഖുറൈശികളുടെ യുദ്ധസംരംഭത്തിൽ നിന്നു അദ്ദേഹം അകന്നുനിന്നു. ഒരു കത്തു മുഖേനയാണു അബ്ബാസ് മദീനത്തേക്കു വിവരമയച്ചത്. ഉടനെ നബിയും സൈന്യത്തെ ശേഖരിക്കാൻ തുടങ്ങി. ഒരു ബുധനാഴ്ചയാണ് അബൂസുഫ്യാൻെറ നേതൃത്വത്തിലുള്ള സൈന്യം ഉഹ്ദിലെത്തിയത്. മൂന്നു ദിവസം അവർ അവിടെ താമസിച്ചു. ശനിയാഴ്ച നബിയും അനുയായികളും എത്തി. പുറപ്പെടുമ്പോൾ 1000 പേരുണ്ടായിരുന്നു സൈന്യത്തിൽ. വഴിക്കുവെച്ചു കപട

വിശ്വാസികളായ അബ്ദുല്ലാഹിബിൻസലൂലും പാർട്ടിയും ഒഴിഞ്ഞുപോയി. അവർ മുന്നൂറോളം പേരുണ്ടായിരുന്നു. ശേഷിച്ച എഴുന്നൂർ ഭടന്മാരാണു ഖുറൈശികളുടെ വമ്പിച്ച സൈന്യവുമായി നേരിട്ടത്.

നബി അബ്ദുല്ലാഹിബിൻ ജുബൈറിൻെറ നായകത്വത്തിൽ 50 അമ്പെയ്ത്തുകാരെ ഒരു കുന്നിന്മേൽ നിർത്തി. ശത്രുക്കൾ പിന്നിലൂടെ വന്നു മുസ്ലിംകളുടെ നേരെ കടന്നാക്രമണം നടത്തുന്നത് തടയാനായിരുന്നു ഈ നടപടി. ഒരിക്കലും അവിടെ നിന്നു ഇളകിപ്പോകരുതെന്നും തൻെറ ആജ്ഞ ലഭിച്ചതിന്നു ശേഷമേ സ്ഥലം വിടാവൂ എന്നും നബി അവരോട് കർശനമായി നിർദ്ദേശിച്ചിരുന്നു. "നമ്മുടെ വിജയപരാജയങ്ങൾ നിങ്ങളെ ആശ്രയിച്ചിരിക്കും. അതുകൊണ്ട് എന്തുതന്നെ സംഭവിച്ചാലും നിങ്ങൾ സ്ഥലം വിടരുത്. ശത്രുക്കൾ ഞങ്ങളെ നിശ്ശേഷം വെട്ടിനുറുക്കുന്നത് കണ്ടാൽപോലും നിങ്ങൾ ഇളകാൻ പാടില്ല". അദ്ദേഹം താക്കീത് ചെയ്തു.

യുദ്ധം നടന്നു. മുസ്ലിംകളാണ് മുന്നേറിക്കൊണ്ടിരുന്നത്. അവരുടെ ധീരപരാക്രമങ്ങൾക്കു മുമ്പിൽ ശത്രുസേന പരാജയപ്പെടുകതന്നെ ചെയ്തു. അവർ തോററോടാൻ തുടങ്ങി. ശത്രുക്കൾ ഉപേക്ഷിച്ചുപോകുന്ന സാധനങ്ങൾ മുസ്ലിംകൾ കൈവശപ്പെടുത്തിക്കൊണ്ടിരുന്നു. കുന്നിൻ മുകളിൽ പാറാവുനില്ക്കുന്ന ഭടന്മാർ ഈ കാഴ്ച കണ്ടു. ശത്രുക്കൾ തോറേറാടുകയും മുസ്ലിംകൾ വിജയശ്രീലാളിതരാവുകയും ചെയ്ത സ്ഥിതിക്ക് ഇനി ഇവിടെ നില്ക്കേണ്ടതില്ലെന്നു് അവർ കരുതി. അബ്ദുല്ലാഹിബിൻ ജുബൈറും ചുരുക്കം ചിലരും ഒഴിച്ച് ബാക്കിയുള്ളവരെല്ലാം സ്ഥലംവിട്ടു. ഈ തക്കം നോക്കി ശത്രുക്കൾ പിന്നിലൂടെ വന്നു മുസ്ലിംകളെ കടന്നാക്രമിച്ചു. ചരിത്രത്തിൻെറ ഗതിതന്നെ മാറിപ്പോയി. മുസ്ലിംകൾക്കു തീരാത്ത നാശനഷ്ടങ്ങളാണ് തന്മൂല

മുണ്ടായത്. എഴുപതുപേർ പടക്കളത്തിൽ മരിച്ചുവീണു. ചിലരെല്ലാം ഓടി രക്ഷപ്പെട്ടു. നബിയും അല്പം ചിലരും ഉറച്ചുനിന്നു പോരാടി. പക്ഷെ ഉദ്ദേശിച്ച ഫലമുണ്ടായില്ല.

ഈ യുദ്ധത്തിൽ പരാജയം നേരിടാൻ കാരണം നബിയുടെ ആജ്ഞ ലംഘിച്ചതാണ്. അതിൻെറ ഭവിഷത്ത് അവർ അനുഭവിച്ചുവെന്ന് മാത്രം. നേതാവിൻെറ കല്പന ശിരസാവഹിക്കണമെന്നും അതിനെ ദുർവ്യാഖ്യാനം ചെയ്യുന്നത് നാശത്തിന്നിടയാക്കുമെന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. ഉഹ്ദ് യുദ്ധത്തിലാണ് നബിയുടെ പിതൃവ്യൻ ഹംസ (റ) രക്തസാക്ഷിയായത്. ഖുറൈശികൾക്കു ഈ യുദ്ധത്തിൽ കുറഞ്ഞ നാശനഷ്ടങ്ങളേ നേരിട്ടുള്ളു. അവരുടെ 23 ഭടന്മാർ മരണപ്പെട്ടു. പ്രവാചകൻെറ നിർദ്ദേശം ലംഘിച്ചവർക്ക് പിന്നീട് ദൈവം മാപ്പുകൊടുത്തതായി ഖുർആൻ അറിയിക്കുന്നു.

## ഖന്തഖ് യുദ്ധം

നബിയും ജൂതന്മാരും തമ്മിൽ ഒരു കരാർ നടന്ന സംഭവം മുമ്പ് വിവരിച്ചുവല്ലോ. ജൂതന്മാർ തുടരെത്തുടരെ അത് ലംഘിക്കുക പതിവായിരുന്നു. ഹിജ്റ അഞ്ചാം വർഷത്തിൽ അവർ ഖുറൈശികളുമായി മുസ്ലിംകൾക്കെതിരിൽ ഒരു സമരം സംഘടിപ്പിക്കുന്നതിനെക്കുറിച്ചു ആലോചിച്ചു. നബിയേയും അനുയായികളേയും ഭൂമുഖത്തുനിന്നു തുടച്ചുനീക്കാൻ തക്കം പാർത്തുനില്ക്കുന്ന ഖുറൈശികൾ ഈ അവസരം പാഴാക്കിയില്ല. അവർ വിപുലമായ തോതിൽ സൈന്യസജ്ജീകരണം നടത്തി. ജൂതന്മാർക്കു പുറമെ വേറെ ചില ഗോത്രക്കാരും അവരുടെ പക്ഷത്തു ചേർന്നു. എല്ലാവരുംകൂടി മദീനയിൽ കടന്നു മുസ്ലിംകളെ ഒന്നടങ്കം കൊന്നൊടുക്കാനായിരുന്നു അവരുടെ തീരുമാനം.

വിവരമറിഞ്ഞു നബിതിരുമേനിയും സഹാക്കളും രക്ഷാമാർഗ്ഗത്തെക്കുറിച്ചു ആലോചിച്ചു. ശത്രുക്കളുടെ ആക്രമണം തട

യാൻ മദീനക്കു ചുററും കിടങ്ങു കീറുന്നതാണ് നല്ലതെന്നു പേഷ്യക്കാരനായ സൽമാൻ (റ) അഭിപ്രായപ്പെട്ടു. ഈ സമ്പ്രദായം അറേബ്യയിൽ നടപ്പില്ലാത്തതാണ്. പേഷ്യയിൽ പ്രചാരത്തിലുള്ള കിടങ്ങുകീറൽസമ്പ്രദായം ഫലപ്രദമാണെന്നു നബിക്കു തോന്നി. അങ്ങിനെ അവർ ആ ജോലിയിൽ വ്യാപൃതരായി. ഓരോരുത്തരും ഓരോ മുഴം വീതം ഭാഗിച്ചെടുത്താണ് പണി നടത്തിയത്. മററുള്ളവരെപ്പോലെ തൻെറ പങ്ക് നബിയും നിർവ്വഹിച്ചു. വളരെയധികം യാതനകളും വേദനകളും സഹിച്ചാണ് അവർ കിടങ്ങിൻെറ പണി പൂർത്തിയാക്കിയത്. ഖന്തഖ് എന്നാണ് കിടങ്ങിന്നു പറയുക.

അബൂസുഫ്യാൻെറ നേതൃത്വത്തിൽ വമ്പിച്ചൊരു സേന മദീന പട്ടണത്തിന്നു വെളിയിലെത്തി. പതിനായിരം പേരാണ് അതിലുണ്ടായിരുന്നത്. മുന്നോട്ടുള്ള ഗമനത്തിന്നു കിടങ്ങ് വിഘാതമായി. മദീനയിൽ കടന്നുചെന്നു മുസ്ലിംകളെ ആക്രമിക്കാൻ അവക്ക് കഴിഞ്ഞില്ല. കിടങ്ങിന്നപ്പുറത്തു നബിയും അനുയായികളും നിലയുറപ്പിച്ചിരുന്നു. ഈ യുദ്ധത്തിൽ ശത്രുക്കളേക്കാളധികം മുസ്ലിംകൾക്കു ദ്രോഹം ചെയ്തത് കപടവിശ്വാസികളാണ്. മുസ്ലിം അണികളിൽ ആശയക്കുഴപ്പമുണ്ടാക്കാനും ദുഷ്പ്രചരണം നടത്താനും അവർ ഉററു ശ്രമിച്ചു.

സമുദ്രംപോലെ പരന്നുകിടക്കുന്ന ശത്രുസൈന്യം കിടങ്ങിന്നപ്പുറത്ത് കടക്കാനുള്ള യുക്തികളാരാഞ്ഞുകൊണ്ടിരുന്നു. ഈ സന്ദർഭത്തിലാണ് നബിയെ വധിക്കണമെന്ന ഉദ്ദേശത്തോടെ നൌഫലുബ്നു അബ്ദുല്ല എന്ന ഒരാൾ കിടങ്ങു ചാടിക്കടക്കാൻ ഉദ്യമിച്ചത്. അയാൾ ലക്ഷ്യത്തിലെത്തിയില്ല. കിടങ്ങിൽ വീണു മരണപ്പെടുകയാണുണ്ടായത്. നൌഫലിൻെറ മൃതദേഹം തങ്ങൾക്കു വിട്ടുതരണമെന്നും പകരം പതിനായിരം

ഷീനമാർ നൽകാമെന്നും ഖുറൈശികാം നബിയോടാവശ്യപ്പെട്ടു. അക്കൂട്ടം പ്രതിഫലം വാങ്ങാതെ മൃതശരീരം വിട്ടുകൊടുത്തു. ഇതിനുശേഷം ഏതാനും ഭടന്മാർ കിടങ്ങിന്റെ വീതി കുറഞ്ഞ ഭാഗത്തിലൂടെ അകത്തുകടന്നു ആക്രമണം നടത്തി. പക്ഷെ അതു കൊണ്ടു പറയത്തക്ക ഫലമൊന്നുമുണ്ടായില്ല. ആർത്തിരമ്പുന്ന ശത്രുസൈന്യം വല്ലവിധേനയും മദീനയിൽ കടക്കാനിടവ ന്നാൽ എന്തായിരിക്കും സ്ഥിതി? മുസ്ലിംകാം പേരിനു പോലും ബാക്കിയുണ്ടാവില്ല. തന്നിമിത്തം നബിതിരുമേനി ദൈവ ത്തോട് സഹായമഭ്യർത്ഥന ചെയ്തു. അതിൻഫലമായി ഊക്കേ റിയ ഒരു കാററടിച്ചു. കനത്ത മഴയും. ഇതു ശത്രുക്കളുടെ അണികളെ ശിഥിലമാക്കി. ആത്മരക്ഷക്കുവേണ്ടി അവർ പിന്നോക്കം തിരിഞ്ഞോടി. ഒരത്യാപത്തിൽനിന്നു മുസ്ലിം കാം രക്ഷപ്പെട്ടു. ഖന്തക് യുദ്ധത്തിൽ ആറു മുസ്ലിംകാം രക്ത സാക്ഷികളായി. എതിർപക്ഷത്തുനിന്നു നാലു പേരും മരണപ്പെട്ടു.

## ഹുദൈബിയാ ഉടമ്പടി

നബിയും 1500 അനുചരന്മാരും ഹിജ്റ 6-ാം കൊല്ല ത്തിൽ മക്കത്തേക്ക് പോയി. അവരുടെ പക്കൽ സാധാരണ യിൽ കവിഞ്ഞ യുദ്ധസാമഗ്രികളൊന്നുമുണ്ടായിരുന്നില്ല. ഉംറ എന്ന പുണ്യകർമ്മം അനുഷ്ഠിക്കുകയായിരുന്നു ലക്ഷ്യം. അതി നാൽ യുദ്ധസാമഗ്രികളുടെ ആവശ്യമില്ലല്ലോ. അവർ മക്ക യിൽനിന്നു 9 നാഴിക അകലെ സ്ഥിതി ചെയ്യുന്ന ഹുദൈബിയ എന്ന സ്ഥലത്തെത്തി. നബിയും സഖാക്കളും തങ്ങളുടെ ആഗ മനോദ്ദേശം ഖുറൈശികളെ അറിയിച്ചു. മുഹമ്മദിനെ മക്ക യിൽ കാലെടുത്തു കുത്താൻ അനുവദിക്കുകയില്ലെന്നായിരുന്നു അവരുടെ ഉറച്ച നിലപാട്. ഖുറൈശി പ്രമുഖന്മാരെ കണ്ടു് തങ്ങളുടെ യഥാർത്ഥ നില ഒരിക്കൽക്കൂടി ധരിപ്പിക്കാൻ തിരു

യേനി 10 പേരടങ്ങിയ ഒരു ദൌത്യ സംഘത്തെ മക്കത്തേക്കയച്ചു. ഉസ്മാനുബിൻ അഫ്ഫാനായിരുന്നു ഈ സംഘത്തെ നയിച്ചിരുന്നത്. മൂന്നു ദിവസം കഴിഞ്ഞിട്ടും അദ്ദേഹം തിരിച്ചെത്തിക്കാണാഞ്ഞപ്പോൾ നബിയും കൂട്ടുകാരും ആശങ്കാകുലരായി. ഉസ്മാൻ വധിക്കപ്പെട്ടുവെന്നുള്ള കിംവദന്തികൾ പ്രചരിച്ചു. അതിനെ തുടൎന്ന്, അവിടെയുണ്ടായിരുന്ന ഒരു വൃക്ഷച്ചുവട്ടിൽവെച്ച് മുസ്ലിംകൾ ഒരു ദൃഢപ്രതിജ്ഞ ചെയ്തു. ഒന്നുകിൽ വിജയം, അല്ലെങ്കിൽ വീരമൃത്യു.

നബിയുടെയും സഖാക്കളുടേയും ദൃഢപ്രതിജ്ഞ ഖുറൈശികളെ ഭയവിഹ്വലരാക്കി. മുസ്ലിംകൾ യുദ്ധത്തിന്നൊരുങ്ങിയാൽ എന്തു സംഭവിക്കുമെന്നു ഇതിനിടെ അവർ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ആ കയ്പേറിയ അനുഭവങ്ങൾ ഒരൊത്തുതീൎപ്പിന്നു ഖുറൈശികളെ നിൎബ്ബന്ധിച്ചു. സുഹൈലുബിൻ അംറിനെ അവർ നബിയുടെഅടുത്തേക്ക് വിട്ടു. നാട്ടിൽ സമാധാനവും സഹവൎത്തിത്വവും ഉണ്ടാക്കാനും യുദ്ധത്തിന്റെ വിപത്തൊഴിവാക്കാനും ഒരു ധാരണയിലെത്താൻ നബി തയ്യാറായി. അങ്ങിനെ 10 കൊല്ലത്തേക്ക് യുദ്ധം ഉപേക്ഷിക്കാനും നബിയും കൂട്ടുകാരും അക്കൊല്ലം മടങ്ങിപ്പോയി അടുത്തകൊല്ലം വന്ന് ഉംറ നിൎവ്വഹിക്കാനും ഇരുവിഭാഗക്കാരും സമ്മതിച്ചു. നബിയുടെ വിട്ടുവീഴ്ച മനസ്ഥിതിക്കും സമാധാന തല്പരതക്കും ഈ ഉടമ്പടി പ്രത്യക്ഷോദാഹരണമാണ്. വളരെയേറെ ത്യാഗങ്ങൾ സഹിച്ചാണ് അദ്ദേഹം ബഹുദൈവാരാധകരുമായി ഒരു കരാറിലെത്തിയത്. നബിയുടെ യഥാൎത്ഥനില വ്യക്തമാക്കാൻ ചരിത്രപ്രധാനമായ ഈ ഉടമ്പടിയുടെ വിശദാംശത്തിലേക്ക് നമുക്കല്പം കടന്നുചെല്ലാം.

കരാറെഴുതിക്കൊണ്ടിരിക്കെ സ്തംഭനാവസ്ഥകളുണ്ടായി. സുഹൈലിന്റെ ശാഠ്യബുദ്ധിയായിരുന്നു ഇതിന്നു കാരണം.

അലി (റ) യാണ് കരാറുപത്രം എഴുതിയത്. പതിവനുസരിച്ച് അദ്ദേഹം 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' (പരമകാരുണികനും കരുണാനിധിയുമായ ദൈവത്തിന്റെ പേരിൽ) എന്നു ആമുഖമായി എഴുതി. ഈ സന്ദർഭത്തിൽ സുഹൈൽ ചാടിയെണീററ അതിനെ എതിർത്തു. "പരമകാരുണികനേയും, കരുണാനിധിയെയും ഞാനറിയുകയില്ല. ഖുറൈശികാം സാധാരണ എഴുതാറുള്ളതുപോലെ ബിസ്മിക്കല്ലാഹുമ്മ എന്നു മാത്രം എഴുതിയാൽ മതി".

സഹാബികാം ഈ തടസ്സവാദത്തെ അനുകൂലിച്ചില്ല. പരമകാരുണികനും കരുണാനിധിയും എന്നെഴുതിയത് തിരുത്താൻ പാടില്ലെന്നും അതങ്ങിനെതന്നെ വേണമെന്നും അവർ ശക്തിയായി വാദിച്ചു. അക്ഷോഭ്യനായ നബി അവരെ സമാധാനിപ്പിക്കുകയും സുഹൈൽ പറഞ്ഞതുപോലെ ബിസ്മിക്കല്ലാഹുമ്മ (ദൈവമേ, നിന്റെ പേരിൽ) എന്നു തിരുത്തിയെഴുതാൻ കല്പിക്കുകയും ചെയ്തു.

പിന്നീട് അലി ഇപ്രകാരം എഴുതി. "ഇത് ദൈവദൂതനായ മുഹമ്മദ് സുഹയിലുബിൻ അംറുമായി ചെയ്ത കരാറാണ്." ഇത്തരുണത്തിൽ സുഹയിൽരോഷാകുലനായി പറഞ്ഞു. "മുഹമ്മദേ, നീ ദൈവദൂതനാണെന്നു ഞാൻ സമ്മതിക്കുന്നുണ്ടെങ്കിൽ ഈ തക്കത്തിന്നും ഒത്തുതീർപ്പിന്നും ആവശ്യമില്ല. നീ ദൈവ പ്രവാചകനാണെന്നു ഞാൻ വിശ്വസിക്കുന്നില്ലെന്നു നിനക്കുതന്നെ അറിഞ്ഞു കൂടെ? ആ സ്ഥിതിക്ക് ദൈവദൂതനായ മുഹമ്മദ് എന്ന് കരാറിൽ രേഖപ്പെടുത്തിയത് സ്വീകാര്യമല്ല. അബ്ദുല്ല മകൻ മുഹമ്മദ് എന്നാണ് എഴുതേണ്ടത്." ഇതു കേട്ടു സഹാബികാം പൂർവ്വാധികം ക്ഷുഭിതരായി. ദൈവദൂതൻ എന്നെഴുതിയതു വെട്ടണമെന്നോ? അതവക്കു ചിന്തിക്കാൻ പോലും കഴിഞ്ഞില്ല. ഒരിക്കലും അത് ചെയ്യരുതെന്നു അവർ കയത്തു.

എന്നാൽ സമാധാനപ്രേമിയും വിശാലമനസ്കനുമായ കഥാപുരുഷൻ "ദൈവദൂതൻ" എന്നെഴുതിയത് തിരുത്താൻ അലിയോട് കല്പിക്കുകയാണുണ്ടായത്. ദൈവദൂതൻ എന്നെഴുതിയത് ഈ കൈകൊണ്ട് ഞാനൊരിക്കലും തിരുത്തുകയില്ലെ"ന്നു അലി ഉറപ്പിച്ചു പറഞ്ഞു. സഹാബി പ്രമുഖന്മാരായ ഉബൈദു ബിൻ ഹുസൈർ സഅദുബിൻ ഉബാദ് എന്നിവരും ആ അഭിപ്രായക്കാരായിരുന്നു. മുസ്ലിംകൾ പൊതുവിൽ ഇവരെ അനുകൂലിച്ചു. പ്രക്ഷുബ്ധമായ ഒരന്തരീക്ഷം സംജാതമായി. ഇനി വിട്ടുവീഴ്ച ചെയ്യരുതെന്നും അവർ നബിയെ അറിയിച്ചു. സന്ധിസംഭാഷണം അലസിപ്പിരിയുമെന്ന ഘട്ടത്തിലെത്തി. അന്നേരം നബി അനുയായികളോടു കൈകൊണ്ടു ആംഗ്യം കാണിച്ചു സമാധാനം പാലിക്കാൻ ആവശ്യപ്പെട്ടു. എന്നിട്ട് അദ്ദേഹംതന്നെ ദൈവദൂതൻ എന്നെഴുതിയത് മായിച്ചു തൽസ്ഥാനത്ത് "അബ്ദുല്ലയുടെ മകൻ മുഹമ്മദ്" എന്നു അലി എഴുതിയത് വളരെ നിർബ്ബന്ധിച്ചപ്പോഴാണ്. ഇതിനെത്തുടർന്നു സംഭാഷണാന്തരീക്ഷം പ്രശാന്തമായി.

മുഹമ്മദ് നബി (സ. അ) വിശ്വസ്തനാണെന്ന കാര്യത്തിൽ ഖുറൈശികൾക്കു സംശയമുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ സത്യസന്ധതയും സന്മാർഗ്ഗനിഷ്ഠയും പ്രാപ്തിയും സുവിദിതമായിരുന്നു. ഇത്തരം യാഥാർത്ഥ്യങ്ങൾ ശത്രുക്കൾപോലും സശിരകമ്പം സമ്മതിക്കുന്നതാണ്. അദ്ദേഹം ദൈവദൂതനാണെന്ന പരമസത്യത്തെയാണ് അവർ നിഷേധിച്ചിരുന്നത്. താൻ ദൈവപ്രവാചകനാണെന്നായിരുന്നു നബിയുടെ വാദം. അത് ബോദ്ധ്യപ്പെടുത്തുകയെന്നത് അദ്ദേഹത്തിൻെറ സർവ്വപ്രധാനമായ ലക്ഷ്യവുമായിരുന്നു. ഇത്രയും പ്രധാനമർഹിക്കുന്ന ഒരു വിഷയത്തിലാണ് വിട്ടുവീഴ്ച ചെയ്തത്. വേണമെങ്കിൽ നബിക്ക് യുദ്ധം ചെയ്യാമായിരുന്നു. മുമ്പുള്ള യുദ്ധങ്ങളെ അപേ

ക്ഷിച്ചു ഇത്തവണ വിജയിക്കാൻ ധാരാളം സാദ്ധ്യതകളുണ്ട്. പോരെങ്കിൽ ശത്രുക്കൾ ഭയപ്പെട്ടിട്ടാണല്ലോ സന്ധിക്കൊരുങ്ങിയത്. പക്ഷെ നാട്ടിൽ സമാധാനവും ഐശ്വര്യവുമുണ്ടാവണമെന്ന വിശാല താല്പര്യത്തിന്നു വേണ്ടി അദ്ദേഹം പരമാവധി വിട്ടുവീഴ്ച ചെയ്തു.

കരാറിലെ ഒടുവിലത്തെ നിബന്ധനയും വളരെയധികം കോളിളക്കങ്ങളുണ്ടാക്കി. ഖുറൈശികളിൽ പെട്ട ആരെങ്കിലും ഇസ്ലാംമതം വിശ്വസിച്ച് മദീനത്തുചെന്നു നബിയുടെ കൂട്ടത്തിൽ ചേർന്നാൽ അയാളെ തങ്ങൾക്കുതന്നെ മടക്കിത്തരണം. അതേസമയം നബിയുടെ കൂട്ടത്തിൽനിന്നു് ആരെങ്കിലും മതം മാറി ഖുറൈശികളുടെ അടുക്കൽ വന്നാൽ അവരെ മുസ്ലിംകൾക്ക തിരിച്ചു കൊടുക്കില്ല. ഈ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തണമെന്നു് ഖുറൈശികൾ നിർബ്ബന്ധിച്ചു. ഉമർ (റ) ഇതിന്നെതിരായിരുന്നു. തന്മൂലമുണ്ടാവുന്ന ദോഷഫലങ്ങളെക്കുറിച്ചും അദ്ദേഹം ഒരു പ്രസ്താവന ചെയ്തു. നബിയും അബൂബക്കറും അദ്ദേഹത്തെ സമാധാനിപ്പിച്ച് ഒടുവിൽ വിവാദപരമായ ഈ വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തി. "നമ്മിൽപെട്ട വല്ലവരും ഖുറൈശി പക്ഷത്തു ചേർന്നാൽ അവർ ഇസ്ലാമിൽനിന്നു് വ്യതിചലിച്ചുവെന്നു് കരുതി നമുക്ക് സമാധാനിക്കാം. ഖുറൈശികളിൽ നിന്നു് ആരെങ്കിലും നമ്മുടെ പക്ഷത്തു ചേർന്നാൽ അവരുടെ കാര്യത്തിൽ ദൈവം ഒരു രക്ഷാമാർഗ്ഗമുണ്ടാക്കാതിരിക്കില്ല" അതായിരുന്നു നബിയുടെ നിഗമനം.

കരാർ എഴുതിക്കൊണ്ടിരിക്കുമ്പോഴാണ് സുഹൈലിന്റെ പുത്രൻ അബൂജന്തൽ ഒരു വലിയ ചങ്ങലയും വലിച്ച് സദസ്സിലെത്തിയത്. ഇസ്ലാംമതം സ്വീകരിച്ച ഇദ്ദേഹം മദീനത്തേക്ക് പലായനം ചെയ്യാൻ ഭാവിക്കുമ്പോൾ പിതാവ് പിടിച്ചു ചങ്ങലക്കിട്ടതായിരുന്നു. നബി മക്കയുടെ സമീപം എത്തിയിട്ടു

ണ്ടെന്നറിഞ്ഞപ്പോഠം തനിക്കൊരു രക്ഷാമാഗ്ഗം ലഭിക്കുമെന്ന വിശ്വാസത്തോടെ ചങ്ങലപൊട്ടിച്ചാണ് അബൂജന്തൽ അവിടെയെത്തിയത്. മകനെ തനിക്ക് വിട്ടുതരണമെന്നു് സുഹൈൽ വാദിച്ചു. കരാർ നടപ്പിലായിക്കഴിഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് അബൂജന്തലിനെ ഏല്പിച്ചു തരേണ്ടതില്ലെന്നായിരുന്നു നബിയുടെ തടസ്സവാദം. പക്ഷെ സുഹൈൽ ശാഠ്യം പിടിച്ചതിനാൽ തിരുമേനി അതിന്നും വഴങ്ങിക്കൊടുത്തു. അതനുസരിച്ചു് ഖുറൈശികഠം അയാളെ ബന്ധിച്ചു് മക്കത്തേക്ക് കൊണ്ടുപോയി.

ഹുദൈബിയ്യ എന്ന പ്രദേശത്തുവെച്ചാണ് ഈ ഉടമ്പടിയുണ്ടായത്. അതുകൊണ്ടു അതിന്നു ഹുദൈബിയ്യ ഉടമ്പടി എന്നു പേർ സിദ്ധിച്ചു. മക്കയിൽനിന്നു ഒമ്പതുനാഴിക ദൂരെയാണ് ഈ പ്രദേശം. നബിയും അനുചരന്മാരും ഹുദൈബിയ്യയിൽ കേമ്പ് ചെയ്തുകൊണ്ടിരിക്കെ ചില അത്ഭുതസംഭവങ്ങളുണ്ടായി. അവിടെ വെള്ളത്തിന്നു വളരെ ക്ഷാമമായിരുന്നു. അത്യാവശ്യത്തിനുപോലും വെള്ളം ലഭിച്ചിരുന്നില്ല. മുസ്ലിംകഠം നന്നെ വിഷമിച്ചു. ദാഹം ശമിപ്പിക്കുകയെന്നതായിരുന്നു വലിയ പ്രശ്നം. അനുയായികഠക്കു നേരിട്ട ഈ വിഷമാവസ്ഥ നബി അറിഞ്ഞു. അതിനാൽ താൻ വുസു (നമസ്കാരത്തിന്നു വേണ്ടി ചെയ്യുന്ന അംഗ ശുദ്ധി) ചെയ്ത വെള്ളം വററി വരണ്ട ഒരു കിണററിൽ അദ്ദേഹം ഒഴിച്ചു. അത്യത്ഭുതകരമാംവണ്ണം അതിൽ ഉറവുണ്ടായി. മുസ്ലിംകളുടെ എല്ലാ ആവശ്യങ്ങഠക്കും വേണ്ടത്ര വെള്ളം കിണററിൽനിന്നു ലഭിച്ചു. മറെറാരിക്കൽ ഹുദൈബിയ്യയിൽവെച്ചുതന്നെ നബിയുടെ കൈവിരലുകഠക്കിടയിലൂടെ നിമ്മലജലം ഒലിക്കുകയുണ്ടായി. സഹചരന്മാക്കു പാനംചെയ്യാനും അംഗശുദ്ധിവരുത്താനും അതു പ്രയോജനപ്പെട്ടു ഇത്തരം അസാധാരണ സംഭവങ്ങഠം നബിയുടെ പ്രവാചത്വത്തിൻെറ സത്യാവസ്ഥയെയാണ് കുറിക്കുന്നത്.

# ഖൈബർ യുദ്ധം

ഹിജ്റ ഏഴാം കൊല്ലത്തിലാണ് ഈ യുദ്ധം നടന്നത്. മദീനയുടെ ഉത്തരഭാഗത്തു സ്ഥിതിചെയ്യുന്ന സസ്യശ്യാമളമായ ഒരു പ്രദേശമാണ് ഖൈബർ. സുഭദ്രമായ കോട്ട കൊത്തളങ്ങളാൽ വലയംചെയ്ത ഈ പ്രദേശത്തു ജൂതന്മാരാണ് അധിവസിച്ചിരുന്നത്. ഖന്തക് യുദ്ധകാലത്ത് അവർ ഖുറൈശി പക്ഷത്തു ചേർന്നു മുസ്ലിംകളെ അക്രമിച്ചു ഖൈബർ യുദ്ധത്തിന്നു കാരണം അതാണ്. കരാർ ലംഘിച്ചു തങ്ങളെ നശിപ്പിക്കാൻ ശ്രമിച്ച ജൂതന്മാരുമായി യുദ്ധംചെയ്യാൻ നബിയും 1600 ഭടന്മാരും അങ്ങോട്ടു പുറപ്പെട്ടു. വളരെ പണിപ്പെട്ടു അവർ ഖൈബറിൽ പ്രവേശിച്ച് കോട്ടകൾ ഉപരോധിച്ചു. ആറു ദിവസം തുടർച്ചയായി യുദ്ധം നടന്നു. മുസ്ലിംസൈന്യത്തിൽ മുഹമ്മദുബ്നിൻ മസ്ലമത്താണ് ആദ്യമായി രക്തസാക്ഷിയായത്. യുദ്ധം ചെയ്തു പരിക്ഷീണനായ അദ്ദേഹം ഒരു കോട്ടയുടെ തണലിൽ വിശ്രമിക്കയായിരുന്നു. ഈ തക്കംനോക്കി മുറഹിബ് എന്ന ഒരു ജൂതൻ മേൽഭാഗത്തുനിന്നു ഒരു വലിയ കല്ല് തലയിലിട്ട് അദ്ദേഹത്തെ കൊലപ്പെടുത്തുകയാണ് ഉണ്ടായത്. ആറുദിവസം യുദ്ധം ചെയ്തിട്ടും കോട്ടകൾ പിടിച്ചടക്കാൻ മുസ്ലിംകൾക്ക് കഴിഞ്ഞില്ല. ഒടുവിൽ അലി (റ) യുടെ നേതൃത്വത്തിൽ യുദ്ധം നടന്നു. മുറഹിബിൻെറ സഹോദരനും ധീരപരാക്രമിയുമായ ഹാരിസ് അദ്ദേഹവുമായി ഏററുമുട്ടി അയാളെ കൊല്ലാൻ അലിയ്യിന്നു അധികം പ്രയാസമുണ്ടായില്ല. പിന്നീട് മുറഹിബ് മുന്നോട്ടു വന്നു ആ സംഘട്ടനം കുറെനേരം നീണ്ടുനിന്നു. മുറഹിബുമായി ഘോരയുദ്ധം ചെയ്തുകൊണ്ടിരിക്കെ അലിയ്യിൻെറ പരിച കയ്യിൽനിന്നു തെറിച്ചുപോയി. ഉടനെ അദ്ദേഹം കോട്ടയുടെ സമീപത്തുണ്ടായിരുന്ന വലിയൊരു വാതിലെടുത്ത് മുറഹിബിൻെറ വെട്ടുകളെ തടുത്തു. വളരെ നേരത്തെ

പോരാട്ടത്തിന്നുശേഷം പ്രതിയോഗിയെ അലി (റ) കൊലപ്പെടുത്തി. പരിചയായി ഉപയോഗിച്ചിരുന്ന വാതിൽ, മുസ്ലിംകൾ വിജയം വരിച്ചതിന്നുശേഷമാണ് അദ്ദേഹം നിലത്തിട്ടത്. എഴുപതാളുകൾ ചേർന്നാണത്രെ അത് യഥാസ്ഥാനത്ത് വെച്ചത്. അലിയ്യിൻെറ കായികശക്തി ഇതിൽനിന്നു ഊഹിക്കാമല്ലോ. ഖൈബറിലെ കോട്ടകൾ മുസ്ലിംകൾ കൈവശപ്പെടുത്തി. ശത്രുക്കൾ കീഴടങ്ങി. ഈ യുദ്ധത്തിൽ പതിനഞ്ച് മുസ്ലിം യോദ്ധാക്കളാണ് രക്തസാക്ഷിത്വം വരിച്ചത്. ജൂതന്മാർ പല നിലക്കും മുസ്ലിംകളെയും നേതാവിനെയും കൊലപ്പെടുത്താൻ ശ്രമം നടത്തുകയുണ്ടായി. അതൊന്നും വിലപ്പോയില്ലെന്നേയുള്ള. ഒരിക്കൽ അവർ ക്രൂരമായ ഒരു ചതി പ്രയോഗിച്ചു. ഹാരിസിൻെറ മകൾ സൈനബ എന്ന ഒരു സ്ത്രീ വിഷം ചേർത്ത് അജമാംസം നബിക്ക് സമ്മാനിച്ചു. ജൂതന്മാരുടെ കറുത്ത കൈകളായിരുന്നു അതിൻെറ പിന്നിൽ പക്ഷെ ഭാഗ്യത്തിന്നു നബിക്ക അപകടമൊന്നും പിണഞ്ഞില്ല. വിജയാനന്തരം ജൂതന്മാരെ വിചാരണചെയ്തപ്പോൾ. അവർ കുററം സമ്മതിച്ചു. വിശാലമനസ്കനായ തിരുമേനി അവക്ക് മാപ്പ നല്കി.

മുഹർറ മാസത്തിലാണ് ഖൈബർ യുദ്ധം നടന്നത്. ദുൽഖഅദ് മാസത്തിൽ നബി മക്കത്തേക്ക് പോയി. ഹുദൈബിയ്യ കരാറനുസരിച്ച് ഉംറ ചെയ്യാൻ രണ്ടായിരത്തോളം മുസ്ലിംകളുണ്ടായിരുന്നു അദ്ദേഹത്തോടൊപ്പം. അവർ മൂന്നു ദിവസം മക്കയിൽ താമസിച്ചു. ഈ കാലത്ത് ഖുറൈശികളെല്ലാം സ്ഥലം വിട്ടിരുന്നു. സ്വതന്ത്രമായി ഉംറചെയ്യാൻ മുസ്ലിംകൾക്ക് അവർ മക്ക ഒഴിഞ്ഞു കൊടുത്തു.

## മക്കാ വിജയം.

ഹിജ്റ എട്ടാം കൊല്ലത്തിൽ ബനൂഖുസാഅ ഗോത്രക്കാരും ബനൂബകർ ഗോത്രക്കാരും തമ്മിൽ ഒരു പോരാട്ടം

നടന്നു. ഖുസാഅ ഗോത്രക്കാർ നബിയുമായി കരാറിലേർപ്പെട്ടിരുന്നു. ബനൂബക്ർ ഗോത്രക്കാരാകട്ടെ ഖുറൈശികളുടെ പക്ഷക്കാരുമാണ്. പോരാട്ടത്തിൽ ഖുറൈശികൾ അവരോടൊത്തു ഖുസാഅ ഗോത്രക്കാരെ എതിർത്തു. മുസ്ലിംകളുടെ സഖ്യകക്ഷിയെന്ന നിലക്കു അവരെ എതിർക്കുന്നത് മുസ്ലിംകളെ എതിർക്കുന്നതിന്നു തുല്യമാണ്. ഹുദൈബിയ്യ കരാറനുസരിച്ച അതു ചെയ്തുകൂടാത്തതുമാണ്. ഏതായാലും ഖുറൈശികളുടെ പക്ഷത്തുനിന്നു കരാർ ലംഘനമുണ്ടായി. അവരുടെ ചില നേതാക്കൾ അതിൻെറ ഭവിഷത്ത് യഥാസമയം ചൂണ്ടിക്കാണിച്ചിരുന്നു. പക്ഷെ ഖുറൈശികൾ അത് ചെവിക്കൊണ്ടില്ല. ഹുദൈബിയാ കരാർ ലംഘിച്ചുകൊണ്ടു് അവർ ഖുസാഅ ഗോത്രക്കാരെ അക്രമിച്ച സംഭവം അല്ലാഹു അന്നേരം തന്നെ നബിക്കു് വിവരം കൊടുത്തു. അതനുസരിച്ചു് യുദ്ധത്തിന്നു തയ്യാറായിക്കൊള്ളാൻ അദ്ദേഹം അനുയായികൾക്കു നിർദ്ദേശം നൽകി. സംഭവമൊന്നും നബി അറിഞ്ഞിരിക്കയില്ലെന്നു കരുതി അബൂസുഫ്‌യാൻ കരാറു പുതുക്കാൻ മദീനത്തു ചെന്നു. അയാളുടെ ശ്രമം വിഫലമായി. കരാറു ലംഘിക്കുന്നവരോടു് അതു പുതുക്കേണ്ട കാര്യമെന്ത്? അബൂസുഫ്‌യാൻെറ ആവശ്യം നബി നിരസിച്ചു.

അപ്പോഴേക്കും ഖുസാഅ ഗോത്രക്കാരുടെ ഒരു നിവേദക സംഘം അവിടെയെത്തി. ബനൂബക്റുമായുള്ള യുദ്ധത്തിൽ ഖുറൈശികൾ കൈക്കൊണ്ട നിലപാടിനെക്കുറിച്ച് അവർ നബിയോട് ആവലാതിപ്പെട്ടു. അവരെ രക്ഷിക്കേണ്ടത് അദ്ദേഹത്തിൻെറ കടമയാണല്ലോ. തൻെറ സ്വന്തം കുടുംബങ്ങളെപ്പോലെ ഞാൻ നിങ്ങളെ കാത്തു സൂക്ഷിക്കുമെന്നു അദ്ദേഹം അവർക്കു വാക്കു കൊടുത്തു.

അബൂസുഫ്‌യാൻ നിരാശനായിട്ടാണ് സ്വദേശത്തേക്ക് തിരിച്ചത്. മുസ്ലിംകൾ സൈന്യസജ്ജീകരണം നടത്തുന്ന

വിവരം അയാറം അറിഞ്ഞിരുന്നില്ല. വളരെ രഹസ്യമായിട്ടാണ് അതു നടന്നത്. ഖുറൈശികളുമായി യുദ്ധംചെയ്യാൻ തയ്യാറെടുക്കുന്നുണ്ടെന്ന വിവരം പുറത്താരെങ്കിലും അറിഞ്ഞു പോകരുതെന്ന് നബിക്കും അനുയായികാറക്കും നിർബ്ബന്ധമുണ്ടായിരുന്നു. പെട്ടെന്ന് മക്കയിൽ കടന്നു ചെല്ലാനാണ് അവർ പരിപാടിയിട്ടിരുന്നത്.

പതിനായിരത്തോളം വരുന്ന ഒരു വമ്പിച്ച സൈന്യം ഹിജ്റ എട്ടാം കൊല്ലം റംസാൻമാസത്തിൽ മക്കയെ ലക്ഷ്യമാക്കി നീങ്ങി. മക്കയിലേക്ക് കടക്കാൻ രണ്ടു പ്രധാന വഴികളാണുള്ളത്. നബി സൈന്യത്തെ രണ്ടായി വിഭജിച്ചു. ഒരു വിഭാഗത്തിൻെറ തലവൻ ഖാലിദുബിൻ വലീദും മറേറതിൻെറതു തിരുമേനിയുമായിരുന്നു. അവർ രണ്ടു് വഴികളിലൂടെ മക്കയിൽ കടന്നു. ഖാലിദുബിൻ വലീദിനേയും സൈന്യത്തെയും ഖുറൈശികാറ തടഞ്ഞുനിർത്തി. അവിടെവെച്ചുണ്ടായ സംഘട്ടനത്തിൽ 20 ഖുറൈശികാറ വധിക്കപ്പെട്ടു. ഇതിൽ കവിഞ്ഞു മററു അനിഷ്ടസംഭവങ്ങളൊന്നുമുണ്ടായില്ല. ഖുറൈശികാറ മുസ്ലിംകളുടെ മുമ്പിൽ ആയുധംവെച്ചു കീഴടങ്ങി. ഇതോടെ മക്ക അവരുടെ അധീനത്തിലായി.

നബിയെയും അനുയായികളെയും ശ്വാസംമുട്ടിച്ചിരുന്ന പലരും അവിടെയുണ്ടായിരുന്നു. അവരെല്ലാം സിംഹത്തിൻെറ മുമ്പിൽപെട്ട മാൻപേടയെപ്പോലെ നിസ്സഹായരായിത്തീർന്നു. മുസ്ലിംകാറക്കു പ്രതികാരംചെയ്യാൻ പററിയ ഒരവസരമായിരുന്നു അത്. തങ്ങാറക്കു ഇനി രക്ഷയില്ലെന്നു ഖുറൈശികാറ വിശ്വസിച്ചു. പക്ഷെ അപ്രതീക്ഷിതമായ ഒരനുഭവമാണ് അവക്കുണ്ടായത്. വിശാലമനസ്കനായ നബി അവക്കു പൊതുമാപ്പു നല്കിയതായി പ്രഖ്യാപിച്ചു ഖുറൈശി തലവനായിരുന്നുവല്ലോ അബൂസുഫ്യാൻ. മക്കയിൽ പ്രവേശിക്കുന്നതിനുമുമ്പുതന്നെ

അദ്ദേഹം മുസ്ലിംകളുടെ പിടിയിൽ പെട്ടിരുന്നു. അയാളെ അവർ നേരിയ തോതിൽ വേദനിപ്പിക്കുകപോലും ചെയ്തില്ല. കഅബയിലും അബൂസുഫ്‌യാൻെറ വീട്ടിലും അഭയം പ്രാപിക്കുന്നവരെ അവരെത്ര കുററവാളികളാണെങ്കിലും ഉപദ്രവിക്കില്ലെന്നു പ്രഖ്യാപിച്ചുകൊണ്ടു നബി അയാളെ മാനിക്കയാണുണ്ടായത്. അക്ഷന്തവ്യമായ അപരാധങ്ങൾ ചെയ്ത ചുരുക്കം ചിലരെ മാത്രം കാണുന്നേടത്ത് വെച്ചു കൊല്ലണമെന്നു നബി നിർദ്ദേശം നല്കി. കഅബുബിൻസുഹൈർ, അബ്ദുല്ലാഹിബിൻ അബീസറഹ്, ഇക്‌രിമത്തുബിൻഅബീജഹൽ. ഉത്ബത്തിൻെറ പുത്രിഹിന്ദ് എന്നിവരായിരുന്നു ഈ പട്ടികയിലുണ്ടായിരുന്നത്. പക്ഷെ ഇവരിൽ പലരും പിന്നീടു നബിയുടെ മഹാദാക്ഷിണ്യത്തിന്നു വിധേയരായി രക്ഷപ്പെട്ടു.

മക്ക അധീനപ്പെടുത്തിയശേഷം നബിയും അനുചരന്മാരും കഅബയിൽ കടന്നു ബിംബങ്ങളുടെ പ്രദർശനകേന്ദ്രമായിരുന്നു ആ പുണ്യദൈവാലയം. അതിലുണ്ടായിരുന്ന 360 വിഗ്രഹങ്ങളെയും അവർ നശിപ്പിച്ചു. ഇക്കൂട്ടത്തിൽ ഇബ്രാഹിംനബിയുടെയും ഇസ്മാഈൽനബിയുടെയും പ്രതിമകളുമുണ്ടായിരുന്നു.

നബിയുടെ മഹാമനസ്കതയും വിട്ടുവീഴ്ചാമനഃസ്ഥിതിയും ഖുറൈശികളെ അത്ഭുതപ്പെടുത്തി. അവർ കൂട്ടംകൂട്ടമായി ഇസ്ലാം മതം വിശ്വസിച്ചു. അബൂസുഫ്‌യാനും ഇതിൽ ഉൾപ്പെടും. അത്താബുബിൻ അസീദിനെ മക്കയിലെ ഗവണ്ണരായി നിശ്ചയിച്ചുകൊണ്ടു് നബിയും അനുഗാമികളും സ്ഥലംവിട്ടു.

## ഹുനൈൻ യുദ്ധം

മക്കയുടെ കിഴക്കുഭാഗത്താണ് ഹുനൈൻ സ്ഥിതിചെയ്യുന്നത്. സഖീഫ്, ഹവാസിൻ എന്നീ രണ്ടു് ഗോത്രക്കാരുടെ അധിവാസകേന്ദ്രമായിരുന്നു ആ നാട്. മുസ്ലിംകൾക്കുണ്ടായ

വിജയം അവരെ അരിശംകൊള്ളിച്ചു. മുഹമ്മദിനെയും കൂട്ടുകാരെയും തുരത്തിയേ അടങ്ങുകയുള്ളുവെന്നു ശപഥംചെയ്തു. മുപ്പതിനായിരം വരുന്ന ഒരു സൈന്യത്തെ അവർ ശേഖരിച്ചു. വിവരമറിഞ്ഞു നബിയും സൈന്യവും മക്കയിൽനിന്നു നേരെ അങ്ങോട്ടു പുറപ്പെട്ടു. ഹിജ്റ എട്ടാം കൊല്ലം ശവ്വാൽ മാസത്തിലായിരുന്നു ഇത്.

ഹുനൈനിൽവെച്ച് ഇരു വിഭാഗക്കാരും ഏറ്റമുട്ടി. നബിയുടെ പക്ഷത്ത് ധാരാളം ഭടന്മാരുണ്ടായിരുന്നു. പതിനായിരത്തോളം പേർ മദീനയിൽനിന്നു തന്നെ പുറപ്പെട്ടിട്ടുണ്ടല്ലോ. മക്കയിൽ നിന്നു പുതുതായി ഇസ്ലാംമതം കൈക്കൊണ്ടവരും ഇസ്ലാമിനോട്ടു അനുഭാവമുള്ളവരും സൈന്യത്തിലുണ്ടായിരുന്നു. മുസ്ലിംകൾ ഈ യുദ്ധത്തെ അത്ര കാര്യമാക്കിയില്ല. സ്വന്തം സൈനിക ശക്തിയിൽ അവർ വഞ്ചിതരായി. അതിൻ ഫലമായി യുദ്ധത്തിൻെറ ആരംഭത്തിൽ അവക്കു വലിയ പരാജയം നേരിട്ടു. ഹവാസിൻ ഗോത്രക്കാർ അമ്പെയ്യുന്നതിൽ നിപുണന്മാരായിരുന്നു. അവർ ശത്രുപക്ഷത്തിൻെറനേരെ ഇടതടവില്ലാതെ ശരങ്ങൾ തൊടുത്തുവിട്ടു. സഹിക്കവെയ്യാഞ്ഞു മുസ്ലിം സൈന്യത്തിൽപ്പെട്ട പലരും ഓടിക്കളഞ്ഞു. തന്മൂലം ശത്രുക്കൾക്കാണ് ആദ്യം വിജയമുണ്ടായത്. എങ്കിലും നബിയുടെയും പ്രധാനപ്പെട്ട സഹാബികളുടെയും ഉപദേശവും പ്രേരണയുമനുസരിച്ചു മുസ്ലിംകൾ ഉറച്ചുനിന്നു സംഘടിതരായി പോരാടി. അതിനെത്തുടന്നു ശത്രുനിര പിന്നോട്ടോടിക്കാൻ തുടങ്ങി ഒടുവിൽ അവർ പററെ പരാജയപ്പെട്ടു മുസ്ലിംകൾ വിജയശ്രീലാളിതരായി. ഈ യുദ്ധത്തിൽ എഴുപത് അവിശ്വാസികളും നാലു മുസ്ലിംകളും വധിക്കപ്പെട്ടു.

## തബൂക്ക് യുദ്ധം

റോമിലെ രാജാവായ കൈസർ മുസ്ലിംകളുമായി യുദ്ധം ചെയ്യാൻ വരുന്നുണ്ടെന്നും അതിൻെറ മുന്നോടിയെന്ന നിലക്കു

ഒരു സൈന്യം ബൽഖാഅ് എന്നേടത്ത് എത്തിയിട്ടുണ്ടെന്നുമുള്ള വാർത്ത മദീനയിൽ പരന്നു. ഹിജ്റ ഒമ്പതാം കൊല്ലത്തിലായിരുന്നു ഇത്. അന്നു മദീനയിൽ ക്ഷാമം കൊടുമ്പിരിക്കൊള്ളുകയായിരുന്നു. അസഹ്യമായ ഉഷ്ണവും വളരെ വിഷമിച്ചാണ് കൈസറിന്റെ ആക്രമത്തെ ചെറുക്കാൻ നബി സൈന്യസജ്ജീകരണം ചെയ്തത്. പല സഹാബികളും യുദ്ധഫണ്ടിലേക്കു കയ്യയച്ച് സംഭാവനചെയ്തു. അബൂബക്കർ (റ) തന്റെ സ്വത്തുമുഴുവനും ഉമർ (റ) സ്വത്തിന്റെ പകുതിയും ഇതിലേക്കു നീക്കി. ഉസ്മാൻ (റ) ഭീമമായ ഒരു തുക നല്കി. നബിയുടെ ഉപദേശപ്രകാരം വനിതകൾ ആഭരണങ്ങളും സംഭാവന ചെയ്തു. സഹാബികളുടെ ഉള്ളഴിഞ്ഞ സഹായസഹകരണഫലമായി സൈന്യസജ്ജീകരണം പൂർത്തിയായി.

നബിയും മുപ്പതിനായിരം യോദ്ധാക്കളടങ്ങുന്ന വമ്പിച്ച ഒരു സൈന്യവും കൈസറിന്റെ പട്ടാളവുമായി ഏററുമുട്ടാൻ സിരിയയിലേക്കു പുറപ്പെട്ടു. അവർ തബൂക്ക് എന്ന സ്ഥലത്തെത്തി. പക്ഷെ പ്രതീക്ഷിച്ചപോലെ അവിടെയെങ്ങും ആരെയും കണ്ടില്ല. മദീനയിൽ പ്രചരിച്ച വാർത്ത അടിസ്ഥാനരഹിതമായിരുന്നു. പത്തു ദിവസത്തോളം നബിയും കൂട്ടകാരും അവിടെ കേമ്പ് ചെയ്തു. അവരുമായി എതിർക്കാൻ ആരും മുമ്പോട്ട് വന്നില്ല. അതിനാൽ നാശനഷ്ടങ്ങളൊന്നുമുണ്ടാവാതെ മുസ്ലിം സൈന്യം മദീനയിലേക്കു മടങ്ങി. ഈ യാത്ര തീരെ നിഷ്ഫലമായെന്നു പറഞ്ഞുകൂടാ. സിരിയാ രാജ്യത്തിലെ ചില നാടുവാഴികൾ നബിയുടെ പ്രവർത്തനഫലമായി ഇസ്ലാം മതത്തെ ആശ്ലേഷിച്ചു. ചിലർ അദ്ദേഹവുമായി സമാധാനസന്ധിയിലേർപ്പെടുകയുണ്ടായി.

ഇസ്ലാം ദൈനംദിനം അഭിവൃദ്ധിയിലേക്കു കുതിച്ചുകൊണ്ടിരുന്നു. മക്കാവിജയത്തോടെ ശത്രുക്കളുടെ എതിർപ്പ് കുറഞ്ഞു.

ഇസ്ലാമിന്നു അറേബ്യയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചു. ഇതോടൊപ്പം വിദേശത്തും ഇസ്ലാമിൻെറ പ്രബോധനമെത്തി. വിദേശരാജ്യങ്ങളിലെ ഭരണാധിപന്മാരെ ഇസ്ലാമിലേക്കു ക്ഷണിച്ചുകൊണ്ടു നബി കത്തയച്ചിരുന്നു. റോമിലെ കൈസറിന്നും പേർഷ്യയിലെ കിസ്റാക്കും അബ്സീനിയിലെ നജ്ജാശിക്കും ഈജിപ്തിലെ മുഖൗഖിസിന്നും അദ്ദേഹം എഴുതി. ചിലർ നബിയുടെ ആഹ്വാനം സന്തോഷപൂർവ്വം സ്വാഗതം ചെയ്തു. കൈസറിനെപോലെയും കിസ്റയെപ്പോലുമുള്ള സ്വേഛാഭരികൾ അതിനെ തള്ളിക്കളഞ്ഞു. എന്നിരുന്നാലും നബിയുടെ ഈ സംരംഭം ഏറെക്കുറെ വിജയിക്കുകതന്നെ ചെയ്തു. വിദേശത്തുള്ളവർക്കു ഇസ്ലാമിൻെറ തത്വങ്ങൾ മനസ്സിലാക്കാൻ ഇതു പ്രയോജനപ്പെട്ടു. തന്മൂലം പലർക്കും ഹൃദയപരിവർത്തനമുണ്ടായി. വളരെ വേഗത്തിലാണ് ലോകത്ത് ഇസ്ലാം പടർന്നുപിടിച്ചത്.

നബി മക്കയിലായിരുന്നപ്പോൾ അത് അറിയപ്പെടാതെ കിടക്കുകയായിരുന്നു അവിടെനിന്നു പലായനം ചെയ്തശേഷമാണ് ഇസ്ലാം അടിക്കടി പ്രചരിക്കാൻ തുടങ്ങിയത്. വെറും പത്തുകൊല്ലക്കാലത്തെ പ്രവർത്തനംകൊണ്ടു അതിന്നു അസൂയാർഹമായ വളർച്ച കൈവന്നു.

മാനവലോകത്തിന്നു അനർഘമായ സംഭാവനകൾ നല്കിയ മഹാനാണ് മുഹമ്മദുനബി (സ) അഭിനവ രാഷ്ട്രീയനേതാക്കളും സാമൂഹ്യ പരിഷ്കർത്താക്കളും തങ്ങളുടെ നൂതന സിദ്ധിയെന്നു അവകാശപ്പെടുന്ന തത്വങ്ങൾ 14 നൂററാണ്ടുകൾക്കു മുമ്പു അദ്ദേഹം ജനസമക്ഷം അവതരിപ്പിച്ചിട്ടുള്ളതാണ്. ലോകത്തെ ശ്വാസംമുട്ടിച്ചുകൊണ്ടിരിക്കുന്ന സങ്കീർണ്ണപ്രശ്നങ്ങൾക്കു സുഗമവും പ്രായോഗികവും ഫലപ്രദവുമായ പോംവഴികൾ അവിടുന്നു നിർദ്ദേശിച്ചു. പ്രശ്നപരിഹാരമെന്ന നിലക്കു ഇന്നു പല നവീന സിദ്ധാന്തങ്ങളും ജന്മമെടുത്തിട്ടുണ്ടു്. പക്ഷെ അവ

യെല്ലാം പയററി പരാജയമടഞ്ഞു നിരാശപ്പെട്ടിരിക്കുകയാണ് മത്ത്യലോകം. അത്തരം സിദ്ധാന്തങ്ങാം ഫലപ്രദമല്ലെന്നും പ്രശ്ന ങ്ങളെ സങ്കീണ്ണമാക്കുവാനെ അവ സഹായിക്കുകയുള്ളവെന്നും ഏറെക്കുറെ ഭൗതിക ചിന്തകന്മാക്കുപോലും തോന്നിത്തുടങ്ങിയി ട്ടുണ്ട്. മുഹമ്മദുനബി നിർദ്ദേശിച്ച മാർഗ്ഗങ്ങളാവട്ടെ എത്ര ദുർഘട മായ പ്രശ്നങ്ങളേയും വിജയപൂർവ്വം തരണം ചെയ്യാൻ പററിയ താണ്. ആ മാർഗ്ഗങ്ങളിൽ ചിലതെങ്കിലും അറിഞ്ഞോ അറിയാ തെയോ പിൻപററാൻ ഇസ്ലാമിൻെറ വൈരികളെപ്പോലും പ്രേരിപ്പിക്കുന്നതു അതിൻെറ പ്രായോഗികതയും വൈശിഷ്ട്യവും കൊണ്ടല്ലാതെ മറെറാന്നുകൊണ്ടുമല്ല.

ചരിത്രാതീത കാലം മുതല്ക്കുതന്നെ ഈ ലോകത്ത് എണ്ണ മററ പല മഹാന്മാരും പരിഷ്കൎത്താക്കളും ജീവിച്ച് മണ്ണടിഞ്ഞി ട്ടുണ്ട്. എന്നാൽ അവരുടെ സംഭാവനകളെ അതിശയിപ്പിക്കു മാറുള്ള അമൂല്യ സംഭാവനകളാണ് നബിതിരുമേനി മനുഷ്യ രാശിക്കു കാഴ്ചവെച്ചത്. മററുള്ളവരുടെതുപോലെ ജീവിത ത്തിൻെറ ഏതെങ്കിലുമൊരു കോണിലേക്കു മാത്രം പ്രയോജന പ്പെട്ടതല്ല. നബിയുടെ സംഭാവനകാം പ്രത്യുത, മനുഷ്യജീവി തത്തിൻെറ വിവിധ തുറകളിലേക്കു വെളിച്ചം വീശുന്ന അമൂല്യ സംഭാവനകളാണത്. അവയിൽ അതിപ്രധാനമായവയെക്കു റിച്ച് ഒരു വീക്ഷണം നടത്തുന്നത് പ്രയോജന പ്രദമായിരി ക്കുമല്ലോ.

പ്രാചീന മനുഷ്യൻ മനോവീര്യം ബലികഴിച്ച് ഭീരു വായിക്കഴിയുകയായിരുന്നു. കല്ലുകളിലും മരങ്ങളിലും പുൽക്കൊ ടികളിലും അവൻ ദിവ്യത്വം ദർശിച്ചു. പ്രകൃതിയിലെ പ്രതി ഭാസങ്ങളെ ദൈവങ്ങളായിക്കരുതി. ഇങ്ങിനെ അസംഖ്യം സാങ്കല്പിക ദേവന്മാരുടെ മുമ്പിൽ അവർ പ്രണമിക്കുകയും അവയെ പേടിച്ചു കഴിയുകയും ചെയ്തുപോന്നു. കഅബയിൽ

പോലും നൂററക്കണക്കിന് ദേവന്മാരുണ്ടായിരുന്നു. തന്നെ രക്ഷിക്കാനും ശിക്ഷിക്കാനുമുള്ള അപാരമായ ദിവ്യ ശക്തി ആ മരക്കഷ്ണങ്ങൾക്കും കല്ലുകൾക്കുമുണ്ടെന്നവൻ വിശ്വസിച്ചു. എവിടെ തിരിഞ്ഞു നോക്കിയാലും അവിടങ്ങളിലെല്ലാം ദേവന്മാരുണ്ട്. അവയെ അവൻ അതിരററ് ഭയന്നു. അവരുടെ കോപത്തിൽ നിന്നു് രക്ഷപ്പെടാനും പ്രീതിയജ്ജിക്കാനും ആ നിർജ്ജീവ വസ്തുക്കളുടെ മുമ്പിൽ കൈകൂപ്പി സങ്കടമുണർത്തി മൃഗങ്ങളെ ബലിയപ്പിച്ചു.

തന്മൂലം ഭീതിയും ഭീരുത്വവും മനുഷ്യനെ വലയംചെയ്തു. അവൻെറ അന്തസ്സും ആത്മവീര്യവും ചിന്താശക്തിയും മൺ മറിഞ്ഞു. കല്ലുകൾക്കും മരങ്ങൾക്കും അടിമപ്പെട്ടു്, അവയുടെ മുമ്പിൽ സർവ്വസ്വവും ബലികഴിക്കാൻ മാത്രം അവൻ ദുർബ്ബലനും ചപലനുമായിത്തീൎന്നു. ഈ ചുററുപാടിലാണ് ഏകദൈവ വിശ്വാസത്തിൻെറ സന്ദേശവുമായി കഥാപുരുഷൻ രംഗപ്രവേശം ചെയ്തത്. ബഹുദൈവ വിശ്വാസത്തിൽ മുഴുകി മനുഷ്യത്വം കളഞ്ഞുകുളിച്ച ഹതഭാഗ്യരെ അദ്ദേഹം ആഹ്വാനം ചെയ്തു. "ജനങ്ങളെ! അല്ലാഹുവല്ലാതെ മററു ദൈവങ്ങളില്ലെന്നു പറയുക. എന്നാൽ നിങ്ങൾ രക്ഷപ്പെടും". മനുഷ്യൻ കണ്ണിൽ കാണുന്ന വസ്തുക്കളെയെല്ലാം ദൈവങ്ങളായികരുതി, അവയെ ഭയന്നു സ്വാതന്ത്ര്യവും മനുഷ്യത്വവും അടിയറവെച്ചു കഴിയേണ്ടവനല്ല അത്തരം സങ്കല്പിക ദേവന്മാൎക്ക് ഉപകാരമോ അപകാരമോ ചെയ്യാൻ സാദ്ധ്യമല്ല. സ്രഷ്ടാവും രക്ഷിതാവുമായ ഒരേ ഒരു് ശക്തിക്കുമുമ്പിൽ മാത്രമേ അവൻ തലകുനിക്കേണ്ടതുള്ളൂ. കല്ലുകൾക്കും മുള്ളുകൾക്കും തലകുനിക്കാൻ മാത്രം താഴ്ന്ന ജീവിയല്ല മനുഷ്യൻ" ഈ വിലപിടിച്ച തത്വമാണ് അദ്ദേഹം അവരുടെ മുമ്പിൽവെച്ചത്. തിരുമേനി ലോകത്തിന്നു നല്കിയ സംഭാവനകളിൽ പ്രഥമവും പ്രധാനവുമായത് ഈ അൎത്ഥത്തിലുള്ള ഏകദൈവവിശ്വാസമത്രെ.

പരസ്പരം കലഹിച്ച് കാലം കഴിച്ചിരുന്ന ലോകത്തെ ഷഥാ പുരുഷൻ സാഹോദര്യത്തിന്റെ രാജപാതയിലേക്ക് ക്ഷണിച്ചു. "സത്യവിശ്വാസികളെല്ലാം സഹോദരങ്ങളാണെ"ന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു. കലഹമോ അനൈക്യമോ അവർക്കിടയിൽ തല പൊക്കാൻ പാടില്ല. ഒരാളുടെ സന്തോഷത്തിലും സന്താപത്തിലും മററുള്ളവർ ഭാഗഭാക്കുകളാവണം. "മുസ്ലിംകൾ പരസ്പര സ്നേഹത്തിലും കൃപയിലും മനസ്സലിവിലും ഒരൊററ ശരീരം പോലെയാണ്. ഏതെങ്കിലും ഒരവയവത്തിന്ന് രോഗം ബാധിച്ചാൽ ശരീരം മുഴുവൻ തൽഫലമായി പനി ബാധിച്ചും ഉറക്കമില്ലാതെയും വേദനയനുഭവിക്കുന്നു." ഇതാണ് സത്യവിശ്വാസികളുടെ സ്ഥിതി. ഒരാൾ തന്റെ ഗുണത്തെക്കാളുപരി സഹോദര മുസ്ലിംകളുടെ പൊതു ഗുണത്തെയായിരിക്കണം കാംക്ഷിക്കുന്നത്. ഒരുത്തൻ മറെറാരുത്തനെ അക്രമിക്കുകയോ ആപത്തിൽ അകപ്പെടുത്തുകയോ ചെയ്യരുത്. താൻ ബുദ്ധിമുട്ടിയാലും മററുള്ളവർ ബുദ്ധിമുട്ടരുതെന്ന മനോഭാവമാണ് മുസ്ലിംകൾക്കുണ്ടാവേണ്ടത്. "അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറച്ചുണ്ണുന്നവൻ യഥാർത്ഥ വിശ്വാസിയല്ലെ"ന്ന് തിരുമേനി പറയാൻ കാരണമിതാണ്. നബിയുടെയും അനുചരന്മാരുടെയും ജീവിതത്തിൽ നിന്നു് ഇതു സംബന്ധമായി നിരവധി സംഭവങ്ങൾ കുറിക്കാനുണ്ട്. ഒരു സംഭവം മാത്രം ഇവിടെ ഉദ്ധരിക്കാം.

ഹുദൈഫത്തുൽ അദവി പറയുന്നു: "യർമൂക്ക് യുദ്ധമുണ്ടായ ദിവസം പിതൃവ്യ പുത്രനെ അന്വേഷിച്ചു ഞാൻ യുദ്ധക്കളത്തിലേക്കു പോയി. എന്റെ പക്കൽ കുറച്ചു വെള്ളവുമുണ്ടായിരുന്നു. അദ്ദേഹത്തിന്നു ജീവനുണ്ടെങ്കിൽ സ്വല്പം കുടിപ്പിക്കുകയും മുഖം കഴുകിക്കൊടുക്കുകയും ചെയ്യാമെന്നായിരുന്നു എന്റെ ഉദ്ദേശ്യം. ഞാൻ പിതൃവ്യപുത്രനെ കണ്ടുമുട്ടി. കുടി

ക്കാൻ വെള്ളം തരട്ടെ എന്നു ചോദിച്ചു. അദ്ദേഹം അതു സമ്മതിച്ചു. അപ്പോഴേക്കും അടുത്തുനിന്നു ഒരു ദീനരോദനം മുഴങ്ങി. വെള്ളം ആ ദീനന്നു കൊടുക്കാൻ തത്സമയം ആംഗ്യം മുഖേന ആവശ്യപ്പെട്ടു. ഞാൻ വെള്ളവുമായി അങ്ങോട്ടു ചെന്നപ്പോഴാണ് അത് ഹിസാമുബ്നിൻ ആസാണെന്നു മനസ്സിലായത്. ഞാനദ്ദേഹത്തോട് വെള്ളം കുടിക്കാൻ പറഞ്ഞു. അതിനിടക്ക് അകലെനിന്നു മറെറാരാളുടെ വിലാപം കേട്ടു. വെള്ളം അയാൾക്കു കൊടുക്കാൻ ഹിസാമും ആംഗ്യം കാണിച്ചു. അങ്ങിനെ ഞാൻ അങ്ങോട്ടു പോയി. അപ്പോഴേക്കും അദ്ദേഹം പരലോകം പൂകിക്കഴിഞ്ഞിരുന്നു. തൽക്ഷണം വെള്ളവുമായി ഞാൻ ഹിശാമിൻെറ അടുത്തേക്കുതന്നെ ചെന്നു. എന്നാൽ അദ്ദേഹവും കാലഗതി പ്രാപിച്ചുകഴിഞ്ഞു. ദ്രുതഗതിയിൽ അവിടെനിന്നു ഞാൻ പിതൃവ്യപുത്രൻെറ അടുത്തേക്കു പാഞ്ഞു. പക്ഷെ ഫലം തഥൈവ. അദ്ദേഹവും അന്ത്യശ്വാസം വലിച്ചുകഴിഞ്ഞിരുന്നു."

നോക്കുക: ഇതാണ് മുഹമ്മദുനബി ലോകത്തിന്നു സംഭാവന നല്കിയ സാഹോദര്യം. വെള്ളത്തിന്നു അത്യാർത്തിയുണ്ടാവുന്ന സമയമാണല്ലോ മരണാവസരം. ആ ഘട്ടത്തിൽപോലും തൻെറ ആവശ്യത്തേക്കാൾ സഹോദരൻെറ ആവശ്യത്തിന്നു മുൻഗണന നല്കേണമെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

ഗോത്രമഹിമയും മററു വിവേചനങ്ങളും കൊടുമ്പിരിക്കൊണ്ടിരുന്ന അവസരത്തിൽ സമത്വത്തിൻെറ സുന്ദരാദർശം നബിതിരുമേനി ലോകത്തോട് പ്രബോധിപ്പിച്ചു. കുടുംബപരവും സാമ്പത്തികവും വർണ്ണപരവുമായ വിവേചനം അവസാനിപ്പിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. അതിന്നായി കഥാപുരുഷൻ അവരെ ഓതികേൾപ്പിച്ചു. "ജനങ്ങളെ ഒരേ പുരുഷനിൽനിന്നും സ്ത്രീയിൽനിന്നുമാണ് നാം നിങ്ങളെ സൃഷ്ടിച്ചത്.

നാം നിങ്ങളെ വിവിധ വംശങ്ങളും ഗോത്രങ്ങളുമാക്കിയത് പരസ്പരം തിരിച്ചറിയാൻ വേണ്ടിയത്രെ.''. (49:13) മനുഷ്യരെല്ലാം സമന്മാരാണെന്നു അസമത്വത്തിൻെറയും വിവേചനത്തിൻെറയും ശിഖരത്തിൽ പ്രയാണംചെയ്യുന്ന മാനവ വർഗ്ഗത്തെ അവിടുന്നു ഉപദേശിച്ചു. ചിലരുടെ പെരുമാററവും പ്രവർത്തനങ്ങളും മററു ചിലരുടേതിൽനിന്നു വ്യത്യസ്തമായിരിക്കും. അതുകൊണ്ട് ഭയഭക്തിയുടേയും സുകൃതങ്ങളുടേയും അടിസ്ഥാനത്തിലാണ് മാന്യതയും ബഹുമതിയും കല്പിക്കേണ്ടതെന്നു അദ്ദേഹം സിദ്ധാന്തിച്ചു.

ഒരു നീഗ്രോ അടിമയായിരുന്ന ഹ: ബിലാലിൻെറ മോചനത്തെ പരാമർശിച്ചുകൊണ്ടു ഉമറുൽഫാറൂഖ് പറഞ്ഞു: "എൻെറ യജമാനൻ (അബൂബക്കർ) എൻെറ യജമാനനെ (ബിലാൽ) മോചിപ്പിച്ചു." നേതാക്കന്മാരും ധനാഢ്യനും ഉന്നതകുലജാതനുമായ അബൂബക്കറിന്നും ഒരു നീഗ്രോ അടിമയും ദരിദ്രനുമായ ബിലാലിന്നും ഒരേ പദവിയാണ് ഉമർ കല്പിച്ചത്. മറെറാരുദാഹരണവുംകൂടി. ഉമറുൽഫാറൂഖ് തൻെറ മരണത്തോടടുത്ത ഘട്ടത്തിൽ ഇവ്വിധം പറഞ്ഞു: "അബൂഹുദൈഫത്തിൻെറ ദാസനായ യാസിം ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ എനിക്കു ശേഷം ഒരു തെരഞ്ഞെടുപ്പിന്നു തന്നെ ആവശ്യമുണ്ടാവുമായിരുന്നില്ല." അദ്ദേഹം രാജ്യത്തിൻെറ ഭരണച്ചെങ്കോൽ വഹിക്കാൻ പ്രാപ്തനായിരുന്നുവെന്നു താല്പര്യം.

പൌരാണികലോകം സ്ത്രീകളോടുചെയ്ത അനീതികൾക്കു കയ്യും കണക്കുമില്ല. കച്ചവടച്ചരക്കുകൾ മാത്രമായിരുന്നു സ്ത്രീകളന്ന്. അവക്കു വിദ്യാഭ്യാസം ചെയ്യാൻ പാടില്ല. അനന്തരസ്വത്തിന്നു അവകാശമില്ല; മതത്തിൽ വിശ്വസിക്കാൻ സ്വാതന്ത്ര്യമില്ല. ഇതായിരുന്നു അന്നത്തെ നില. യൂറോപ്യൻ രാഷ്ട്രങ്ങൾ സ്ത്രീകൾക്കു ആത്മാവുണ്ട് എന്നുപോലും സമ്മതിച്ചിരു

ന്നില്ല, ഇങ്ങിനെ അധഃപതനത്തിൻെറ ചളിക്കുണ്ടിലേക്കു അനു നിമിഷം താഴ്ന്നുകൊണ്ടിരുന്ന വനിതാലോകത്തിന്നു ലോക പരിഷ്ക്കർത്താവായ മുഹമ്മദുനബി മിക്കകാര്യങ്ങളിലും പുരുഷ ന്മാരെപോലെ സ്വാതന്ത്ര്യവും അവകാശങ്ങളും നല്കി. സമു ദായം അഭിവൃദ്ധിപ്പെടണമെങ്കിൽ പുരുഷന്മാരോടൊപ്പം സ്ത്രീ കളും വളൎന്നുവരണമെന്നു അവിടുന്നു പ്രഖ്യാപിച്ചു. മതത്തിൽ വിശ്വസിക്കാനും മതശാസനകൾ അനുഷ്ഠിക്കാനും അവൎക്കു അവകാശമുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു അതുവഴി, അവഗ ണിക്കപ്പെട്ട സ്ത്രീവിഭാഗത്തെ ആ മഹാൻ പുരോഗതിയുടെ ഗോപുരത്തിലേക്കു നയിച്ചു.

ധനം ഏതാനും വ്യക്തികൾക്ക് കയ്യടക്കിവെക്കാനുള്ള തല്ല. അതിൻെറ ഫലം എല്ലാവൎക്കും ആസ്വദിക്കാൻ കഴി യണം. അതാണ് ഇസ്ലാമിൻെറ സിദ്ധാന്തം. പലധനതത്വ ശാസ്ത്രങ്ങളും നമ്മുടെ മുമ്പിലുണ്ട്. അവയെല്ലാം അപ്രായോഗി കവും അക്രമാസക്തവുമാണ്. സ്വകാര്യ ഉടമാവകാശം നശി പ്പിച്ച് സമ്പത്ത് രാഷ്ട്രത്തിൻെറ ഉടമയിൽ കൊണ്ടുവരാൻ സാമ്പത്തികാസമത്വം ഇല്ലാതാവുമെന്നു ആധുനികലോകം ധരി ക്കുന്നു പക്ഷെ ഇതുകൊണ്ടു് സാമ്പത്തികമായ അനിയന്ത്രിതാ വസ്ഥ നീങ്ങുകയില്ല. അതിന്നു ഏററവും പ്രായോഗികവും എന്നാൽ തികച്ചും നീതിനിഷ്ഠവുമായ ഒരു ധനവിതരണക്രമ മാണ് തിരുമേനി നമുക്കു സംഭാവന നല്കിയിട്ടുള്ളത്. സക്കാത്ത് അതിൻെറ ഒരിനമാണ്.. പല കുററങ്ങൾക്കും പ്രായശ്ചിത്തമായി ഇസ്ലാം നിശ്ചയിച്ചിട്ടുള്ളത്. നിശ്ചിതകണ ക്കനുസരിച്ചു ധൎമ്മം ചെയ്യാനത്രെ. സമ്പത്ത് ചുരുക്കം ചില വ്യക്തികളുടെ കയ്യിൽ മാത്രം ചുററിത്തിരിയാതിരിക്കാൻ മര ണാനന്തരം അത് അവകാശികൾക്കു വീതിക്കേണ്ടതാണെന്നും കല്പിച്ചു.

വ്യക്തിസ്വാതന്ത്ര്യങ്ങളേയും മനുഷ്യാവകാശങ്ങളെയും ചവിട്ടി മെതിച്ചുകൊണ്ടുള്ള സ്വേച്ഛാധിപത്യപരവും പരമ്പരാഗതവുമായ രാജവാഴ്ചയായിരുന്നു റോം, പേഷ്യ മുതലായ രാജ്യങ്ങളിൽ നടന്നുവന്നിരുന്നത്. ഭരണീയക്ക് ഭരണകാര്യങ്ങളിൽ തങ്ങളുടേതായ അഭിപ്രായം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഭരണാധികാരികളുടെ അഴിമതികളെയും കൊള്ളരുതായ്മകളെയും ചൂണ്ടിക്കാണിക്കാനുള്ള അവകാശം നിഹനിക്കപ്പെട്ടിരുന്നു. എന്തിനധികം, ഭരണാധിപൻെറ അഭീഷ്ടത്തിന്നെതിരായ വിശ്വാസാചാരങ്ങൾ കൈക്കൊള്ളാൻ പോലും അവക്ക് അനുവാദമില്ലായിരുന്നു.

ഇത്തരം സ്വേച്ഛാധിപത്യത്തേയും പാരമ്പര്യസിദ്ധമായ രാജവാഴ്ചയെയും കഥാപുരുഷൻ അപലപിച്ചു. വ്യക്തികൾക്ക് തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ഭരണ വൈകല്യങ്ങൾ ചൂണ്ടിക്കാണിക്കാനും തങ്ങൾക്ക് നന്നായി തോന്നിയ ആശയങ്ങളനുസരിച്ചു ജീവിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടെന്നും ഈ ദ്വശസ്വാതന്ത്ര്യങ്ങൾ ഏതൊരു പൌരൻെറയും മൌലികാവകാശമാണെന്നും അവിടുന്ന് പ്രഖ്യാപിച്ചു. സ്വാതന്ത്ര്യത്തിൻെറയും ജനാധിപത്യത്തിൻെറയും ആവശ്യകത അടുത്ത കാലത്താണ് ആധുനിക ലോകം മനസ്സിലാക്കാൻ തുടങ്ങിയത്. എന്നാൽ 14 നൂററാണ്ടുകൾക്കു മുമ്പ് തന്നെ ഇതിൻെറ പ്രാധാന്യം റസൂൽതിരുമേനി ലോകത്തെ ബോദ്ധ്യപ്പെടുത്തീട്ടുള്ളതാണ്.

## ഒടുവിലത്തെ ഹജ്ജ്

ഹിജ്റ പത്താം കൊല്ലം ദുൽഖഅദ് 25–ാംനു- ശനിയാഴ്ച നബി മക്കത്തേക്കു പുറപ്പെട്ടു. ഹജ്ജ് കർമ്മം അനുഷ്ഠിക്കുകയായിരുന്നു യാത്രോദ്ദേശ്യം. മദീനത്തേക്കു പലായനം ചെയ്ത ശേഷം അദ്ദേഹം ചെയ്യുന്ന ആദ്യത്തേതും ഒടുവിലത്തേതുമായ

ഹജ്ജാണിത്. ഒരു ലക്ഷത്തോളം മുസ്ലിംകളും നബിയെ അൻ ഗമിച്ചു. കഥാപുരുഷൻെറ മരണത്തോടടുത്ത ഘട്ടമായിരുന്നു ഇത്. നമിറത്തിലും മീനയിലുംവെച്ച് ചെയ്ത പ്രസംഗങ്ങളിൽ അദ്ദേഹംതന്നെ അതു സൂചിപ്പിക്കുകയുണ്ടായി.

ഈ ഹജ്ജിന്ന് ഹജ്ജത്തുൽ വിദാഅ് എന്നു പറയുന്നു. വിടവാങ്ങുന്ന ഹജ്ജ് എന്നൎത്ഥം. നമിറത്തിൽ വെച്ച് നബി സാരവത്തും ശ്രദ്ധേയവുമായ ഒരു പ്രസംഗം ചെയ്തു. വളരെയേറെ പ്രാധാന്യമൎഹിക്കുന്ന പ്രസ്തുത പ്രസംഗം ഇപ്രകാരം സംഗ്രഹിക്കാം.

ഈ നാട്ടിൽവെച്ച് ഈ മാസത്തിലെ ഈ ദിവസം എത്രത്തോളം ആദരണീയവും അലംഘ്യവുമാണോ അതേപ്രകാരം തന്നെയാണ് നിങ്ങളുടെ രക്തവും ധനവും മാനവും. നിങ്ങൾ പരസ്പരം ആദരിക്കണം. മററുള്ളവരുടെ രക്തത്തിൻെറയോ മാനത്തിൻെറയോ നേരെ കയ്യേററം നടത്താൻ പാടില്ല. നിങ്ങളുടെ നാഥനെ നിങ്ങൾ കാണണം. തത്സമയം നിങ്ങളുടെ ചെയ്തികളെക്കുറിച്ച് അവൻ ചോദിക്കും. നല്ലവണ്ണം ഓൎമ്മിക്കുക നിങ്ങൾ എൻെറ മരണാനന്തരം വീണ്ടും പരസ്പരം കലഹിച്ച് കഴുത്തറക്കുന്ന ദുൎമ്മാൎഗ്ഗികളായി മാററരുത്.

"ഹേ ജനങ്ങളെ! അജ്ഞാതകാലത്തുണ്ടായിരുന്ന എല്ലാം ദുരാചാരങ്ങളും ദുഷ്കൎമ്മങ്ങളും എൻെറ പാദങ്ങൾക്കടിയിൽ ഇതാ ദുരീകൃതങ്ങളാക്കപ്പെട്ടുകഴിഞ്ഞു. അജ്ഞാതകാലത്തെ ഗോത്രപ്പോരും രക്തപ്പകയും നിരോധിക്കപ്പെട്ടുകഴിഞ്ഞു. ബനൂസഅദ് ഗോത്രക്കാരുടെ അടുക്കൽ മുല കുടിച്ചിരുന്ന റബീഅത്തുബിൻഹാരിസിൻെറ പുത്രനെ മുമ്പ് ഹുദൈൽ ഗോത്രക്കാർ വധിച്ചതുമൂലമുണ്ടായ രക്തപ്പകയാണ് ഞാനാദ്യമായി വിരോധിക്കുന്നത്. അജ്ഞാതകാലത്തെ പലിശയും നിയമവിരുദ്ധമാക്കപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ, അഥവാ അബ്ബാസു

ബിൻ അബ്ദുൽമുത്തലിബിന്റെ പലിശയാണ് ഞാൻ ഒന്നാമതായി ദുർബ്ബലപ്പെടുത്തുന്നത്. ആ പലിശ മുഴുവൻ നിരോധിക്കപ്പെട്ടിരിക്കുന്നു.

"അല്ലാഹുവിന്റെ അനുമതത്തായിട്ടാണ് സ്ത്രീകളെ നിങ്ങൾ ഏറെറടുത്തിരിക്കുന്നത്. അതുകൊണ്ടു അവരുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണം. ദൈവവാക്യംകൊണ്ടാണ് വിവാഹം കൊണ്ടാണ് അവരുമായുള്ള സംയോഗം നിങ്ങൾക്ക് നിയമവിധേയമായതു. നിങ്ങൾക്ക് അനിഷ്ടമുണ്ടാക്കുമററ് ആരെയും നിങ്ങളുടെ വിരിപ്പിൽ ചവിട്ടാൻ അനുവദിക്കാതിരിക്കേണ്ടത് സ്ത്രീകളുടെ ബാദ്ധ്യതയാണ്. അവർ അവ്വിധം പ്രവത്തിച്ചാൽ നിങ്ങൾക്കവരെ അപകടകരമല്ലാത്ത വിധം അടിക്കാം. ഭാര്യമാക്ക് ന്യായവും നീതിയുമനുസരിച്ച ആഹാരവും വസ്ത്രവും നല്കേണ്ടത് നിങ്ങളുടെ കത്തവ്യവുമാണ്.

"രണ്ടു വസ്തുക്കൾ നിങ്ങളിൽ വിട്ടേച്ചു പോകുന്നു. അവയെ മുറുകെ പിടിക്കുന്ന പക്ഷം ഒരിക്കലും നിങ്ങൾ വഴിപിഴച്ചു പോവില്ല. അല്ലാഹുവിന്റെ വേദഗ്രന്ഥവും പ്രവാചകന്റെ ചര്യയുമാണവ. ജനങ്ങളെ! എന്റെ മരണശേഷം ഒരു പ്രവാചകനുമില്ല. നിങ്ങളുടെ ശേഷം ഏതെങ്കിലുമൊരു ജനതയുമുണ്ടാവില്ല. ഓമ്മിക്കുക, നിങ്ങൾ നിങ്ങളുടെ നാഥനെ ആരാധിക്കണം. അഞ്ച് നേരം നമസ്കരിക്കണം, റമസാനിൽ വ്രതമനുഷ്ഠിക്കണം സംതൃപ്ത മനസ്കരായിക്കൊണ്ട് സ്വത്തിന്റെ നിർബ്ബന്ധദാനം കൊടുക്കണം. നിങ്ങളുടെ രക്ഷിതാവിന്റെ ഭവനം വന്നു സന്ദർശിക്കണം നിങ്ങളുടെതായ ഭരണാധികാരികളെ അനുസരിക്കണം. ഇങ്ങിനെ ചെയ്യുന്നതായാൽ നിങ്ങളുടെ നാഥന്റെ സ്വർഗ്ഗത്തിൽ നിങ്ങൾക്ക് പ്രവേശിക്കാൻ കഴിയും.

"എന്നെക്കുറിച്ചു നിങ്ങളോട് ചോദിക്കപ്പെടും" അപ്പോൾ എന്തായിരിക്കും നിങ്ങളുടെ മറുപടി? ആ വമ്പിച്ച

ജനാവലി വിളിച്ചു പറഞ്ഞു. "അങ്ങ് മതപ്രബോധനം നടത്തുകയും കത്തവ്യം നിർവ്വഹിക്കുകയും സദുപദേശം നല്കുകയും ചെയ്തിട്ടുണ്ടെന്നു ഞങ്ങൾ സാക്ഷിയായി പറയും." തദവസരത്തിൽ അദ്ദേഹം ചൂണ്ടുവിരൽ ആകാശത്തേക്കുയർത്തുകയും ജനങ്ങളുടെനേരെ ചൂണ്ടുകയും ചെയ്തിട്ടു "അല്ലാഹുവേ നീ സാക്ഷ്യം വഹിക്കേണമേ'' എന്നു മൂന്നു തവണ ആവത്തിച്ചു പറഞ്ഞു." ഓമ്മിക്കുക, ഞാൻ പറഞ്ഞ കാര്യങ്ങൾ ഇവിടെ ഹാജരുള്ളവർ ഹാജരില്ലാത്തവരെ അറിയിക്കണം. ഇതറിയുന്നവരിൽ ചിലർ കേട്ടുകൊണ്ടിരുന്ന നിങ്ങളിൽ ചിലരെ അപേക്ഷിച്ചു ശ്രദ്ധാലുക്കളായേക്കാം."

നബിയുടെ പ്രസംഗം പലരെയും സംശയഗ്രസ്തരാക്കി. ആസന്നമരണനായ ഒരു വ്യക്തിയേപ്പോലെയാണ് അദ്ദേഹം സംസാരിച്ചത്. നമിറത്തിൽ തിങ്ങിക്കൂടിയ ജനലക്ഷങ്ങളുടെ കണ്ണുകൾ നനഞ്ഞു. ഈയവസരത്തിൽ ഖുർആനിൻെറ സമാപനവാക്യവും അവതീണ്ണമായ അറഫദിനത്തിൽ അവതരിച്ച പ്രസ്തുത വാക്യം കഥാപുരുഷൻ അനുയായികൾക്ക് ഓതി കേൾപ്പിച്ചു: "ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതത്തെ പരിപൂണ്ണമാക്കുകയും എൻെറ അനുഗ്രഹത്തെ പൂത്തീകരിക്കുകയും ഇസ്ലാമിനെ മതമായി തൃപ്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'' ഈ ദിനത്തിൽ ഇസ്ലാം പരിപൂണ്ണത പ്രാപിച്ചിട്ടുണ്ടെന്നും ഇനി അതിൽ കൂട്ടിച്ചേർക്കുകയോ ഭേദഗതി ചെയ്യുകയോ വേണ്ടതില്ലെന്നു മാണ് മേൽവാക്യം സ്പഷ്ടമാക്കുന്നത്.

## നബിയുടെ നിര്യാണം

ഹജ്ജ് കഴിഞ്ഞ് മദീനയിൽ തിരിച്ചെത്തിയ കഥാപുരുഷൻ റോമക്കാരുമായി യുദ്ധം ചെയ്യാൻ ഒരു സൈന്യത്തെ ശേഖരിച്ചു. നബിയുടെ ഭൃതനും ഉസാമത്തുബ്നുബിൻ സൈദിൻെറ

പിതാവുമായ സൈദുബ്നുഹാരിസത്തിനെ അവർ അകാരണമായി വധിച്ചിരുന്നു. അതാണ് ഈ യുദ്ധസന്നാഹത്തിന്നിടയാക്കിയത്. സൈന്യനായകനായി പതിനെട്ടുകാരനായ ഉസാമത്തുബ്നുസൈദിനെ നബി അധികാരപ്പെടുത്തി. അവർ പുറപ്പെടാൻ ഒരുങ്ങി നില്ക്കുകയായിരുന്നു. അപ്പോഴാണ് നബി ജ്വരബാധിതനായത്. അതിനാൽ യാത്ര നിർത്തിവെക്കേണ്ടി വന്നു. നബിയുടെ മരണാനന്തരം അബൂബക്കറിന്റെ ഭരണകാലത്താണ് പിന്നീട് ആ സൈന്യം ലക്ഷ്യത്തിലേക്ക് നീങ്ങിയത്.

ഹിജ്റ പതിനൊന്നാം കൊല്ലം സഫർ അന്ത്യവാരത്തിലാണ് നബി കിടപ്പിലായത്. ഓരോ ദിവസവും ഊഴമനുസരിച്ചു ഓരോ ഭാര്യമാരുടെ കൂടെ താമസിക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ പതിവ്. ഒരിക്കലും. ഊഴം തെററിച്ചിരുന്നില്ല. രോഗബാധിതനായപ്പോൾ അതിനു കഴിയാതെയായി അതിനാൽ മററു ഭാര്യമാരുടെ പരിപൂർണ്ണ സമ്മതത്തോടെ നബി ആയിശയുടെ വീട്ടിൽ സ്ഥിരതാമസമാക്കി.

രോഗം ദൈനദിനം കലശലായതേയുള്ളു. നമസ്കാരത്തിന്നു പള്ളിയിൽ പോകാൻപോലും അസാദ്ധ്യമായി. ചുരുങ്ങിയത് ദിവസത്തിൽ അഞ്ചുനേരമെങ്കിലും അദ്ദേഹം പള്ളിയിൽ എത്താറുണ്ട്. അദ്ദേഹം തന്നെയാണ് നമസ്കാരത്തിന്നു ഇമാമത്ത് നിന്നിരുന്നത്. പക്ഷെ രോഗം കലശലായതിനെത്തുടർന്നു നബി അബൂബക്കർ സിദ്ധീഖിനെ തനിക്കു പകരം ഇമാമത്ത് നില്ക്കാൻ ചുമതലപ്പെടുത്തി. ഏതാനും നാളുകൾ കടന്നുപോയി. നബിയുടെ അസാന്നിദ്ധ്യം അനുയായികളെ വ്യാകുലചിത്തരാക്കി. അദ്ദേഹത്തെ സദാ കണ്ടുകൊണ്ടിരിക്കുന്ന അവർക്ക് തുടർച്ചയായി കുറച്ചുദിവസങ്ങൾ കാണാതിരിക്കുമ്പോൾ ഹൃദയാസ്വാസ്ഥ്യമുണ്ടാവുക സ്വാഭാവികമാണല്ലോ. വിവരം

നബി അറിഞ്ഞു. അദ്ദേഹത്തിൻെറ സ്ഥിതിക്ക് അപ്പോഴും മാററമുണ്ടായിരുന്നില്ല.

എങ്കിലും അനുചരന്മാരെ സമാധാനിപ്പിക്കാൻ അദ്ദേഹം പള്ളിയിലേക്കു പോയി. രണ്ടു പേരുടെ ചുമലിൽ താങ്ങിപ്പിടിച്ചാണ് നടന്നത്. പള്ളിയിൽ ജനാവലി തടിച്ചുകൂടിയിട്ടുണ്ട്. നബിയുടെ സ്ഥിതിയിൽ ഉല്ക്കണ്ഠാകുലരായി നില്ക്കുകയാണവർ. കഥാപുരുഷൻ പള്ളിയിൽ കടന്നു. പ്രസംഗമണ്ഡപത്തിൻെറ താഴെ പടിയിൽ ഉപവിഷ്ടനായി. തത്സമയം രോഗകാഠിന്യത്താൽ അദ്ദേഹം കിതക്കുന്നുണ്ടായിരുന്നു. നബിയുടെ ആരോഗ്യസ്ഥിതി മുസ്ലിംകളെ ആശങ്കാകുലരാക്കി. അവരുടെ വേവലാതിയും അമിതമായ ദുഃഖവും മനസ്സിലാക്കിയ അദ്ദേഹം ഇരുന്നുകൊണ്ടു ഒരു പ്രസംഗം ചെയ്തു. "ജനങ്ങളെ, നിങ്ങളുടെ പ്രവാചകൻെറ മരണത്തെക്കുറിച്ചു നിങ്ങാം വ്യസനിക്കുകയും ഭയപ്പെടുകയും ചെയ്യുന്നുണ്ടെന്നു ഞാനറിഞ്ഞു. എന്തിന്നു് നിങ്ങാം വ്യസനിക്കണം? എനിക്കു മുമ്പ് എത്ര പ്രവാചകന്മാരുണ്ടായിട്ടുണ്ടു്? ഏതെങ്കിലും ഒരു പ്രവാചകൻ അദ്ദേഹത്തിൻെറ സമുദായത്തിൽ ശാശ്വതമായി ജീവിച്ചിട്ടുണ്ടോ? ഞാനിതാ എൻെറ നാഥൻെറ അടുത്തേക്കു പോവുകയാണ്. ഇന്നല്ലെങ്കിൽ നാളെ നിങ്ങളുടേയും ഗതി ഇതുതന്നെ. അതിൽ വ്യസനിച്ചിട്ടു കാര്യമില്ല. അൻസാരികളുമായി നിങ്ങാം നല്ല നിലക്കു വർത്തിക്കണം. പരസ്പരം സ്നേഹിച്ചും സഹകരിച്ചും ജീവിക്കണം. അതാണ് ഈ അവസരത്തിൽ എനിക്കു നിങ്ങളോടു് ഉപദേശിക്കാനുള്ളത്.

മുസ്ലിംകളുടെ നയനങ്ങാം അശ്രുപൂർണ്ണങ്ങളായി. ഗദ്ഗദങ്ങളും തേങ്ങലുകളുമുയൎന്നു. പ്രസംഗമണ്ഡപത്തിൽനിന്നെഴുന്നേററ സലാം ചൊല്ലിക്കൊണ്ടു് നബി രോഗശയ്യയിലേക്കുതന്നെ പോയി. പതിമൂന്നു ദിവസമാണ് രോഗം നീണ്ടുനിന്നത്. അതി

നിടക്ക് അദ്ദേഹം തലയിൽ വെള്ളമൊഴിച്ചു നോക്കി. ഉഷ്ണപ്പനിക്ക് അറബികൾ സാധാരണ ചെയ്യാറുള്ളതാണത്. പക്ഷെ കഥാപുരുഷൻെറ ആരോഗ്യസ്ഥിതിക്ക് മാററമുണ്ടായില്ല. രോഗം അനുദിനം മൂച്ഛിച്ചുകൊണ്ടിരുന്നു. ഒടുവിൽ റബീഉൽ അവ്വൽ 13നു തിങ്കളാഴ്ച ആ ലോകാനുഗ്രഹി അന്ത്യശ്വാസം വലിച്ചു. അന്നു ക്രിസ്താബ്ദം 633 ജൂൺ 8-ാംനു-യായിരുന്നു. 63 വയസ്സ് പൂർത്തിയായപ്പോഴാണ് നബി ഇഹലോകവാസം വെടിഞ്ഞതത്.

മരണവാർത്തയറിഞ്ഞു സഹാബികൾ പൊട്ടിക്കരഞ്ഞു. തങ്ങളുടെ പ്രിയപ്പെട്ട നേതാവ് വിട്ടുപിരിയുന്നത് അവക്ക് ഓർത്തുകൂടാ. വിരഹദുഃഖം പലരെയും പരിഭ്രാന്തരാക്കി. സ്വയബുദ്ധിപോലും നഷ്ടപ്പെട്ടു. അദ്ദേഹം മരിക്കുകയില്ലെന്നുവരെ ഉമറിനെപ്പോലെയുള്ള ചിലർ പറഞ്ഞുപോയി. ദുഃഖത്തിൻെറയും മാനസിക വിഭ്രാന്തിയുടെയും ആഴമാണ് ഇത് കാണിക്കുന്നത്. ഈ ഘട്ടത്തിൽ അബൂബക്കറാണ് അവരെ പറഞ്ഞു സമാധാനിപ്പിച്ചത്. അദ്ദേഹം പ്രസ്താവിച്ചു. നിങ്ങൾ മുഹമ്മദിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ അദ്ദേഹം മരിച്ചുകഴിഞ്ഞു. അഥവാ അല്ലാഹുവിനെയാണെങ്കിൽ അവനിപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഒരു കാലത്തും അവൻ മരിക്കില്ല" അനന്തരം അദ്ദേഹം ഏതാനും ഖുർആൻ വാക്യങ്ങൾ ഉദ്ധരിച്ച് അവരെ സമാശ്വസിപ്പിച്ചു.

ആയിശയുടെ വീട്ടിൽവെച്ചാണ് നബി മൃതിയടഞ്ഞത്. അവിടെത്തന്നെ അദ്ദേഹത്തെ സംസ്കരിക്കുകയും ചെയ്തു. പള്ളിയോട് തൊട്ടാണ് ആയിശയുടെ വീട് സ്ഥിതിചെയ്യുന്നത്. ജൂതന്മാരും കൃസ്ത്യാനികളും ചെയ്യുന്നപോലെ തൻെറ ഖബർ ആരാധനാസ്ഥലമാക്കി മാററരുതെന്ന് തിരുമേനി മുസ്ലിംകളോട് ഉപദേശിച്ചിട്ടുണ്ട്.

# പത്നിമാരും സന്തതികളും

നബി ഒട്ടാകെ പതിനൊന്നു് വിവാഹം കഴിച്ചു. മരിക്കുമ്പോൾ ഒമ്പതു ഭാര്യമാർ ജീവിച്ചിരിപ്പുണ്ടായിരുന്നു. ഖദീജയെയാണ് അദ്ദേഹം ഒന്നാമതായി വിവാഹം ചെയ്തത്. അവർ ജീവിച്ചിരിക്കുമ്പോൾ വേറെ വിവാഹം കഴിച്ചിട്ടില്ല. നബി കല്യാണം കഴിച്ച ഏക കന്യക ആയിശയാണ്. മററുള്ളവരെല്ലാം വിധവകളായിരുന്നു. ഒരാൾക്ക് ഒരേസമയം നാലിലധികം ഭാര്യമാരെ വെച്ചുകൊണ്ടിരിക്കാൻ ഇസ്ലാം അനുവദിക്കുന്നില്ല അതുതന്നെ ചില പ്രത്യേക പരിതസ്ഥിതികളും നിബന്ധനകളും ഒത്തിണങ്ങിയാൽ മാത്രം. അല്ലാത്തപക്ഷം ഒരു ഭാര്യയേ ഉണ്ടാകാവൂ. ചില പ്രത്യേക കാരണങ്ങളും ചുററുപാടുകളു മൂലം അല്ലാഹുവിൻെറ നിർദ്ദേശപ്രകാരമാണ് നബി അധികം ഭാര്യമാരെ വെച്ചുകൊണ്ടിരുന്നത്. മററുള്ളവർക്ക് ഇത് ബാധകമല്ല. താഴെ പറയുന്നവരാണ് അദ്ദേഹത്തിൻെറ പത്നിമാർ.

1)ഖദീജ (2) ആയിശ (3)സൌദ (4) സൈനബ് (5) ഹിന്ദ് (ഉമ്മുസലമ) (6) ഹഫ്സ (7) റംല: (ഉമ്മുഹബീബ) (8) ജുവൈരിയ്യ (9) സഫിയ്യ (10) മൈമൂന (11) സൈനബ് ബിൻത് ഖുസൈമ, മാരിയത്തുൽഖിബ്തിയ്യ, റൈഹാന, ജമീല എന്നിങ്ങിനെ മൂന്നു അടിമസ്ത്രീകളും നബിക്കുണ്ടായിരുന്നു. ഭാര്യമാരിൽ ഖദീജ, സൈനബ് ബിൻത് ഖുസൈമ എന്നിവർ നബിയുടെ ജീവിതകാലത്തുതന്നെ മരണപ്പെട്ടിട്ടുണ്ട്.

കഥാപുരുഷന്ന് ഏഴുമക്കളാണുണ്ടായിരുന്നത്. മൂന്നാണും നാലു പെണ്ണും. ആൺകുട്ടികൾ ചെറുപ്പത്തിലേ മരിച്ചുപോയി. ഖാസിം, അബ്ദുല്ല, ഇബ്രാഹീം എന്നിവരായിരുന്നു ആൺമക്കൾ. പെൺമക്കൾ സൈനബ്, ഫാത്തിമ ഉമ്മുകുൽസൂം,

രുഖിയ്യ എന്നിവരാണ്. ഇതിൽ ഇബ്രാഹീം ഒഴിച്ച് മററുള്ള വരെല്ലാം ഖദീജ (റ) ക്കുണ്ടായവരത്രെ. മാരിയ്യ എന്ന പരിചാരികയാണ് ഇബ്രാഹീമിൻെറ മാതാവ്. നബി പ്രബോധന പ്രവൎത്തനമാരംഭിച്ച കാലത്ത് 4 പെൺമക്കളും ജീവിച്ചിരിപ്പുണ്ടായിരുന്നു. എല്ലാവരും ഇസ്ലാംമതം സ്വീകരിച്ചു. പക്ഷെ നബി മരിക്കുന്ന കാലത്ത് ഫാത്തിമ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. മററുള്ളവർ അതിനു മുമ്പു തന്നെ മരണപ്പെട്ടു.

സൽസ്വഭാവത്തിൻെറ ഉത്തമോദാഹരണമാണ് നബി. എല്ലാം നല്ല ഗുണങ്ങളും അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. കഥാപുരുഷൻെറ സ്വഭാവത്തെക്കുറിച്ച ഒരിക്കൽ ചിലർ ആയിശയോട് അന്വേഷിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ സ്വഭാവം ഖുർആനായിരുന്നുവെന്നാണ് അവർ സമാധാനം പറഞ്ഞത്. ഇതിൽനിന്നു എല്ലാം വ്യക്തമായി. ഖുർആനിൽ പരാമൎശിച്ച സൽഗുണങ്ങൾ അദ്ദേഹം കൈക്കൊള്ളുകയും ദുർഗ്ഗുണങ്ങൾ പരിത്യജിക്കുകയും ചെയ്തിരുന്നു. അതാണ് അല്ലാഹു തന്നെ അദ്ദേഹത്തെ പ്രശംസിക്കാൻ കാരണം. "നിങ്ങൾ മഹത്തായ സ്വഭാവമുള്ള ആളാണ്." ഖുർആൻ പറയുന്നു. നബിയുടെ സ്വഭാവ വൈശിഷ്ട്യത്തിന്നു ഇതിലും വലിയ തെളിവൊന്നുമില്ലല്ലോ.

ബദ്ധവൈരികൾക്കുപോലും അദ്ദേഹത്തിൻെറ സ്വഭാവത്തെക്കുറിച്ചോ പെരുമാററത്തെക്കുറിച്ചോ തീരെ ആക്ഷേപമുണ്ടായിരുന്നില്ല. പുഴുക്കുത്തില്ലാത്ത അദ്ദേഹത്തിൻെറ പെരുമാററമാണ് ഇസ്ലാമിൻെറ ക്രമാതീതമായ വളൎച്ചക്കു സഹായിച്ചത്. കഠിനശത്രുക്കളോടുപോലും നബി സ്നേഹപൂൎവ്വം വൎത്തിച്ചു. അദ്ദേഹത്തിൻെറ ആർദ്രചിത്തത പ്രശംസനീയമായിരുന്നു. അതു കൊണ്ടു് ജനങ്ങൾ അദ്ദേഹവുമായി കൂടുതൽ അടുത്തു ഈ സംഗതി ഖുർആൻ 3 : 159ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ദുസ്സ്വഭാവങ്ങൾ ഭൂമുഖത്ത് നഗ്നതാണ്ഡവം നടത്തുന്ന സന്ദർഭത്തിലാണ് കഥാപുരുഷൻ നിയോഗിക്കപ്പെട്ടത്. ലോകത്ത് പൊതുവിലും അറേബ്യയിൽ പ്രത്യേകിച്ചും മൂടുറച്ചുകഴിഞ്ഞ ദുർഗ്ഗുണങ്ങൾ നിർമ്മാർജ്ജനംചെയ്തു. തൽസ്ഥാനത്ത് സൽസ്വഭാവവും സൽഗ്ഗുണങ്ങളും പ്രതിഷ്ഠിക്കുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ ഉത്തരവാദം. സൽസ്വഭാവങ്ങൾ പൂർത്തീകരിക്കാനാണ് താൻ നിയമിതനായതെന്നു നബിതന്നെ പ്രസ്താവിച്ചിട്ടുണ്ട്. തൻെറ ഉത്തരവാദം അദ്ദേഹം ശരിക്കും നിറവേററി ദുസ്സ്വഭാവത്തെ അവിടുന്നു എതിർത്തു സൽസ്വഭാവത്തെ ഉപദേശിച്ചു. അതു സ്വജീവിതത്തിൽ പകർത്തി മാനവസമുദായത്തിന്നു മാതൃക കാണിച്ചുകൊടുത്തു നബിയുടെ ചില മാതൃകാസ്വഭാവങ്ങൾ ഇവിടെ വിവരിക്കാം.

## സത്യസന്ധത

പ്രവാചകന്മാർക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഒരു വിശേഷണമാണിത്. അവർ എല്ലാ കാര്യത്തിലും വിശ്വസ്തരും സത്യസന്ധരുമായിരിക്കണം. നമ്മുടെ നബി ശൈശവത്തിൽതന്നെ വിശ്വസ്തനും സത്യവാനുമായിട്ടാണ് വളന്നത്. തമാശയായിട്ടുപോലും അദ്ദേഹം കളവു പറഞ്ഞിരുന്നില്ല. എല്ലാവക്കും ആ്കാര്യത്തിൽ അദ്ദേഹത്തെ ബോദ്ധ്യമായിരുന്നു. നബി എന്തു പറഞ്ഞാലും മക്കാനിവാസികൾ കണ്ണടച്ചു വിശ്വസിക്കും. മുഹമ്മദ് സത്യമേ പറയൂ എന്നു് അവക്ക് വിശ്വാസമുള്ളതുകൊണ്ടു്: അങ്ങിനെ അൽഅമീൻ (വിശ്വസ്തൻ) എന്നു് അവരദ്ദേഹത്തെ വിളിച്ചുവന്നു. പ്രബോധനമാരംഭിച്ചപ്പോൾ ഖുറൈശികൾ നബിയെ വിശ്വസിച്ചില്ല. അദ്ദേഹം പറയുന്നത് കളവാണെന്ന ധാരണകൊണ്ടല്ല; ദുരാചാരങ്ങളോടുള്ള അതിർ കവിഞ്ഞ പ്രതിപത്തിയും അഹംഭാവവുമായിരുന്നു അവരെ അതിന്നു് പ്രേരിപ്പിച്ചത്.

അബൂജഹൽ തിരുമേനിയുടെ ആജന്മശത്രുവായിരുന്നു. ഒരിക്കൽ അയാളോട് ഒരുത്തൻ അന്വേഷിച്ചു. "അബുൽ ഹക്കം! (അബൂജഹലിന്റെ അപര നാമമാണത്) ഇവിടെ നാം മാത്രമേയുള്ളൂ. എന്തു പറഞ്ഞാലും മൂന്നാമതൊരാൾ കേൾക്കുമെന്ന് ഭയപ്പെടാനില്ല. അതുകൊണ്ട് താങ്കൾ യഥാർത്ഥം തുറന്നു പറയണം. മുഹമ്മദ് സത്യം പറയുന്നവനോ കള്ളം പറയുന്നവനോ?"

"മുഹമ്മദ് സത്യസന്ധനാണ് തീർച്ചതന്നെ. അവൻ ഒരൊററ കളവെങ്കിലും പറഞ്ഞതായി ഞങ്ങൾക്ക് അനുഭവമില്ല." അബൂജഹൽ തുറന്നു പറഞ്ഞു.

നബിയുടെ പരിഷ്കരണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന കാലത്ത് നടന്ന സംഭവമാണിത്. പക്ഷെ, അബൂജഹൽ വിശ്വസിച്ചില്ല. ആ അഹംഭാവി ബദർ യുദ്ധത്തിൽ അവിശ്വാസിയായിത്തന്നെ മരണപ്പെട്ടു.

"മുഹമ്മദിനെക്കുറിച്ച് നിങ്ങളെന്തു പറയുന്നു? പ്രബോധനത്തിനു മുമ്പ് അദ്ദേഹം കളവു പറഞ്ഞിരുന്നുവോ?" റോം രാജാവായ ഹിർഖൽ ഒരിക്കൽ അബൂസുഫ്‌യാനോട് ചോദിച്ചു. അബൂസുഫ്‌യാൻ അന്ന് വിശ്വസിച്ചിരുന്നില്ല. "ഇല്ല അവൻ കളവു പറയുമെന്നു ഞങ്ങൾക്കഭിപ്രായമില്ല." അബൂസുഫ്‌യാൻ തെളിവു നൽകി. മറെറാരുദാഹരണവും കൂടി കാണുക. നബിയെ അവിശ്വസിക്കുകയും മൃഗീയമായി മർദ്ദിക്കുകയും ചെയ്തുകൊണ്ടിരുന്ന ഖുറൈശികളോട് നളറുബിൻ ഹാരിസ് പറഞ്ഞു. "മുഹമ്മദ് നിങ്ങളുടെ ഇടയിൽ കിടന്നാണ് വളർന്നത്. സത്യസന്ധതയിലും വിശ്വസ്തതയിലും അവൻ നിങ്ങളുടെ മുൻപന്തിയിലായിരുന്നു. എന്നിട്ടു മതപ്രബോധനം തുടങ്ങിയപ്പോൾ അവൻ ആഭിചാരകനാണെന്നു നിങ്ങൾ വിധിയെഴുതുന്നു! അല്ല സത്യമായും അവൻ ആഭിചാര

കനല്ല.'' ഒരവിശ്വാസിയുടെ വായിൽക്കൂടി പുറത്തുവന്ന വാചകങ്ങളാണിത്. മുകളിൽ വിവരിച്ച മൂന്നു സംഭവങ്ങളും നബിയുടെ സത്യസന്ധതക്കു തെളിവാണ്. ശത്രുക്കൾക്കുപോലും അക്കാര്യത്തിൽ സംശയമുണ്ടായിരുന്നില്ലെന്നു സ്പഷ്ടമായല്ലോ?

## വിനയം

തികഞ്ഞ വിനീതനായിരുന്നു കഥാപുരുഷൻ. അഹംഭാവത്തിൻെറ നേരിയ ഒരംശംപോലും അദ്ദേഹത്തിലുണ്ടായിരുന്നില്ല. തനിക്കു ജനമദ്ധ്യത്തിൽ ഒരു പ്രത്യേകസ്ഥാനം ലഭിക്കണമെന്ന മോഹവുമുണ്ടായിരുന്നില്ല. പരമദരിദ്രന്മാരെപ്പോലും ചെന്നു കാണും. അഗതികളുടെ കൂട്ടത്തിലായിരിക്കും. അവരുടെ സ്ഥിതിഗതികൾ അന്വേഷിച്ചറിയും. ഇതിലൊന്നും നബിക്ക് തീരെ മടിയുണ്ടായിരുന്നില്ല. അനുയായികളോടൊപ്പംതന്നെയാണ് അദ്ദേഹം ഇരിക്കാറ്. നേതാവാണെന്നുവെച്ച തനിക്കു പ്രത്യേക സ്ഥാനം ലഭിക്കണമെന്നു അദ്ദേഹം അഭിലഷിച്ചിരുന്നില്ല. സദസ്സിലേക്കു കടന്നു ചെല്ലുമ്പോൾ ഒഴിവുള്ളേടത്തു ഇരിക്കും. തന്നെ ആദരിക്കാൻ എഴുന്നേററു നില്ക്കുന്നതു നബിക്ക് ഇഷ്ടമല്ല. അനുയായികളിൽനിന്നു വേർതിരിഞ്ഞു നില്ക്കാൻ അവിടുന്നു തൃപ്തിപ്പെട്ടിരുന്നില്ലെന്നാണ് ഇത് കാണിക്കുന്നത്. നബി കടന്നുവന്നപ്പോൾ ഒരു ദിവസം അനുചരന്മാർ എഴുന്നേററുനിന്നു. അതുകണ്ട് അദ്ദേഹം പ്രസ്താവിച്ചു. "പരസ്പരം ബഹുമാനിക്കാൻവേണ്ടി അനറബികൾ എഴുന്നേററു നില്ക്കാറുണ്ട്. ആ സമ്പ്രദായം നിങ്ങളവലംബിക്കരുത്. ദൈവത്തിൻെറ ഒരു ദാസനാണ് ഞാൻ. സാധാരണക്കാരനെപ്പോലെ ഞാനും തിന്നുന്നു അവനിരിക്കുംപോലെ ഞാനും ഇരിക്കുന്നു." നബിയുടെ വിനയസ്വഭാവത്തെയാണ് ഈ പ്രസ്താവന വെളിപ്പെടുത്തുന്നത്.

അവനവൻെറ ആവശ്യം അവനവൻതന്നെ നിവ്വഹിക്കുക യെന്നത് അന്തസ്സ് കുറഞ്ഞ പണിയായിട്ടാണ് ആധുനിക മനുഷ്യൻ കാണുന്നത്. അന്തസ്സിൻെറ പേരിൽ അവൻ അല സനും മടിയനുമായിത്തീരുന്നു. നബിയുടെ സ്വഭാവം അതാ യിരുന്നില്ല. വീട്ടുകാര്യങ്ങൾ അദ്ദേഹംതന്നെ ചെയ്യും. ജോലി ചെയ്യുന്നതിൽ അദ്ദേഹത്തിന്ന് തെല്ലും മടിയുണ്ടായിരുന്നില്ല. വീട്ടിലേക്കാവശ്യമായ സാധനങ്ങൾ അദ്ദേഹംതന്നെ കൊണ്ടു പോകാറായിരുന്നു പതിവ്. ഒരു സാധനം ചുമക്കാൻ അ തിൻെറ ഉടമസ്ഥനാണ് ഏററവും നല്ലത് എന്ന് നബി പറയും.

ഒരിക്കൽ ഒരു സന്ദർശകൻ നബിയുടെ അടുക്കലെത്തി. അദ്ദേഹത്തിൻെറ മുഖത്ത് നിഴലിച്ചുകണ്ട ഗാംഭീര്യം ആ സന്ദ ർശകനെ അമ്പരപ്പിച്ചു. അയാൾക്ക് ഭയമുണ്ടെന്നു നബിക്ക് മനസ്സിലായി. തന്മൂലം അദ്ദേഹം പറഞ്ഞു. "ഞാനൊരു രാജാവല്ല. പിന്നെ നിങ്ങളെന്തിന്നു ഭയപ്പെടണം? ഒരു ഖുറൈശി വനിതയുടെ മകൻ മാത്രമാണ് ഞാൻ. മററുള്ളവ രെപ്പോലെ അവരും ഉണങ്ങിയ മാംസം ഭക്ഷിച്ചിരുന്നു.'' ഒരു സാധാരണ സ്ത്രീയുടെ മകനായിപ്പിറന്ന തന്നെ രാജാക്കന്മാ രെപ്പോലെ ഭയപ്പെടേണ്ടതില്ലെന്നത്ഥം.

വിനീതനാണെങ്കിലും നബിയുടെ മുഖത്ത് ഗാംഭീര്യത നിഴലിച്ചിരുന്നു. സദസ്സിലാവുമ്പോൾ പ്രത്യേകിച്ച ആവശ്യ ത്തിന്നേ സംസാരിക്കയുള്ളു. അനാവശ്യമായി ഒററവാക്കും പറ യില്ല. പറയുന്നത് അതഹിക്കുന്ന ഗൌരവത്തിലുമായിരിക്കും. ആരെങ്കിലും സഭ്യേതരമായി വല്ലതും സംസാരിക്കുന്നുണ്ടെങ്കിൽ നബി ഇടപെടും. അദ്ദേഹം പൊട്ടിച്ചിരിക്കാറുണ്ടായിരുന്നില്ല. സംസാരത്തെപ്പോലെ അതിന്നുമുണ്ടായിരുന്നു അടക്കവും ഒതു ക്കവും നിയന്ത്രണവും.

# ഔദാര്യ മനസ്ഥിതി

പരോപകാര തല്പരനും ഉദാരനുമായിരുന്നു കഥാപുരുഷൻ. സ്വന്തം താല്പര്യങ്ങളെക്കാളുപരി മററുള്ളവരുടെ താല്പര്യങ്ങൾക്കാണ് അദ്ദേഹം പ്രാധാന്യം കൽപിച്ചിരുന്നത്. കയ്യിലുള്ളതെന്തും ധർമ്മം ചെയ്യുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ സ്വഭാവം ആരെയും വെറും കയ്യോടെ മടക്കി അയക്കില്ല. അഗതികൾക്ക് താങ്ങും തണലുമായിരുന്നു ആ മഹാൻ. പട്ടിണി കിടന്നും മററുള്ളവരുടെ വിശപ്പടക്കും. സമ്പാദിക്കണമെന്ന മോഹം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അതിവിപുലമായ ഒരു രാഷ്ട്രത്തിൻെറ ഭരണാധിപൻകൂടിയായിരുന്നുവല്ലൊ നബി. പൊതു ഖജാന അദ്ദേഹത്തിൻെറ അധീനത്തിലായിരുന്നു. പക്ഷെ പരമ ദരിദ്രനായിട്ടാണ് ആ മനുഷ്യസ്നേഹി മരിച്ചത്. പൊതുമുതലിൽനിന്നെടുത്ത് അദ്ദേഹം സ്വന്തം കീശ വീപ്പിച്ചില്ല. പ്രത്യുത തൻെറ സ്വന്തം സ്വത്തെടുത്തു പ്രജകൾക്ക് ധമ്മംചെയ്തു. ആധുനിക ഭരണാധികാരികൾ ഈ മാതൃക അവലംബിച്ചെങ്കിലേ നാട്ട് നന്നാവുകയുള്ളു. സ്വകുടുംബത്തിന്നു ആഹാരം കൊടുക്കാൻ വഴിയില്ലാതെ കഷ്ടപ്പെട്ടപ്പോൾ അദ്ദേഹം തൻെറ പടയങ്കി പണയംവെച്ചു കുറച്ചു ഗോതമ്പ്മാവ് വാങ്ങി. മരിക്കുന്ന അവസരത്തിൽ ഒരു ജൂതൻെറ വശം അത് പണയസ്വത്തായി കിടക്കുകയായിരുന്നു. ഒരു ഭരണാധിപൻെറ സ്ഥിതിയാണിതെന്നോക്കണം.

നബി സഹിച്ച ജീവിതക്ലേശങ്ങൾ എണ്ണിയാലൊടുങ്ങുകയില്ല. അദ്ദേഹം പലപ്പോഴും വിശന്നു വലയുകയുണ്ടായി. തുടച്ചയായി രണ്ടും മൂന്നും ദിവസം ഭക്ഷണം ലഭിക്കായ്കയാൽ ഒട്ടിയ വയററത്തു് കല്ലു് വെച്ചു കെട്ടി അദ്ദേഹം നടന്നിട്ടുണ്ടു്. വളരെ ലളിതവും അനാഭാടവുമായിരുന്നു അദ്ദേഹത്തിൻെറ ജീവിതം. നിവന്നു നില്ക്കാൻ കഴിയുമാററ് കുറച്ചെന്തെങ്കിലും

ഭക്ഷിക്കും. വിഭവസമൃദ്ധമായ ആഹാരം കഴിച്ചിരുന്നില്ലെന്നു തന്നെ പറയാം. വസ്ത്രധാരണത്തിന്റെ സ്ഥിതിയും ഇതിൽ നിന്നു വ്യത്യസ്ഥമല്ല. പരുപരുക്കൻ വസ്ത്രങ്ങളാണ് ആ നേതാവ് അണിഞ്ഞിരുന്നത്. തന്റെ ജീവിതം ഇങ്ങനെയൊക്കെയാണെങ്കിലും മററുള്ളവരെ സഹായിക്കാൻ അദ്ദേഹം മറന്നിരുന്നില്ല. ഒരു ദിവസം 90000 ദിർഹം നബിയുടെ മുമ്പിൽ കൊണ്ടുവരപ്പെട്ടു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അതു മുഴുവൻ മററുള്ളവരുടെ കൈകളിലെത്തി. ഒരൊററ ദിർഹമും ബാക്കിയാക്കാതെ അദ്ദേഹം ജനങ്ങൾക്ക് വീതിച്ച് കൊടുത്തു. ആവശ്യപ്പെട്ട ആരേയും അദ്ദേഹം അവഗണിച്ചില്ല.

## സഹവാസം

വീട്ടുകാർ, പരിചാരകന്മാർ, കൂട്ടുകാർ, എന്നിവരോടൊപ്പം സ്നേഹനിർഭരമായിട്ടാണ് നബി വർത്തിച്ചത്. വളരെ ദുർല്ലഭമായിട്ടേ അദ്ദേഹത്തിന്നു ദേഷ്യം പിടിക്കാറുള്ളൂ. അതു തന്നെ അക്ഷന്തവ്യമായ വല്ല തകരാറുകളും കണ്ടാൽ മാത്രം. ഓരോരുത്തർക്കും അർഹമായ അവകാശം അദ്ദേഹം നല്കി. മററൊരുത്തന്റെ അവകാശം തടഞ്ഞുവെച്ച സംഭവം അദ്ദേഹത്തിന്റെ ബൃഹത്തായ ചരിത്രത്തിലില്ല. നീതിയുടെ മാർഗ്ഗത്തിൽനിന്നു അദ്ദേഹം വ്യതിചലിച്ച സന്ദർഭവുമില്ല.

ഭൃത്യന്മാരെപ്പോലും നബി ശകാരിക്കുകയൊ പ്രഹരിക്കുകയോ ചെയ്തിട്ടില്ലെന്നതാണ് പരമാർത്ഥം. അനസ്(റ)ന്റെ പ്രസ്താവന അതിന്നു തെളിവാണ്. അദ്ദേഹം പറഞ്ഞു: "ഞാൻ പത്തു കൊല്ലം നബിക്ക് ദാസ്യവേല ചെയ്തു. അക്കാലത്തിന്നിടക്ക് "ഛെ" എന്നു പോലും തിരുമേനി പറഞ്ഞിട്ടില്ല. ഞാൻ എന്തെങ്കിലും ചെയ്താൽ നീയെന്തിന്നു അതു ചെയ്തുവെന്നോ ചെയ്തില്ലെങ്കിൽ എന്തുകൊണ്ടു് ചെയ്തില്ല എന്നോ അവിടുന്നു ചോദിച്ചിട്ടില്ല."

ഭൃത്യന്മാരോട് ഇങ്ങിനെ പെരുമാറുമ്പോൾ വീട്ടുകാരോടുള്ള പെരുമാററരീതി എത്രെക്കുറെ നമുക്കു ഊഹിക്കാൻ കഴിയും. ആയിശ (റ) പറയുന്നത് നോക്കുക: ''നബി വീട്ടിലെത്തിയാൽ ആർദ്ര ചിത്തനായി കാണപ്പെടും. എപ്പോഴും മന്ദഹാസം പൊഴിച്ചു കൊണ്ടിരിക്കും.''

സഹചരന്മാരോടുള്ള പെരുമാററവും ഇതേപോലെത്തന്നെയായിരുന്നു. മററുള്ളവർക്ക് തന്നേക്കാൾ ബഹുമതിയും മഹത്വവുമുണ്ടെന്ന ധാരണയോടുകൂടിയാണ് അദ്ദേഹം വർത്തിച്ചിരുന്നത്. താഴെ കാണിക്കുന്ന സംഭവം അതിന്നു മതിയായ തെളിവാണ്. ഒരു യാത്രാമദ്ധ്യെ നബിക്കും അനുയായികൾക്കും കലശലായ വിശപ്പ് അനുഭവപ്പെട്ടു. അതിനാൽ ഒരാടിനെ അറുത്തു വേവിക്കാൻ തിരുമേനി സഹഗാമികളോട് നിർദ്ദേശിച്ചു. അതു നടപ്പിൽ വരുത്താൻ അവർ അഹമഹമികയാ താല്പര്യം കാണിച്ചു. ''ദൈവദൂതരേ! ഞാൻ ആടിനെ അറുത്തുകൊള്ളാം''. ഒരാൾ പറഞ്ഞു ''ഞാൻ തോലുരിച്ചു വൃത്തിയാക്കാം''. മറെറാരാൾ സന്നദ്ധത പ്രകടിപ്പിച്ചു. വേവിക്കുന്ന പണി ഞാനെടുത്തുകൊള്ളാമെന്നു മൂന്നാമതൊരാളും ഏററു, ''അങ്ങിനെയാണെങ്കിൽ ഞാൻ വിറക് ശേഖരിക്കാം'' തൻെറ പങ്ക് നിർവ്വഹിക്കാൻ നബി തയ്യാറായി തങ്ങളുടെ പ്രിയപ്പെട്ട നേതാവ് വിറക് പെറുക്കുന്നത് അവർക്ക് ഇഷ്ടമല്ല. ''തിരുമേനി അവിടുന്നു ജോലി ചെയ്യേണ്ട. ഞങ്ങൾ തന്നെ എല്ലാം നടത്തിക്കൊള്ളാം'' അവർ അറിയിച്ചു. അതിന്നു അദ്ദേഹം നല്കിയ മറുപടി ഇതായിരുന്നു. ''ഈ പണിക്ക് നിങ്ങൾതന്നെ അധികമാണെന്നു എനിക്കറിയാം. പക്ഷെ നിങ്ങളിൽനിന്നു വിഭിന്നമായ ഒരു നില കൈക്കൊള്ളുന്നത് എനിക്ക് തൃപ്തിയില്ല. അനുയായികളിൽനിന്ന് വ്യത്യസ്തനായിരിക്കുന്നവരോട് അല്ലാഹുവിന്നു വെറുപ്പാണ്.'' അങ്ങിനെ ആ ലോകാനുഗ്രഹി നടന്നു വിറക് പെറുക്കിക്കൊണ്ടിരുന്നു.

അബിസീനിയയിലെ നജ്ജാശി രാജാവ് ഒരിക്കൽ ഒരു ദൌത്യസംഘത്തെ നബിയുടെ സന്നിധിയിലേക്കയച്ചു. അദ്ദേഹം അവരെ സമുചിതമായി സ്വീകരിച്ചു വേണ്ട സൌകര്യങ്ങളെല്ലാം ചെയ്തുകൊടുത്തു. തൻെറ അതിഥികളെ പരിചരിച്ചുകൊണ്ടിരുന്നത് നബി തന്നെയാണ്. ഈ കാഴ്ച സഹാബികൾക്ക് അസഹനീയമായിത്തോന്നി. “ദൈവദൂതരേ, അവിടുന്നു പരിചരണവൃത്തി ചെയ്യേണ്ട. എല്ലാം ഞങ്ങൾ നിർവ്വഹിച്ചുകൊള്ളാം.'' അവർ അറിയിച്ചു. “ശത്രുമർദ്ദനം സഹിക്കവയ്യാതെ നാടു വിട്ട നമ്മുടെ സുഹൃത്തുക്കളെ ഇവർ ആദരിക്കുകയുണ്ടായി. അതിന്നു് ഇവരോടു് നന്ദി കാണിക്കേണ്ടത് എൻെറ കടമയാണ്.” നബി പ്രത്യുത്തരം നല്കി.

## ഭരണനയം

അതി വിദഗ്ദ്ധനായ ഒരു ഭരണതന്ത്രജ്ഞനായിരുന്നു കഥാപുരുഷൻ. അദ്ദേഹത്തിൻെറ നയ ചാതുര്യമാണ് ഇസ്ലാമിക ഭരണകൂടത്തിൻെറ ക്രമപ്രവൃദ്ധമായ വളർച്ചക്കും കെട്ടുറപ്പിന്നും കാരണം. നീതിമാനായ അദ്ദേഹം എന്തു കാര്യവും കൂലങ്കഷമായി ചിന്തിച്ച ശേഷമേ ചെയ്തിരുന്നുള്ളു. മുസ്ലിം ബഹുജനങ്ങളുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിയാണ് നബി കാംക്ഷിച്ചിരുന്നത്. ആരെയും അദ്ദേഹം അന്യായമായി ഉപദ്രവിച്ചിരുന്നില്ല. കുററം ചെയ്തുവെന്ന് വ്യക്തമായി തെളിഞ്ഞാൽ മാത്രമേ ശിക്ഷിക്കുകയുള്ളു.

നബിയുടെ മഹാമനസ്കത സർവ്വാദരണീയമാണ്. പലർക്കും അദ്ദേഹം മാപ്പു് കൊടുത്തിട്ടുണ്ടു്. കഅബുബിൻ സുഹൈറിൻെറ കഥ ഉദാഹരണമായി നമുക്കെടുക്കാം. അയാൾക്ക് ബുജൈർ എന്നു പേരായ ഒരു സഹോദരനുണ്ടായിരുന്നു. അദ്ദേഹം ഇസ്ലാംമതം വിശ്വസിച്ചു് നബിയുടെ അനുയായി

യായി. വിവരം കഅബ് അറിഞ്ഞു: ഉടനെത്തന്നെ അയാൾ ബുജൈറിന്ന് ഒരു കത്തെഴുതി. ഇസ്ലാംമതം കൈക്കൊണ്ടതിനെ അപലപിച്ചുകൊണ്ട് തനിക്ക് ലഭിച്ച കത്തിലെ വിവരം ബുജൈർ നബിയോട് വെളിപ്പെടുത്തി. അതിനെത്തുടർന്നു കഅബിനെ കണ്ടേടത്തു വെച്ചു കൊല്ലണമെന്നു തിരുമേനി വിളംബരംചെയ്തു. ഈ വിവരം ബുജൈർ സഹോദരനെ അറിയിച്ചു. "നബി നിന്നെ വധിക്കാൻ ഉത്തരവിട്ടിട്ടുണ്ട്. ജീവനിൽ കൊതിയുണ്ടെങ്കിൽ വേഗം അദ്ദേഹത്തിന്റെ സന്നിധിയിൽ ചെന്ന് മാപ്പിരക്കണം അദ്ദേഹം വിട്ടുവീഴ്ച ചെയ്യാതിരിക്കില്ല." ബുജൈർ അയച്ച കത്തിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു.

കത്തു വായിച്ച സംഗതി അറിഞ്ഞപ്പോൾ കഅബിന്നു പേടിയായി. അയാൾ ചില ഗോത്രക്കാരെ സമീപിച്ചു തന്നെ രക്ഷിക്കണമെന്നാവശ്യപ്പെട്ടുനോക്കി. ഫലമുണ്ടായില്ല. കുററവാളിയായ ആ മനുഷ്യനെ സഹായിക്കാൻ ആരും ധൈര്യപ്പെട്ടില്ല. ഭയവിഹ്വലനായ കഅബ് ഒടുവിൽ മദീനയിൽ ചെന്നു അലി(റ)യുമായി സംസാരിച്ചു. അദ്ദേഹം കഅബിന്നു പോംവഴി നിർദ്ദേശിച്ചുകൊടുത്തു. തത്സമയം നബി മദീനത്തെ പള്ളിയിലുണ്ടായിരുന്നു. അലി (റ) കഅബിന്നു അദ്ദേഹത്തെ കാണിച്ചുകൊടുത്തു. "നിങ്ങൾ അദ്ദേഹവുമായി നേരിട്ടു സംസാരിക്കണം. മഹാമനസ്കനായ അദ്ദേഹം നിങ്ങളുടെ സങ്കടം കേൾക്കാതിരിക്കില്ല." അലി പറഞ്ഞു.

വരുന്നതു വരട്ടെ എന്നുവെച്ചു കഅബ് നബിയുടെ അടുത്തു ചെന്നു. താനാരാണെന്നു വ്യക്തമാക്കാതെ അയാൾ നബിയുടെ മുമ്പിൽ ചെന്നിരുന്നു സംസാരിച്ചു. "കഅബിന്നു മനഃപരിവർത്തനമുണ്ടായിട്ടുണ്ട്. അയാൾ നിങ്ങളുടെ മാപ്പിന്നു ഇര

KOTTAYAM PUBLIC LIBRARY KOTTAYAM

കുകയാണ്. ഞാൻ അയാളെ ഇവിടെ കൊണ്ടുവന്നാൽ അങ്ങു മാപ്പു കൊടുക്കുമോ? കഅബ് തിരക്കി.

"തീച്ച്യയായും" നബി മറുപടി നൽകി.

"ദൈവദൂതരേ, ഞാൻതന്നെയാണ് കഅബ്" മാപ്പു ലഭിക്കുമെന്നുറപ്പായപ്പോൾ അയാൾ വെളിപ്പെടുത്തി. ഈയവസരത്തിൽ ഒരൻസാരി ചാടിയെണീററ് പറഞ്ഞു. "തിരുമേനീ, എനിക്ക് അനുവാദം തരൂ. ദൈവത്തിൻെറ ബദ്ധ വൈരിയായ ഇവൻെറ തല ഞാൻ വേർപെടുത്തട്ടെ." അക്ഷോഭ്യനും ശാന്തനുമായ നബി ആ സഹാബിയെ സമാധാനിപ്പിച്ചു. "വേണ്ട. ഇദ്ദേഹം പരിവത്തനവിധേയവും നിഷ്കളങ്കവുമായ ഹൃദയത്തോടുകൂടിയാണ് ഇവിടെ വന്നിട്ടുള്ളത്".

തുടന്ന്, കഅബ് നബിയുടെ വിശാലമനസ്കതയെയും വിട്ടുവിഴ്ച മനസ്ഥിതിയേയും പ്രകീത്തിച്ചുകൊണ്ട് ദീർഘമായി പാടി. സാഹിത്യം തുളുമ്പുന്ന ആ കവിത സദസ്യരെ കോരമയിർ കൊള്ളിച്ചു. നബി തൻെറ പുതപ്പ് കഅബിന്നു എറിഞ്ഞു കൊടുത്തുകൊണ്ട് മാപ്പ് നല്കിയതായി പ്രഖ്യാപിച്ചു. അറബി സാഹിത്യത്തിൽ "ബാനത്ത്സു് ആദ" എന്ന പേരിൽ വിഖ്യാതമായ കവിതയുടെ ഉൽഭവം ഇതാണ്.

ചിലപ്പോൾ നബി നേരംപോക്കുകളിൽ ഏർപ്പെടാറുണ്ട്. ഒരു ദിവസം അദ്ദേഹം അങ്ങാടിയിലൂടെ നടക്കുകയായിരുന്നു. സുഹൈർ അവിടെ നില്ക്കുന്നുണ്ട്. ഒരു കുഗ്രാമത്തിൽ വസിക്കുന്ന വിരൂപിയായ സുഹൈറിനോട് നബിക്ക് വലിയ ഇഷ്ടമാണ്. തിരുമേനിയുടെ ആഗമനം സുഹൈർ അറിഞ്ഞില്ല. നബി അയാളെ പിന്നിൽനിന്നു കെട്ടിപ്പിടിച്ചുകൊണ്ട് "ഈ അടിമയെ ആക്ക് വേണം?" എന്നു തമാശയായി ചോദിച്ചു തന്നെ കെട്ടിപ്പിടിച്ചത് ലോകാനുഗ്രഹിയായ മുഹമ്മദ് നബി

യാണെന്നറിഞ്ഞപ്പോൾ സുഹൈറിന്നു സന്തോഷമായി. "വില കുറഞ്ഞ ഈ അടിമയെ ആരെങ്കിലും വാങ്ങുമോ?" അയാൾ തിരിച്ചടിച്ചു. "പക്ഷെ നിങ്ങൾ അല്ലാഹുവിൻെറ അടുക്കൽ വിലയുള്ളവനാണ്". നബിയുടെ ഈ മറുപടി സുഹൈറിനെ ആഹ്ലാദഭരിതനാക്കി.

മറെറാരിക്കൽ രസകരമായ ഒരു സംഭവം നടന്നു. ഒരു കിഴവി നബിയെ സമീപിച്ചു ആവശ്യപ്പെട്ടു: "തിരുമേനി, എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാൻ അവിടുന്ന് അല്ലാഹുവിനോടു് പ്രാർത്ഥിക്കണം." ഉടനെതന്നെ നബി മറുപടി പറഞ്ഞു. "കിഴവികൾ സ്വർഗ്ഗത്തിൽ കടക്കുകയില്ല." ഇതു് ആ സ്ത്രീയെ വല്ലാതെ ദുഃഖിപ്പിച്ചു. കണ്ണീരൊലിപ്പിച്ചുകൊണ്ടു് അവർ തിരിഞ്ഞു നടന്നു. സഹാബികളാണ് അദ്ദേഹത്തിൻെറ പ്രസ്താവനയുടെ പൊരുൾ ആ കിഴവിക്ക് പറഞ്ഞുകൊടുത്തത്. "സ്വർഗ്ഗത്തിൽ കടക്കുമ്പോൾ എത്ര വയസ്സായവരേയും യുവത്വത്തിലേക്കു മടക്കും. ആ. അർത്ഥത്തിലാണ് കിഴവികൾ സ്വർഗ്ഗത്തിൽ കടക്കുകയില്ലെന്നു അവിടുന്നു പറഞ്ഞത്." വിശദീകരണം കേട്ടപ്പോൾ അവർക്ക് ആശ്വാസമായി.

## ധീരത

ധീരതയിലും കഥാപുരുഷൻ എല്ലാവരുടെയും മുമ്പന്തിയിലായിരുന്നു. ദുർഘടം പിടിച്ച പരിതസ്ഥിതികളെ അദ്ദേഹം അസാധാരണമായ ധൈര്യത്തോടും ദൃഢചിത്തതയോടും കൂടി നേരിട്ടു. ഭീരുത്വം അദ്ദേഹത്തിൽ തൊട്ടുതെറിപ്പിച്ചിരുന്നില്ല. യുദ്ധക്കളത്തിൽ നബി ഉറച്ചുനിന്ന് പോരാടും. കൂടെയുള്ളവർ ഓടി രക്ഷപ്പെട്ടാലും ആ ധീരയോദ്ധാവ് പിൻമാറിയിരുന്നില്ല. ഒന്നുകിൽ വിജയിക്കുക അല്ലാത്തപക്ഷം ധൈര്യസമേതം അടർക്കളത്തിൽ കിടന്നു രക്തസാക്ഷിയാവുക. മൂന്നാമ

തൊരു മാർഗ്ഗം അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. ശത്രുക്കളുടെ സംഖ്യാബലവും യുദ്ധസന്നാഹങ്ങളും മുസ്ലിംകളെ പലപ്പോഴും അമ്പരപ്പിച്ചിട്ടുണ്ട്. അപ്പോഴെല്ലാം നബിയാണ് മററാരേക്കാളും മുമ്പ് ശത്രുനിരയിലേക്ക കുതിക്കാർ. താൻ പങ്കെടുത്ത യുദ്ധങ്ങളിലെല്ലാം അദ്ദേഹം ഉറച്ചു നിന്നു പോരാടിയിട്ടുണ്ട്. തങ്ങളുടെ നേതാവിൻെറ അചഞ്ചലമായ നിലപാടും അനന്യദൃശ്യമായി ധൈര്യവുമാണ് അനുയായികാംക്ക് ആത്മവിശ്വാസവും ധൈര്യവും പകന്നുകൊടുത്തിരുന്നത്.

ഒരു ദിവസം രാത്രി ഒരു ഘോര ശബ്ദം മുഴങ്ങി. മദീന നിവാസികാം ഭയവിഹ്വലരായിത്തീന്നു. സംഗതിയറിയുവാൻ ചിലർ ശബ്ദം കേട്ട ദിക്കിലേക്ക് പുറപ്പെട്ടു. അപ്പോഠം അവിടെനിന്നു തിരിച്ചു വരുന്ന കഥാപുരുഷനെയാണ് അവർ കണ്ടത്. എല്ലാവരേക്കാളും മുമ്പിൽ അദ്ദേഹം വിവരമറിയാൻ കുതിരപ്പുറത്ത് പുറപ്പെട്ടിരുന്നു, പരിഭ്രാന്തചിത്തരായ ജനങ്ങളെ നബി സമാശ്വസിപ്പിച്ചു. ഭയപ്പെടത്തക്ക ഒന്നുമില്ല.” ഈ സംഭവം അദ്ദേഹത്തിൻെറ ധൈര്യത്തേയാണ് കുറിക്കുന്നത്.

## ക്ഷമയും ആദർശസ്ഥിരതയും

ഊഹ്യാതീതമായ യാതനകളാണ് നബിക്ക് അനുഭവിക്കേണ്ടിവന്നത്. ഇസ്ലാമിൻെറ അഭിവൃദ്ധിക്കും നിലനില്പിന്നും വേണ്ടി മാരകമായ പല മർദ്ദനങ്ങളും അദ്ദേഹം സഹിച്ചു. ക്ഷമമാത്രമായിരുന്നു അദ്ദേഹത്തിൻെറ ആയുധം. ശത്രുപക്ഷത്തുനിന്നു നിരന്തരം വന്നുകൊണ്ടിരുന്ന അക്രമങ്ങളെ നബി ക്ഷമാപൂർവ്വം തരണംചെയ്തു. അവിടുന്നു നിരാശപ്പെട്ടില്ല. പ്രത്യുത മർദ്ദനങ്ങാം ആ പ്രവാചകന്നു ഉണർവ്വും പ്രചോദനവും നൽകുകയത്രെ ചെയ്തത്.

നബിതെപ്പോലെ ആദശ്സ്ഥിരതയുള്ള ഒരു വ്യക്തിയെ കാണാൻ പ്രയാസമാണ്. ഐഹികതാല്പയ്യത്തിന്നുവേണ്ടി അദ്ദേഹം ഇസ്ലാമികാശയങ്ങളെ ബലികഴിച്ചില്ല. വിശ്വാസത്തിന്നാണ് അദ്ദേഹം സവ്വോപരി വിലകല്പിച്ചത്. കൊല്ലുമെന്നു ഭീഷണിപ്പെടുത്തിയപ്പോഴും പിതൃവ്യൻ അബൂതാലിബ് വാത്സല്യപൂവ്വം ഉപദേശിച്ചപ്പോഴും ആ മാതൃകാമനുഷ്യൻ ഇളകിയില്ല. "വലതുകയ്യിൽ സൂയ്യനേയും ഇടതുകയ്യിൽ ചന്ദ്രനേയും വെച്ചുതന്നാലും ഇസ്ലാമികാദശ്ങ്ങൾ ഉപേക്ഷിക്കാൻ മാത്രം എനിക്ക് സാദ്ധ്യമല്ലെ"ന്നു ഉച്ചൈസ്തരം ഉൽഘോഷിക്കുകയാണ് തിരുമേനി ചെയ്തത്.

## ജീവകാരുണ്യം

മൂകജീവികളോട് നബിക്കുണ്ടായിരുന്ന കാരുണ്യവും അനുകമ്പയും പ്രസിദ്ധമാണ്. ഒന്നുരണ്ട് ഉദാഹരണം കാണുക. ദാഹിച്ചു പരക്കംപായുന്ന ഒരു പൂച്ചയെ ഒരവസരത്തിൽ നബി കാണുമാനിടയായി. സഹതാപംപൂണ്ട അദ്ദേഹം വെള്ളപ്പാത്രം അതിന്നു കുടിക്കാൻ സൌകയ്യപ്പെടുത്തികൊടുത്തു. ഒരു ദിവസം തന്റെ ഭായ്യ ആയിശ ഒട്ടകപ്പുറത്ത് യാത്രചെയ്യുകയായിരുന്നു. സ്പീഡിയിൽ നടക്കാൻ ഒട്ടകത്തെ അവർ നിർബ്ബന്ധിക്കുന്നതു നബി കണ്ടു. അദ്ദേഹം പറഞ്ഞു. "ആയിശാ മൃഗങ്ങളോട് ദയാപൂവ്വം പെരുമാറണം."

## ശത്രുക്കളോടുള്ള പെരുമാററം

ഉഹ്ദ് യുദ്ധത്തിൽ ശത്രുക്കൾ നബിയെ ക്രൂരമായി മർദ്ദിച്ചു മുഖത്തും മറവും പരിക്ക് പററി. ഇതു കണ്ട് ശത്രുക്കളുടെ നാശത്തിന്നുവേണ്ടി പ്രാത്ഥിക്കാൻ സഹാബികൾ അദ്ദേഹത്തോട് അഭിപ്രായപ്പെട്ടു. നബി പറഞ്ഞതിങ്ങനെയാണ്.

"ശപിക്കാനല്ല എന്നെ അയച്ചത്. മതപ്രബോധകനാണ് ഞാൻ. അല്ലാഹുവെ, അജ്ഞരായ എൻെറ ജനതക്ക് നീ പൊറുത്തു കൊടുക്കേണമേ!"

ഖുറൈശികൾ നബിയെ മക്കയിലെ സ്വഗൃഹത്തിൽനിന്നു ആട്ടിയോടിച്ചു. യുദ്ധം ചെയ്തു. ഒടുവിൽ അവരുടെ നാടായ മക്ക നബിയുടെ അധീനത്തിലായി. ഖുറൈശികൾ അദ്ദേഹത്തിന്നു കീഴടങ്ങി. ഈ സന്ദർഭത്തിൽ പ്രതികാരം ചെയ്യുന്നതിന്നു പകരം അവക്ക് പൊതു മാപ്പ് നല്കുകയാണ് ആ മഹാൻ ചെയ്തത്. പകരം വീട്ടാൻ കിട്ടിയ നല്ലൊരവസരം അദ്ദേഹം ഉപയോഗപ്പെടുത്തിയില്ല.

ഇത്തരം ഉൽകൃഷ്ട സ്വഭാവങ്ങൾ നമ്മളും ജീവിതത്തിൽ പകർത്തണം. മുസ്ലിംകളെന്ന നിലക്ക് അതു നമ്മുടെ അനുപേക്ഷണീയമായ കടമയാണ്.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 297 Acc. No. 75908

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

M297 75908
Muh-R

മുഹമ്മദ് മാടനി
റസൂൽ കരിം(സ)

KOTTAYAM PUBLIC LIBRARY

Call No. 297 Acc. No. 75908

Author മുഹമ്മദ് മാടനി

Title റസൂൽ കരീം (സ)